No/775/2023/SRG/LSGD/CC(5)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി 26.09.2023-ന് നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടേറിയറ്റ് അനക്സ് ii – ലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ ഒന്ന് ആയി ഉൾപ്പെടുത്തുന്ന പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2, 3, 4 ആയി വരുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലെ തീരുമാനപ്രകാരം വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ട തുടർ നടപടി, പൊതുവിഷയങ്ങൾ, പ്രത്യേക വിഷയങ്ങൾ എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022, 21.10.2022, 19.12.2022, 08.03.2023, 25.04.2023, 15.06.2023, 22.06.2023, 03.07.2023 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022 ലെ യോഗതീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 ഖണ്ഡിക 4.31

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN/23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

മുൻവർഷങ്ങളിൽ 43 ഗ്രാമപഞ്ചായത്തുകൾക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. (ഓരോ ഗ്രാമപഞ്ചായത്തുകളുടെയും വിവരം 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ മിനിറ്റ്സിൽ ഉണ്ട്) ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട്ടു പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം മുതലായവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള വിവരങ്ങൾ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്തു ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവട ഗ്രാമപഞ്ചായത്തു ഒഴികെയുള്ള 42 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു.

വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ടു നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയിരുന്നു.

ഈ വിഷയം ചർച്ച ചെയ്യാൻ 24.11.2022 ന ജില്ലാ കളക്ടർ യോഗം വിളിച്ചിട്ടുണ്ടെന്ന് റൂറൽ ഡയറക്ടർ 22.11.2022 ലെ യോഗത്തിൽ അറിയിച്ചു. ഈ യോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തിയ പ്രകാരം റൂറൽ

ഡയറക്ടർ റിപ്പോർട്ട് നൽകി. ഇവിടെ വീട്ടു നിർമ്മിക്കാൻ കഴിയില്ലെന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയ തുക ഉപയോഗിച്ച് ഭൂമി നിരപ്പാക്കുന്ന ജോലിയാണ് നടന്നിട്ടുള്ളതെന്നും റൂറൽ ഡയറക്ടർ യോഗത്തിൽ പറഞ്ഞു. ഈ പദ്ധതി നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഈ പ്രോജക്ട് ഇനി തുടരാൻ സാധിക്കില്ലെന്നും റൂറൽ ഡയറക്ടർ അറിയിച്ചിരുന്നു.

റൂറൽ ഡയറക്ടർ ഇതു നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 14.02.2023 ലെ യോഗം നിർദ്ദേശിച്ചിരുന്നുവെങ്കിലും ജില്ലാ കളക്ടറുമായി ചേർന്ന് റൂറൽ ഡയറക്ടർ 06.05.2023 ന് സ്ഥലം സന്ദർശിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനു ശേഷം വിശദമായ റിപ്പോർട്ട് നൽകാമെന്നും 25.04.2023 ലെ യോഗത്തിൽ ഡയറക്ടർ അറിയിച്ചു. ഇതനുസരിച്ച് റൂറൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

**<u>26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകിയ റിപ്പോർട്ട്</u> –** 06.05.2023 ൽ റൂറൽ ഡയറക്ടർ പദ്ധതി പ്രദേശം നേരിട്ട് സന്ദർശിച്ചു. റൂറൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ബഹു. ദേവികുളം എം.എൽ.എ, ദേവികുളം സബ്കളക്ടർ, ഇടുക്കി ഡെപ്യൂട്ടി കളക്ടർ (LR), ഹാബിറ്റാറ്റ് ഗ്രൂപ്പ് ഓഫ് ടെക്നോളജീസ് ചെയർമാൻ, ദേവികുളം പട്ടികജാതി വികസന ഓഫീസർ, വട്ടവട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വട്ടവട ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. സി.മനോഹരൻ തുടങ്ങിയവരെ പങ്കെടുപ്പിച്ച് യോഗം ചേർന്നു.

വസ്തുവിന്റെ കൈവശരേഖകൾ ഹാജരാക്കുന്നതിന് വട്ടവട ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെങ്കിലും, ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടാൽ സ്ഥലം വിട്ടു നൽകുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഡെപ്യൂട്ടി കളക്ടർ (LR) യോഗത്തിൽ അറിയിച്ചു. പദ്ധതിയ്ക്കായി ഹാബിറ്റാറ്റിന് കൈമാറിയ 1 കോടി രൂപയിൽ 70.00 ലക്ഷം രൂപ ഭൂവികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം 30.00 ലക്ഷം രൂപ തിരിച്ചടച്ചിട്ടുള്ളതായും പൂർത്തീകരിച്ച ഭൂവികസന പ്രവർത്തനങ്ങളുടെ Quantitative Measurements പൂർത്തീകരിച്ചിട്ടില്ല എന്നും ഹാബിറ്റാറ്റ് അറിയിച്ചു. 108 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ ആകെ 113 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും അവരിൽ പലർക്കും ലൈഫ് ഭവന പദ്ധതിയിൽ തന്നെ വീട് ലഭിച്ചിട്ടുള്ളതിനാൽ നിലവിൽ 50 ൽ താഴെ ഗുണഭോക്താക്കൾ മാത്രമേ ഉണ്ടാവൂ എന്നും ഗ്രാമപഞ്ചായത്ത് തന്നെ അനുയോജ്യമായ മറ്റേതെങ്കിലും സ്ഥലത്ത് ഈ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താവുന്നതാണെന്നും ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധികൾ അറിയിച്ചു. നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരം യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെയാണ്.

താഴെ പറയുന്നവയാണ് യോഗത്തിലെ തീരുമാനങ്ങൾ

1) വട്ടവട 'മാതൃകാ ഗ്രാമം' പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്ത് അടിയന്തിരമായി തിട്ടപ്പെടുത്തണം.
2) നിലവിലെ പദ്ധതി പ്രദേശത്ത് നിർമ്മാണം സാധ്യമല്ലാത്തതിനാൽ തിട്ടപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഭവന നിർമ്മാണത്തിന് പഞ്ചായത്ത് പുതിയ സ്ഥലം കണ്ടെത്തണം.
3) പഞ്ചായത്ത് പുതുതായി കണ്ടെത്തുന്ന സ്ഥലത്ത് Unoccupied Land ന് വ്യക്തികൾക്ക് പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം
4) നിലവിലെ പദ്ധതി പ്രദേശത്ത് മറ്റ് നൂതന പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമോ എന്ന് ടൂറിസം വകുപ്പുമായി ആലോചിച്ച് പഞ്ചായത്ത് നടപടി സ്വീകരിക്കണം
5) നിലവിലെ പദ്ധതി പ്രദേശം മറ്റ് പദ്ധതികൾക്കായി ഏറ്റെടുക്കുന്ന പക്ഷം ഈ സ്ഥലം വിട്ടു നൽകുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം.

6) നിലവിലെ പദ്ധതി പ്രദേശം മറ്റ് പദ്ധതികൾക്കായി ഏറ്റെടുക്കുന്ന പക്ഷം നാളിതുവരെ ചെലവഴിച്ച തുക പുതിയ പദ്ധതിയുടെ ഭാഗമായി വകയിരുത്തി പുതുതായി ഏറ്റെടുക്കുന്ന പദ്ധതി ഹാബിറ്റാറ്റ് ഗ്രൂപ്പ് ഏറ്റെടുത്ത് പൂർത്തിയാക്കണം.

7) പുതുതായി വിഭാവനം ചെയ്യുന്ന ഭവന പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി അധിക തുക അനുവദിക്കുന്നതിനോ നിലവിൽ ശേഷിക്കുന്ന തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളുടെ എണ്ണം ക്രമീകരിക്കുന്നതിനോ പട്ടികജാതി വികസനവകുപ്പ് അനുമതി നൽകണം.

**തീരുമാനം :-**

1) ഭവന നിർമ്മാണത്തിനായി പട്ടികജാതി വികസനവകുപ്പിൽ നിന്ന് അനുവദിച്ച 3.24 കോടി രൂപ കാര്യക്ഷമമായി ഉപയോഗിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ്. ഇത് മോണിറ്റർ ചെയ്യാത്തത് പട്ടികജാതി വികസന വകുപ്പിന്റെ വീഴ്ചയാണെന്നും യോഗം വിലയിരുത്തി.

2) മുകളിൽ പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

3) ഹാബിറ്റാറ്റ് ഗ്രൂപ്പ് ഓഫ് ടെക്നോളജി ചെയ്ത 70.00 ലക്ഷം രൂപയും പ്രവൃത്തികൾ സംബന്ധിച്ച് സാധൂകരണം പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. ഹാബിറ്റാറ്റ് ഗ്രൂപ്പ് നടത്തിയ നിർമ്മാണ പ്രവൃത്തികൾ, ഇവിടെ വീട് നിർമ്മാണം സാധ്യമല്ലാത്തതിനാൽ മറ്റാവശ്യത്തിന് ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം. ഒപ്പം ഹാബിറ്റാറ്റ് ഗ്രൂപ്പ് ചെയ്ത പ്രവൃത്തികളുടെ **Quantitative Measurement** പൂർത്തിയാക്കി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറണം.

ഈ റിപ്പോർട്ടിന് അനുബന്ധമായി റൂറൽ ഡയറക്ടർ മുഖേന ഗ്രാമപഞ്ചായത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയം പ്രത്യേക വിഷയ വിഭാഗത്തിൽ ക്രമനമ്പർ 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.2 <u>21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.2 ഖണ്ഡിക 4.58</u>**

**<u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:-** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 188/23*** | ***അടങ്കൽ*** | ***10,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| ***പേര്*** | ***കോട്ടത്തറ GTSH HMC താൽക്കാലിക ജീവനക്കാർക്ക് വേതനം*** | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി, സൈക്ക്യാട്രി, സർജറി,

ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയ്ക്ക് മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ – 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II – 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ – 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ – 2 എണ്ണം

**21.10.2022 ലെ തീരുമാനം:-** മുകളിൽ പറഞ്ഞ പ്രകാരം ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നതും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. റിപ്പോർട്ട് ലഭിക്കാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറോട് 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും ആവശ്യപ്പെട്ടു. ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കുന്നതടക്കം ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായവും ഉണ്ടാകണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് മുകളിൽ പറഞ്ഞവരെ നിയമിക്കാൻ ധനസഹായം നൽകാൻ ബുദ്ധിമുട്ടാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 14.02.2023 ലെ യോഗത്തിൽ അറിയിച്ചു. ഇതനുസരിച്ച് ഇവരെ നിയമിക്കാൻ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് സാധിക്കുമോ എന്ന് അന്വേഷിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ 14.02.2023 ലെ യോഗം ചുമതലപ്പെടുത്തി. ഇതനുസരിച്ച് 25.04.2023–ലെ യോഗത്തിലേയ്ക്ക് റിപ്പോർട്ട് നൽകി.

**25.04.2023 ലെ യോഗത്തിന് നൽകിയ റിപ്പോർട്ട്** :- 14.02.2023 ലെ മീറ്റിംഗ് തീരുമാന പ്രകാരം NHM സ്റ്റേറ്റ് /ജില്ലാ ഓഫീസർമാരോട് ചർച്ച ചെയ്തു. ആദിവാസി മേഖലയിലുള്ള ആശുപത്രി എന്ന പ്രത്യേക പരിഗണനയിൽ 3 സ്റ്റാഫ് നേഴ്സുമാരെ പോസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനയുടെ സഹായത്തോടെ ഒരു ഡയാലിസിസ് ടെക്നീഷ്യനെ കൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ പ്രോജക്ട് വഴി അല്ലാതെയുള്ള ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് രണ്ടാം ഷിഫ്റ്റ് തുടങ്ങാൻ സാധിക്കുമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**25.04.2023 ലെ തീരുമാനം:-** ഈ ആശുപത്രിക്ക് ഹെൽത്ത് ഗ്രാന്റിൽ നിന്ന് ധനസഹായം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതോടൊപ്പം പ്രത്യേക പരിഗണനയോടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് നൽകാൻ കഴിയുന്ന ധനസഹായം /ഇടപെടൽ എന്താണെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പിനേയും ചുമതലപ്പെടുത്തി. കൂടാതെ ട്രൈബൽ പാരാമെഡിക്സിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, പട്ടികവർഗ്ഗവികസനവകുപ്പ്<br>2)ഡയറക്ടർ, ആരോഗ്യവകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**<u>2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.3 ഖണ്ഡിക 4.60</u>**

**<u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്തും നൂതന പ്രോജക്ടുകൾക്കുള്ള മലപ്പുറം ജില്ലാതല വിദഗ്ധസമിതിയുടെ 12.09.2022 ലെ യോഗ തീരുമാനവും</u> (SRG 1091/22 – CC/576/22).**

**വിഷയം:-** പുറത്തൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര ഡിജിറ്റൽ സർവ്വേ നടത്തുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 169/23* | *അടങ്കൽ* | *15,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | **പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ വിവരശേഖരണം** | |

ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതിന് നൂതന പദ്ധതി എന്ന നിലയിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇത് കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ നിരക്കിൽ നടത്താനാണുദ്ദേശിച്ചത്. കരകുളം ഗ്രാമീണ പഠനകേന്ദ്രം ഇത്തരം വിവരശേഖരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലെന്നും 04.10.2018 ലെ 2556/2018/LSGD നമ്പർ ഉത്തരവു പ്രകാരം റോഡ് സർവ്വേക്ക് ഒരു ചതുരശ്ര കിലോമീറ്ററിന് 7000 രൂപയാണ് അനുവദിച്ചിരിക്കുന്ന പരിധിയെന്നും ചൂണ്ടി കാണിച്ച് നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റി അനുമതി നിരസിച്ചു.

എന്നാൽ 12.12.2019 ലെ 2834/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ **GIS/GPS** സംവിധാനങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുടെ അക്രഡിറ്റഡ് ഏജൻസിയായി കരകുളം ഗ്രാമീണ പഠന കേന്ദ്രത്തെ അംഗീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് ഈ ഏജൻസി മുഖേന വിവരശേഖരണം നടത്താനും ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ വീതം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** ഇത് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും പരിശോധിച്ച് സംയുക്തമായി റിപ്പോർട്ട് നൽകണം. ഇത് സംബന്ധിച്ച റിപ്പോർട്ട് 14.02.2023-ലെ യോഗത്തിലേയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിരുന്നു.

**<u>14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകിയ റിപ്പോർട്ട്</u>:-** KSREC തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-Track Mobile Application- ന്റേയും സേവനം പ്രയോജനപ്പെടുത്തി വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ നടന്നു വരുന്ന റോഡ് കണക്ടിവിറ്റി മാപ്പിംഗ് ഈ ഗ്രാമപഞ്ചായത്തിൽ അന്തിമഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്.

**<u>14.02.2023 ലെ തീരുമാനം</u>** :- പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ സർവ്വേയിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് മാത്രമല്ല എന്ന് യോഗം വിലയിരുത്തി. ചീഫ് ടൗൺ പ്ലാനറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയെങ്കിലും റിപ്പോർട്ട് ലഭിച്ചില്ല. അടുത്ത യോഗത്തിനു മുമ്പ് നൽകാമെന്ന് 25.04.2023 ലെ യോഗത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ച പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 ൽ നൽകിയ റിപ്പോർട്ട്:-</u>** ഈ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ മുഴുവൻ ശേഖരിക്കുക, ഡിജിറ്റലൈസേഷൻ, ഡ്രോൺ, ജി.പി.എസ്, ഡി.ജി.പി.എസ് **(Differential GPS)** എന്നിവ ഉപയോഗിച്ച് ഭൂവിനിയോഗവിവര മാപ്പിംഗ്, ജലവിഭവ മാപ്പിംഗ്, റോഡുകളുടെയും തെരുവ് വിളക്കുകളുടെയും സർവ്വേ, വീടുകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും സാമൂഹിക സാമ്പത്തിക സർവ്വേ മുതലായ വിശദവിവരങ്ങൾ സമാഹരിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന നടപ്പിലാക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കരകുളം ഗ്രാമീണ പഠനകേന്ദ്രം ഇത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസൽ ഒരു ചതുരശ്ര കിലോമീറ്ററിന് 27000/- രൂപ അനുവദിക്കണമെന്ന് പരാമർശിച്ചിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു.

പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 19.15 **Sq.Km** ആണ്. കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ പ്രൊപ്പോസലിൽ ഈ പഞ്ചായത്തിന്റെ സമഗ്ര ഡിജിറ്റൽ സർവ്വേയ്ക്ക് ആകെ 16,83,691 /- രൂപ **(18% GST** ഉൾപ്പടെ**)** ചെലവ് വരും. ഇതിൽ LSG's Ward Boundary Map, Cadstral Map, Pond, River, Stream, road & Street light, LSG's Asset, Land use, Drone Mapping (optional), Building Survey, Socio-economic data, Software (portal uploading for one year) എന്നീ components ഉൾപ്പെടുന്നുണ്ട്. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ ആകെ തുക വെച്ച് കണക്കാക്കിയാൽ ഒരു ചതുരശ്ര കിലോമീറ്ററിന് 87,921/- രൂപയാണ് ചെലവ്. 01.04.2018 ലെ 2556/2018/LSGD ഉത്തരവു പ്രകാരം Sqkm- ന് 7000/- രൂപയെന്നത് ഡീറ്റെയിൽഡ് റോഡ് സർവ്വേയ്ക്ക് മാത്രമുള്ള തുകയാണ്. ഇതിൽ നിന്നും അധികമായി മേൽ വിവരിച്ച ഘടകങ്ങൾ ഉൾപ്പെടെ സമഗ്രമായതും ഹൈറെസല്യൂ ഷനോടെയുള്ള വിവരശേഖരണമാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മറ്റ് വകുപ്പുകൾക്ക് കൂടി പ്രയോജനപ്രദമാകുന്ന രീതിയിൽ (പ്രത്യേകിച്ച് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്) കൂടുതൽ attributes ആവശ്യാനുസരണം ഉൾപ്പെടുത്തിയും, Annual maintenance contract-ഉം quarterly updation / verification വ്യവസ്ഥയും ഉണ്ട്. കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ സർവറിൽ സൂക്ഷിക്കുന്ന ഈ ഡേറ്റാ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ അപ്ഡേഷന് സാധ്യമാകുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിനും ഐ.കെ.എം നും കൈമാറേണ്ടതാണെന്നുള്ള നിബന്ധനയോടെ ഈ പ്രോജക്ടിന് അനുമതി നൽകാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം :-** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തസ്വഭവ<br>2)ചീഫ് ടൗൺ പ്ലാനർ<br>3)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>4) തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്** |

**<u>2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.4 ഖണ്ഡിക 4.22</u>**

**<u>ലൈഫ് ഭവന പദ്ധതി</u>**

**ബഹു. ആലപ്പുഴ എം.എൽ.എ 06.12.2022 ൽ അവതരിപ്പിക്കുന്നതിന് അനുവദിച്ച സബ്മിഷൻ നം.2, ബഹു. ആലപ്പുഴ എം.എൽ.എ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി,**

**ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കത്തുകളുടെ അടിസ്ഥാനത്തിലുള്ള 03.02.2023 ലെ സർക്കാർ ഫയൽ (SRG 268/2023 – LSGD – DE3/221/2022/LSGD).**

**വിഷയം:-** പ്രളയത്തിൽ വീടുതകർന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

ബഹു തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി 03.02.2023 ൽ നോട്ട് ഫയലിൽ (ഖണ്ഡിക 28) ഉത്തരവായതനുസരിച്ച് പ്രളയത്തിൽ തകർന്ന വീടുകൾക്ക് **SDRF / CMDRF** ൽ നിന്നു ധനസഹായം ലഭിക്കുകയും പിന്നീട് വീട്ടു വാസയോഗ്യമല്ലാതായതിനാൽ ലൈഫ് / പി.എം.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ശേഖരിച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഉടനെ റിപ്പോർട്ട് നൽകാമെന്ന് 25.04.2023 ലെ യോഗത്തിൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| **ജില്ലയുടെ പേര്** | **പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് CMDRF/SDRF ൽ നിന്ന് ധനസഹായം ലഭിച്ചതും പിന്നീട് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ എണ്ണം (പ്രളയ ധനസഹായമായി ലഭിച്ച 10,000 രൂപ വീടിനുള്ള ധനസഹായമായി കണക്കാക്കേണ്ടതില്ല)** |
|---|---|
| തിരുവനന്തപുരം | |
| ↓ | |
| ↓ | |
| ↓ | |
| കാസർകോഡ് | |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**<u>2.4 ഖണ്ഡിക 4.62</u>**

**<u>ബളാൽ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2022 ലെ കത്തും ബളാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2022 ലെ** SC – 4893/21-ാം **നമ്പർ കത്തും (SRG 90/2023**– CC/**869**/2022)

**വിഷയം:-** കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 268/23*** | ***അടങ്കൽ*** | ***5,00,000/- രൂപ (സ.എഫ്.സി ബേസിക് ഗ്രാന്റ്)*** |
| ***പേര്*** | ***കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കം ചെയ്യലും അനുബന്ധ പ്രവർത്തനങ്ങളും*** | |

ബളാൽ ഗ്രാമപഞ്ചായത്തിൽ ഒരേക്കറോളം ഭൂമി ശ്മശാന നിർമ്മാണത്തിന് വിലയ്ക്കെടുത്തിട്ടുണ്ട്. ഈ സ്ഥലം ചെങ്കുത്തായ പ്രദേശമായതിനാൽ മണ്ണെടുത്ത് നിരപ്പാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കത്തു നൽകിയിട്ടുണ്ട്. 2649 M3 മണ്ണ് നീക്കം ചെയ്യണം. ഒരു ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ 1,05,960 രൂപ ജിയോളജി വിഭാഗത്തിന് അടയ്ക്കണമെന്ന് ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്. ജിയോളജി വകുപ്പിന് അടയ്ക്കേണ്ട തുക ഉൾപ്പെടെ ലേലം ചെയ്തിട്ട് ആരും ലേലത്തിൽ പങ്കെടുത്തില്ല. 16.04.2022 ലെ ക്വട്ടേഷനിൽ ഒരു ക്യൂബിക് മീറ്ററിന് 10 രൂപ നിരക്കിൽ രാഹുൽ മുല്ലശ്ശേരി എന്നയാൾ ഏറ്റെടുത്തുവെങ്കിലും ഇപ്പോൾ മുടങ്ങി.

അതിനാൽ തുക ഈടാക്കാതെ മണ്ണിന് ആവശ്യക്കാരുണ്ടെങ്കിൽ സൗജന്യമായി നൽകുന്നതിനോ ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി മണ്ണ് നീക്കം ചെയ്യുന്നതിനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>08.03.2023 ലെ തീരുമാനം</u> :-** ഇതു പരിശോധിച്ച റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകിയ റിപ്പോർട്ട്:</u>-** സി.എഫ്.സി ബേസിക് ഗ്രാന്റ് (5.00 ലക്ഷം രൂപ) ഉപയോഗിച്ച് നടപടിക്രമങ്ങൾ പാലിച്ച് ഈ പ്രോജക്ട് പൂർത്തിയാക്കി. അതിനാൽ ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇനി പരിഗണിക്കേണ്ടതില്ലെന്നു അറിയിച്ചു.

**<u>25.04.2023 ലെ തീരുമാനം:</u>-** പ്രോജക്ട നടപ്പാക്കിയപ്പോൾ മണ്ണുനീക്കം ചെയ്തു വിറ്റത് സൗജന്യമായാണോ, മണ്ണിനു ലഭിച്ച വിലയുടെ നിരക്കെത്രയാണ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023-ൽ നൽകിയ റിപ്പോർട്ട്</u>** :- ഈ പ്രോജക്ട് പൂർത്തിയാക്കിയെന്ന് അറിയിച്ചത് പിശകാണ്. പ്രോജക്ട രൂപീകരിച്ച് ടെണ്ടർ ചെയ്ത് കരാറുകാരനുമായി എഗ്രിമെന്റ് നടപടികൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 870 ക്യൂബിക് മീറ്റർ മണ്ണ് നീക്കംചെയ്യലും കട്ടിംഗ് വരുന്ന ഭാഗത്ത് DR Retaining Wall -ഉം ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ നീക്കം ചെയ്യുന്ന മണ്ണ് ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന സൈറ്റിൽ ഡിപ്പോസിറ്റ് ചെയ്ത് ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പ്രവൃത്തിയുൾപ്പടെയുള്ള പദ്ധതികൾക്കായി ഉപയോഗിക്കാനും ബാക്കി വരുന്ന മണ്ണ് ലേലം ചെയ്ത് നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പറയും പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

<u>2.4 ഖണ്ഡിക 4.63</u>

<u>വിളപ്പിൽ ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2022 ലെ കത്തും വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.10.2022 ലെ 3(2) നമ്പർ തീരുമാനവും (SRG 98/23 - CC/907/2022).**

**വിഷയം:-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

വിളപ്പിൽ ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നു വാങ്ങിയ വകയിൽ 11,63,676 രൂപ ബാധ്യതയുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ഈടാക്കുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടികളും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.09.2013 ലെ തീരുമാന പ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനു എത്ര രൂപ വകയിരുത്തണമെന്നോ ഏതു വിഹിതം വകയിരുത്തണമെന്നോ തീരുമാനിച്ചിരുന്നില്ല. ഇതിനായി 4,21,877 രൂപ വകയിരുത്തി

പ്രോജക്ട് തയ്യാറാക്കാൻ 07.09.2013 ൽ ഭരണസമിതി തീരുമാനിച്ചു. 05.09.2013, 07.09.2013 എന്നീ തീയതികളിൽ ഭരണസമിതി തീരുമാനമെടുക്കുന്നതിനു രണ്ടു മാസം മുമ്പ് പ്രോജക്ട് തയ്യാറാക്കാതെ ഉപകരണങ്ങൾ നൽകാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കത്ത് നൽകി. ഇതു നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് ഭരണസമിതി വിലയിരുത്തി. അതിനാൽ കേരള അഗ്രോ ഇൻഡസ്ട്രീസിനു നൽകാനുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അന്നത്തെ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കുന്നതടക്കമുള്ള നിയമനടപടികൾ അവസാനിപ്പിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**<u>08.03.2023 ലെ തീരുമാനം</u> :-** മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വീഴ്ചവരുത്തിയ സാഹചര്യത്തിൽ വിശദമായ പരിശോധന ആവശ്യമുള്ള വിഷയമാണ് എന്ന് യോഗം വിലയിരുത്തി. അതിനാൽ ഇതു കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതിനു പകരം റൂറൽ ഡയറക്ടർ പരിശോധിച്ച് വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിച്ചു. കോഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ആവശ്യമെങ്കിൽ പിന്നീടു റൂറൽ ഡയറക്ടർക്ക് റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാവുന്നതാണ് എന്നു നിർദ്ദേശിച്ചു. ഇതനുസരിച്ച് റൂറൽ ഡയറക്ടർ P3-6.23 - ലെ LSGD/1215/2023/DPLA1 നമ്പർ ആയി റിപ്പോർട്ട് നൽകി.

**<u>26.09.2023 ൽ നൽകിയ റിപ്പോർട്ട്</u>-** രണ്ടു ബില്ലുകളിലായി 7,46,018 രൂപയും പലിശയിനത്തിൽ 4,17,598 രൂപയും ചേർത്ത് ആകെ 11,63,616 രൂപയാണ് KAICO ക്ക് നൽകാനുള്ളത്. വിതരണം ചെയ്ത സാധനങ്ങളുടെ ബിൽതുക ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാനും പലിശയിനത്തിൽ നൽകാനുള്ള തുക പദ്ധതി രൂപീകരണത്തിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും ഈടാക്കി **KAICO** ക്ക് നൽകാനും നിർദ്ദേശം നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വിവരം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** റൂറൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം ബിൽ തുകയായ 7,46,018 രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകാനും പലിശയിനത്തിലുള്ള തുകയായ 4,17,598 രൂപ പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി **KAICO** യ്ക്ക് നൽകാനും നിർദ്ദേശിക്കുന്നു. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ മറ്റു നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**<u>2.4 ഖണ്ഡിക 4.84</u>**

**<u>പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ C-299/2018-ാം നമ്പർ കത്തും (SRG 165/2023- CC /481/22)**

**വിഷയം:-** നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനു പകരം പുതിയ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്

| പ്രോ.നം: 76/2018 | അടങ്കൽ | 16,00,000/- രൂപ (വികസനഫണ്ട് - ജനറൽ ) |
|---|---|---|
| പേര് | പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പരിപാടി | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല. അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>08.03.2023 ലെ തീരുമാനം</u>** :-2017 ൽ വാങ്ങിയ മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും ഉപയോഗിക്കാൻ കഴിയാത്തത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത് എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകിയെങ്കിലും റിപ്പോർട്ട് അപൂർണ്ണമായതിനാൽ പരിഗണിച്ചില്ല.

**<u>25.04.2023 ലെ തീരുമാനം</u>:-** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് നൽകാൻ ക്ലീൻകേരള കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. ക്ലീൻകേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത്, നിലവിലെ മെഷീനിന്റെ ടെക്നിക്കൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും പ്രവർത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ് |
|---|---|

**<u>2.4 ഖണ്ഡിക 4.98</u>**

**<u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.22, 22.02.2023 എന്നീ തീയതികളിലെ DPT C4-984/22-ാം നമ്പർ കത്തുകളും (SRG 214/23, CC/21/23)**

**വിഷയം:-** ചെലവഴിക്കാതെ കിടക്കുന്ന പാർപ്പിട പദ്ധതി പ്രകാരമുള്ള തുക ലൈഫ് ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| പ്രോ.നം: 1063/2023 | അടങ്കൽ | 69,00,000/- രൂപ (ചെലവഴിക്കാതെ ബാങ്കിൽ കിടക്കുന്ന തുക) |
|---|---|---|
| പേര് | ലൈഫ് ഭവനപദ്ധതി - സ്വാഭിമാൻ ഭവന പദ്ധതി ഫണ്ട് - ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്തു വിഹിതം | |

തൃശ്ശൂർ ജില്ലാ പഞ്ചായത്തും ഗവണ്മന്റേതിര ഏജൻസി ആയ കോസ്റ്റ് ഫോർഡും തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് 1999-2000 വർഷത്തിൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണ് സ്വാഭിമാൻ പാർപ്പിട പദ്ധതി. ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് കോസ്റ്റ് ഫോർഡ് മുഖേന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വായ്പ വിതരണം ചെയ്യുകയും ഗുണഭോക്താക്കൾ വായ്പ ഗഡുക്കളായി കോസ്റ്റ് ഫോർഡിൽ

അടയ്ക്കുകയും കോസ്റ്റ് ഫോർഡ് ഈ തുക ഹഡ്കോയിൽ തിരിച്ചടവാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 12,605 ഗുണഭോക്താക്കളിൽ നിന്ന് 3667 പേർക്ക് മാത്രമായി ഹഡ്കോ വായ്പ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ അവശേഷിച്ച ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വായ്പ നൽകുകയാണുണ്ടായത്. ഹഡ്കോയ്ക്ക് തിരികെ നൽകാനുണ്ടായ വായ്പാതുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചു. എന്നാൽ സർക്കാർ പിന്നീട് കോസ്റ്റ് ഫോർഡിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനാൽ ഗുണഭോക്താക്കൾ തുക ജില്ലാ പഞ്ചായത്തിലാണ് തിരിച്ചടച്ചത്. ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ഇൻഡ്യയിലെ **BOI 855610110008125** നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

26.11.2004-ലെ 319/4/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ തിരിച്ചടവാക്കിയ തുക അതത് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് മറ്റ തദ്ദേശഭരണസ്ഥാപനങ്ങൾ സ്വാഭിമാൻ പദ്ധതി പ്രകാരം തിരിച്ചടവാക്കിയ തുക ഉപയോഗിച്ച് 2022-23 വർഷത്തെ ലൈഫ് ഭവനപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

<u>**08.03.2023 ലെ തീരുമാനം :-**</u> സർക്കാരിന്റെ 26.11.2004 ലെ 319/04/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയെങ്കിലും 25.04.2023 ൽ റിപ്പോർട്ട് ലഭിച്ചില്ല. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.4 ഖണ്ഡിക 4.107**
**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**
**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2023-ലെ കത്ത് (SRG/192/23)**

**വിഷയം:-** പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ നടത്തുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ജില്ലാ പദ്ധതിയുടെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല എന്ന പദ്ധതി ഏറ്റെടുക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ശുചിത്വ സർവ്വേ നടത്തുന്നതിന് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുവാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജില്ലയിൽ നിലവിൽ 4 നഗരസഭകളിലും 12 ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിന്മേൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവ്വേ നടത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നഗരസഭകളിൽ മാത്രമേ വിശദമായ സർവ്വേ നടത്തിയിട്ടുള്ളു. സർക്കാർ ഉത്തരവ് പ്രകാരം സർവ്വേക്കായി നഗരസഭകളിൽ 25 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 15 രൂപയുമാണ് ഒരു വീടിന് പ്രതിഫലം അനുവദിച്ചിട്ടുള്ളത്. എന്നാൽ പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ സർവ്വേ

നടത്തേണ്ടതുണ്ട്. അതിനാൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് വിശദമായ സർവ്വേ നടത്തുന്നതിനും നഗരസഭയിലേതിനു തുല്യമായി 25 രൂപ വീതം സർവ്വേയ്ക്ക് പ്രതിഫലം നൽകുന്നതിനും നിലവിൽ പ്രാരംഭ സർവ്വേ നടത്തിയ 12 ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവേ വീണ്ടും നടത്തേണ്ടതിനാൽ ഇതിന് അധികമായ തുക വകയിരുത്തുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>08.03.2023 ലെ തീരുമാനം</u> :-** സർക്കാരിന്റെ 26.09.2022-ലെ 2341/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു പ്രകാരം ശുചിത്വമിഷൻ ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകി.

**<u>25.04.2023 ൽ നൽകിയ റിപ്പോർട്ട്</u>:-** 26.09.2022 ലെ 2341/22/തസ്വഭവ നമ്പർ ഉത്തരവിൽ പറയും പ്രകാരം നഗരസഭകൾക്ക് 25 രൂപയിൽ കുറയാത്ത നിരക്കും ഗ്രാമപഞ്ചായത്തുകളിൽ 15 രൂപയിൽ കുറയാത്ത നിരക്കും തുടരണമെന്നാണ് റിപ്പോർട്ട് നൽകിയിരിക്കുന്നത്.

**<u>25.04.2023 ലെ തീരുമാനം</u>:-** ഏതു രീതിയിലുള്ള സർവ്വേയാണ് നടത്തുന്നത്, എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്, മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവിൽ പറയുന്നതിനേക്കാൾ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ടോ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് വീണ്ടും ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

**<u>2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ന് കൂടിയ യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.5 ഖണ്ഡിക 3.5</u>**

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2022-23 വർഷത്തെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്യവേ താഴെ പറയുന്ന നിർദ്ദേശങ്ങൾ / തീരുമാനങ്ങൾ യോഗം എടുത്തു.

3.5(i) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺ റോഡ്) വിഹിതം നിശ്ചയിച്ചയിക്കുന്നതിന് ആറാം ധനകാര്യ കമ്മീഷൻ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് കണക്കുകൾ ശേഖരിച്ചിരുന്നു. ഈ വിവരങ്ങളിലെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിന് റോഡ് ആസ്തികൾ, നോൺ റോഡ് ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. 2023-ജനുവരി 20-നകം വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും വിവരങ്ങൾ ഇതുവരെ അന്തിമമാക്കിയിട്ടില്ല. പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി ഇതിനായി രൂപീകരിച്ച് ആവശ്യമായ സഹായം ചീഫ് എഞ്ചിനീയർക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ഈ വിഷയം ഏറ്റവും മുന്തിയ പരിഗണന നൽകി തദ്ദേശഭരണസ്ഥാപനങ്ങളുടെ റോഡ് ആസ്തികൾ, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഹിതം ഉപയോഗിക്കാൻ അർഹതയുള്ള ഘടകസ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ അന്തിമമാക്കി അടിയന്തിരമായി നൽകാനുള്ള നടപടി സ്വീകരിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകി.

**<u>26.09.2023ൽ നൽകിയ റിപ്പോർട്ട്</u>:-** ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നിർദ്ദേശവും സമയക്രമവും സർക്കുലറിലൂടെ നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്

ജില്ലകളിൽ സെപ്റ്റംബർ 30-നകവും മറ്റ ജില്ലകളിൽ ഒക്ടോബർ 31-നകവും പൂർത്തിയാക്കാവുന്ന രീതിയിലുള്ള സമയക്രമമാണ് നൽകിയിട്ടുള്ളതെന്ന് അറിയിച്ചു.

**തീരുമാനം :-** സർക്കുലറിലൂടെ സമയക്രമം നിശ്ചയിച്ചു നൽകുന്നതോടൊപ്പം ആസ്തി രജിസ്റ്റർ അന്തിമമാക്കുന്നതിന്റെ പുരോഗതി വിലയിരുത്തി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തി ഒക്ടോബർ 31-നകം അന്തിമ റിപ്പോർട്ട് സർക്കാരിനു നൽകാൻ ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ , തസ്വഭവ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

2.5 ഖണ്ഡിക 3.5 (ii) കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 4.35) 2022-23 ൽ പദ്ധതി ചെലവിൽ കുറവു വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ യോഗം തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01.06.2023 ൽ പ്രത്യേകമായി കൂടി. ഈ യോഗത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകുകയും നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ കൈവരിച്ച പദ്ധതി ചെലവ് ശതമാനത്തേക്കാൾ കുറവാണ് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നേരിട്ട നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം. ഉദാഹരണത്തിന് എസ്.സി.പി പദ്ധതിയുടെ ആകെ ചെലവ് 83.48 ശതമാനവും റ്റി.എസ്.പി പദ്ധതിയുടെ ആകെ ചെലവ് 85 ശതമാനവുമാണ്. എന്നാൽ പട്ടികജാതി വികസനവകുപ്പിലെ ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉദ്യോഗസ്ഥരും നേരിട്ട നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പദ്ധതി ചെലവ് യഥാക്രമം 79.63 ശതമാനവും 71.90 ശതമാനവുമാണ്. ഇതു പട്ടികജാതി വികസനവകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണം എന്ന് 25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകിയെങ്കിലും ഇത് പൂർണ്ണമല്ല എന്നു യോഗം വിലയിരുത്തി. ഈ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയ പ്രകാരമുള്ള റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ<br>2)പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ<br>3) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്** |

2.5 ഖണ്ഡിക 3.5(iii) ഇടുക്കി ജില്ലാ പഞ്ചായത്ത് എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ വളരെ കുറവ് ചെലവാണ് വരുത്തിയിരിക്കുന്നത്. യഥാക്രമം 45 ശതമാനവും 57 ശതമാനവും ആണ്. ഇത് പ്രത്യേകം പരിശോധിക്കണം. കാസർകോട് ജില്ലാ പഞ്ചായത്തിൽ എസ്.സി.പിയുടെ പദ്ധതി ചെലവ് 46.42 ശതമാനം മാത്രമാണ്. ഇതും റൂറൽ ഡയറക്ടർ പ്രത്യേകം പരിശോധിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെ അപേക്ഷിച്ച് എസ്.സി.പിയിൽ ജില്ലാ പഞ്ചായത്തിന്റെ ചെലവ് കുറവാണ്. ഇത് പട്ടികജാതി വികസന ഡയറക്ടർ പരിശോധിക്കണം. ഇതു സംബന്ധിച്ച് റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ<br>2)പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ<br>3) റൂറൽ ഡയറക്ടർ, തസ്വഭവ<br>4)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.5. ഖണ്ഡിക 4.1**

**കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ** 01.03.2013**ലെ കത്തും കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022-ലെ** II(4)-ാം **നമ്പർ തീരുമാനവും (SRG 423/23** CC -484/2022)

**വിഷയം:-** കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20-ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. തനത് ഫണ്ട് ഉൾപ്പെടുത്തി 35,20,000 രൂപയുടെ പ്രോജക്ടാണ് ഏറ്റെടുത്തിരുന്നത് (പ്രോ.നം. 335/20). ഇത് ടെണ്ടർ ചെയ്ത് **Issac and Son ventures Pvt.Ltd. Ernakulam** എന്ന കമ്പനിയെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. ഈ റോഡിന്റെ രൂപരേഖ കിഫ്ബി തിരുത്തി അംഗീകരിക്കുന്നതു വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് നിർത്തിവയ്ക്കണമെന്ന് 12.03.2020-ന് പി.ഡബ്ല്യു.ഡി അറിയിച്ചു. പിന്നീട് 27.11.2020-നാണ് പ്രവർത്തനം തുടരാൻ അനുമതി ലഭിച്ചത്. തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിച്ചു. ഈ വർക്കിന്റെ പാർട്ട് ബിൽ ആയി 15,17,000 രൂപ നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ റോഡ് **PWD**യിൽ നിന്ന് കിഫ്ബി ഏറ്റെടുത്തതിനുശേഷം റോഡിന്റെ അലൈമെന്റിൽ മാറ്റം വരുത്തുകയും അധികമായി എർത്ത് കട്ടിംഗ് വരുകയും ചെയ്തു. എർത്ത് കട്ടിംഗ് നടത്തിയപ്പോൾ പുതുതായി സ്ഥാപിച്ച പൈപ്പ് ലൈൻ തകർന്നുപോയി. കരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനിന്റെ ബാക്കി ബിൽ തുക നൽകുന്നതിന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം :**

ഇതു സംബന്ധിച്ച് കരാറുകാരൻ **WP(C)34523/2022**-ാം നമ്പർ ആയി ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുള്ള കാര്യവും തുടർന്ന് ബഹു.ഹൈക്കോടതി 09.03.2023 ൽ കേസ് തീർപ്പാക്കിയതും കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചതിനു ശേഷം രണ്ടാഴ്ചയ്ക്കകം ഇതിന്മേൽ ഗ്രാമപഞ്ചായത്തിനു കോഓർഡിനേഷൻ കമ്മിറ്റി സ്പഷ്ടീകരണം നൽകണമെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ സ്പഷ്ടീകരണം ലഭിച്ചു രണ്ടാഴ്ചയ്ക്കകം ഹർജ്ജിക്കാരന് അർഹതപ്പെട്ട തുക നൽകണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം വരെ സമയം ഇല്ലാത്തതിനാൽ ഇതു പരിശോധിച്ച് ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഗ്രാമപഞ്ചായത്തിന് സ്പഷ്ടീകരണം/നിർദ്ദേശം നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തി.

ഈ പ്രവൃത്തി ചെയ്ത കോൺട്രാക്ടർ അടക്കമുള്ളവരുമായി വിഷയം ചർച്ച ചെയ്തെന്നും ഇതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ കുറച്ചു സാവകാശം കൂടി നൽകണമെന്നും തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ 15.06.2023 ലെ യോഗത്തിൽ ആവശ്യപ്പെട്ടു.

**15.06.2023 ലെ തീരുമാനം** :- ഇത്രയും കാലംതാമസം വരുത്തിയത് കോടതിയലക്ഷ്യ നടപടിക്ക് കാരണമാകും എന്നതിനാൽ അഞ്ചു ദിവസത്തിനകം ഗ്രാമപഞ്ചായത്തിനു സ്പഷ്ടീകരണം നൽകണമെന്ന് ചീഫ് എഞ്ചിനീയറോട് യോഗം നിർദ്ദേശിച്ച പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 12.07.2023 ലെ DB3-753/2013/CE/LID & EW നമ്പർ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**26.09.2023-ൽ നൽകിയ റിപ്പോർട്ട് -**

M-Book പരിശോധനയിലും, സ്ഥല പരിശോധനയിലും സാക്ഷി മൊഴികളുടെ (വാർഡ് മെമ്പർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പ്രസിഡന്റ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ) അടിസ്ഥാനത്തിലും M-Book പ്രകാരമുള്ള പ്രവൃത്തികൾ നടന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള മേൽ വിവരങ്ങളുടേയും, ശുപാർശയുടേയും

അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ.എൽദോ.സി.ഐസക് എന്ന കരാറുകാരന് M-Book പ്രകാരം നൽകാൻ ബാക്കിയുള്ള തുക (3rd & final bill Rs. 11,45,567/- and 2nd & final bill Rs. 2,54,047/-) നൽകുന്നതിന് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടും ഈ പ്രവൃത്തിയുടെ M-Book ഉം ബില്ലും എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് അളവും തുകയും ഉറപ്പ് വരുത്തിയ ശേഷം തുക അനുവദിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽ നിന്ന് 11,45,567 രൂപ 20.07.2023-ൽ കരാറുകാരന് നൽകിയിട്ടുണ്ടെന്നും 26.08.2023 ൽ 2,54,047 രൂപ മണ്ണാർക്കാട് ട്രഷറിയിൽ നൽകിയിട്ടുണ്ട് എന്നും 07.09.2023-ലെ **SC 3-6809/23** നമ്പർ കത്തിലൂടെ കുമരംപൂത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന കാര്യവും യോഗം നിരീക്ഷിച്ചു.

തീരുമാനം:- ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.5 ഖണ്ഡിക 4.2**

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.01.2023-ലെ KSWDC/P5/SHEPAD/2021-22/306-ാം നമ്പർ കത്ത് (SRG 267/23)**

**വിഷയം:-** സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളിൽ നടപ്പാക്കുന്ന ഷീപാഡ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും തദ്ദേശഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ/എയിഡഡ് സ്കൂളുകളിലെ കൗമാരക്കായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും ശുചിത്വവും മുൻ നിർത്തി സാനിട്ടറി നാപ്കിൻ, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ച നാപ്കിൻ പ്രകൃതിക്ക് ദോഷമല്ലാത്ത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്ട്രോയർ എന്നിവ സൗജന്യമായി നൽകുന്ന 'ഷീപാഡ് പദ്ധതി' സ്കൂളുകളിൽ നടത്തുന്നുണ്ട്. ഷീപാഡ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

1. സ്കൂളുകളിൽ സാനിറ്ററി നാപ്കിനുകൾ ലഭ്യമല്ലായെന്ന് സ്കൂൾ അധികാരികൾ അതത് തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കുന്നുണ്ടെങ്കിലും അവരുടെ വനിതാ ഘടക പദ്ധതിയിൽ ഷീ പാഡ് പദ്ധതി ഉൾപ്പെടുത്താൻ വിമുഖത കാണിക്കുന്നു.
2. ഷീപാഡ് പോലുള്ള സമഗ്രമായ പദ്ധതി നിലവിലുള്ളപ്പോൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാപ്കിൻ ഡിസ്ട്രോയർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവയ്ക്കായി മാത്രം ഫണ്ട് വകയിരുത്തി ചുമതല ചില സ്വകാര്യ ഏജൻസികൾക്ക് നൽകുന്നു. ഈ ഏജൻസികൾ നൽകുന്ന സാനിട്ടറി പാഡുകൾ ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, നിർദ്ദിഷ്ട വലിപ്പം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയല്ല. ഒപ്പം വെന്റിംഗ് മെഷീൻ, ഡിസ്ട്രോയർ എന്നിവയുടെ മെയിന്റനൻസ് നടക്കുന്നില്ല, വിദ്യാർത്ഥികൾക്ക് അവബോധ ക്ലാസ്സ് നൽകുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ സാധന സാമഗ്രികൾ **GeM** പോർട്ടിൽ വഴി വാങ്ങണമെന്നത് ഷീപാഡ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നു. **GeM** പോർട്ടൽ വഴി വാങ്ങുന്നവയ്ക്ക് മെയിന്റനൻസ് ലഭ്യമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. വിദ്യാർത്ഥിനികളുടെ ശുചിത്വ പരിപാലനം എന്നത് ഒരു മെഷിൻ

വാങ്ങി സ്ഥാപിക്കുന്നതു മാത്രമല്ല എന്ന അടിസ്ഥാന തത്വം ഉൾക്കൊണ്ടു വേണം ഷീപാഡ് പദ്ധതി നടപ്പാക്കേണ്ടതെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചുകൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**(i)** സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും, ശുചിത്വവും മുൻനിർത്തി നടപ്പിലാക്കുന്ന ഷീപാഡ് പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖയിൽ മുടക്കം കൂടാതെ നടത്തേണ്ട പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടുത്തണം.

**(ii)** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ഷീപാഡ് പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷത്തിന്റേയും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ തദ്ദേശസ്വയംഭരണ വകുപ്പ് വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കണം.

**<u>25.04.2023 ലെ തീരുമാനം</u> :-** സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഷീപാഡ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷനുണ്ടോ, നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് തുടങ്ങിയ വിവരങ്ങളും വിശദമായ പ്രോജക്ട് റിപ്പോർട്ടും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് KSWDC മാനേജിംഗ് ഡയറക്ടർ നൽകണം. ഇതോടൊപ്പം സ്കൂളുകളിൽ ഷീപാഡ് പദ്ധതി KSWDC മുഖേനയും മറ്റ് ഏജൻസി മുഖേനയും നടപ്പാക്കിയതിന്റെ ഒരു വിലയിരുത്തൽ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകണം.
KSWDC മാനേജിംഗ് ഡയറക്ടർ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകി.

**<u>26.09.2023-ൽ നൽകിയ റിപ്പോർട്ട്</u> -** KSWDC ക്ക് എല്ലാ ജില്ലകളിലും ഓഫീസ് ഉണ്ട്. സ്ഥാപനത്തിന്റെ ആർത്തവ ശുചിത്വ പരിപാലന പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോഗ്രാം മാനേജരും മറ്റ് നാലു ഉദ്യോഗസ്ഥരും ഉണ്ട്. ഷീപാഡ് പദ്ധതിയിൽ സാധാന സാമഗ്രികൾ (സാനിട്ടറി നാപ്കിൻ, ഡിസ്ട്രോയർ തുടങ്ങിയവ) വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തുന്നു. നിലവിൽ ഈ സാധനസാമഗ്രികൾ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ **HLL Life care Ltd.** ആണ്. സാധനസാമഗ്രികളുടെ വിതരണം ലോജിസ്റ്റിക് പ്രവർത്തനം, മെയിന്റനൻസ് എന്നിവ ഏജൻസി നൽകുന്നു.

ഷീപാഡ് പദ്ധതി സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**തീരുമാനം :-**

1) ഷീപാഡ് പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നതിന് അനുമതി നൽകുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വനിതാ വികസന കോർപ്പറേഷനെ ഈ പ്രവർത്തികൾ ഏല്പിക്കാൻ അനുമതി നൽകുന്നു. സ്കൂളുകളിലെ **PTA** യുടെ സഹകരണം കൂടി ഉറപ്പാക്കി സമഗ്രമായ പദ്ധതിയായി മാത്രമേ നടപ്പാക്കാവൂ. നാപ്കിൻ വിതരണം മാത്രമായ പദ്ധതി ഏറ്റെടുക്കാവുന്നതല്ല. നാപ്കിൻ വെന്റിംഗ് മെഷീൻ, നാപ്കിൻ ഡിസ്ട്രോയർ/നാപ്കിൻ ഇൻസിനറേറ്റർ എന്നിവ കൂടി ഉറപ്പാക്കണം. മെയിന്റനൻസ് കൃത്യമായി നടപ്പാക്കണം. അതിനായി **PTA**യുടെ സഹകരണം ഉറപ്പാക്കണം.
2) ഈ പദ്ധതി നിർബന്ധ (മാൻഡേറ്ററി) പ്രോജക്ടാക്കണമെന്ന ആവശ്യവും ഓരോ വർഷവും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ **KSWDC**-ക്ക് നൽകണമെന്ന ആവശ്യവും കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. ഇതു സംബന്ധിച്ച് അതതു തദ്ദേശഭരണ സ്ഥാപനത്തിന് എടുക്കാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.6 ഖണ്ഡിക 3.3**

**ഹാപ്പിനസ്സ് പാർക്ക് :-** കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം. ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ 50 സെന്റ് സ്ഥലമെങ്കിലും കണ്ടെത്തണം. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ, ക്രിമിറ്റോറിയത്തിന്ന സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളുള്ള പാർക്കാണ് ഉണ്ടാക്കേണ്ടത്.

- ഭംഗിയും വൃത്തിയുമുള്ള പാർക്ക്, ഇരിപ്പിടം, സൗകര്യ ലഭ്യതയ്ക്കനുസരിച്ച് മറ്റ് വിനോദ ഉപാധികൾ എന്നിവ ഉണ്ടാകണം.
- സെൽഫി കോർണർ ഉണ്ടാകണം
- സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ), മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം, വൃത്തിയുള്ള ടോയിലറ്റ് എന്നീ സൗകര്യങ്ങൾ അനിവാര്യമാണ്.
- മാലിന്യശേഖരണ സംവിധാനം ഉണ്ടാകണം
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം വേണം
- സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുണ്ടാകണം.
- മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.
- സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെപ്പറയുന്ന അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
- ഡാൻസിംഗ് / സിംഗിംങ് ഫ്ലോർ
- മഴവെള്ള സംഭരണ സംവിധാനം
- വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ
- കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം
- ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം
- റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം
- ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ
- സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം
- ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ
- കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ
- ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം)
- വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ്

ഈ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭൂമി വാങ്ങുന്നതിനുൾപ്പെടെയുള്ളവയ്ക്കായി വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. മാലിന്യ സംസ്കരണ മേഖലയ്ക്ക് മാറ്റി വയ്ക്കേണ്ട വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. നഗരങ്ങളിൽ അമൃത്, **KSWMP** പദ്ധതികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്,

സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ട കണ്ടെത്താവുന്നതാണ്. ഇതിനായി മോഡൽ പ്ലാനുകൾ തയ്യാറാക്കണം. ഇതിനായി ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ഡ്രോയിംഗ് ക്യാമ്പ് സംഘടിപ്പിക്കാം. ഒപ്പം നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റാം.

ബന്ധപ്പെട്ടവരുമായി ഇത് വിശദമായി ചർച്ച ചെയ്ത് ഹാപ്പിനസ്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കരട് തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. ഇതു സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ സ്വീകരിച്ച നടപടി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് ടൗൺപ്ലാനർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.6 ഖണ്ഡിക 3.4**

**ഇൻഫർമേഷൻ കേരളമിഷൻ – ഐ.കെ.എം**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ രൂപീകരണ സമയത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം സംബന്ധിച്ച് **"സുലേഖ"** അടക്കമുള്ള ഐ.കെ.എം. സോഫ്റ്റ് വെയർ പരിഷ്കരിക്കണമെന്ന് സർക്കാർ തലത്തിൽ അഭിപ്രായമുയർന്നിരുന്നു. അടിയന്തിരമായി താഴെ പറയുന്ന കാര്യങ്ങളിൽ ഐ.കെ.എം ക്രമീകരണങ്ങൾ ചെയ്യണമെന്ന് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു.

**i.** പദ്ധതി നിർവ്വഹണ അവലോകനവും വിലയിരുത്തലും ഇപ്പോൾ പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ഭൗതിക നേട്ടം അവലോകനം ചെയ്യാൻ കഴിയുന്നില്ല. സുലേഖ സോഫ്റ്റ് വെയറിൽ ഭൗതികനേട്ടം രേഖപ്പെടുത്താനുള്ള സംവിധാനം ചേർത്തിട്ടുണ്ടെങ്കിലും ഇത് കുറ്റമറ്റതല്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഭൗതിക നേട്ടം രേഖപ്പെടുത്താറില്ല. രേഖപ്പെടുത്തിയാൽ തന്നെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഉദാ. റോഡുകളുടെ നീളം മീറ്ററിലും കിലോമീറ്ററിലും രേഖപ്പെടുത്തുക, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഏക്കറിലും ഹെക്ടറിലും രേഖപ്പെടുത്തുക തുടങ്ങിയവ. ഇവയെല്ലാം പരിഗണിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഭൗതിക നേട്ടം കുറ്റമറ്റ രീതിയിൽ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പുമായി കൂടിയാലോചിച്ച് കാലതാമസം കൂടാതെ ചെയ്യാൻ ഐ.കെ.എം നടപടി സ്വീകരിക്കണം.

**ii.** പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഉദാ: പ്രവൃത്തി ടെണ്ടർ ചെയ്തോ, പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്താൻ കഴിയുന്നില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ സുലേഖയിൽ രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കാൻ ക്രമീകരണം ചെയ്യണം.

ഈ വിഷയങ്ങൾ പല പ്രാവശ്യം ചർച്ച ചെയ്തിരുന്നുവെങ്കിലും വലിയ കാലതാമസമുണ്ടായി എന്ന് യോഗം വിലയിരുത്തി. അതിനാൽ മുകളിൽ പറഞ്ഞവയടക്കമുള്ള ക്രമീകരണം ചെയ്യുന്ന നടപടി ത്വരിതപ്പെടുത്താൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം. ഇതിന്റെ ഭാഗമായി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുമായി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

ഇതു സംബന്ധിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിച്ച നടപടി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>2)തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പ്** |

**<u>2.6 ഖണ്ഡിക 3.10</u>**

സംസ്ഥാനത്ത് പി.എച്ച്.സി, സി.എച്ച്.സി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധതരത്തിൽ ലഭിച്ച എത്ര ആംബുലൻസുകൾ ഇപ്പോൾ ഉണ്ട് എന്നതു സംബന്ധിച്ചും അതിന്റെ കാലപ്പഴക്കം സംബന്ധിച്ച് വിവരവും താഴെ പറയും പ്രകാരം അർബൻ ഡയറക്ടറും റൂറൽ ഡയറക്ടറും നൽകണം. അത്യാവശ്യമായി ആംബുലൻസ് വേണ്ടതും എന്നാൽ ആംബുലൻസ് ലഭ്യമല്ലാത്തതുമായ പ്രദേശം എവിടെയൊക്കെയാണ് എന്നതു സംബന്ധിച്ച വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകണം.

**സംസ്ഥാനത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടേയും തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ**

| **ജില്ലയുടെ പേര്** | **ആംബുലൻസുകളുടെ എണ്ണം** | | | | | | | |
|---|---|---|---|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് | | പി.എച്ച്.സി/ എഫ്.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | സി.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ളത് | |
| തിരുവനന്തപുരം<br>--<br>--<br>--<br>--<br>--<br>കാസർഗോഡ് | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം |

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ വിവരങ്ങൾ നഗരകാര്യ ഡയറക്ടറും ഗ്രാമപഞ്ചായത്തു, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സംബന്ധിച്ച കണക്ക് റൂറൽ ഡയറക്ടറും നൽകണം. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>3)ആരോഗ്യവകുപ്പ് ഡയറക്ടർ<br>4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.29</u>**

**<u>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</u>**

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023 -ലെ A7/3928/21-ാം നമ്പർ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2021-ലെ A7 - 3928/2021-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.08.2022-ലെ D1/ജനറൽ/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 782/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങിയത് അനുയോജ്യമല്ലാത്തതിനാൽ മറ്റു പ്രദേശത്ത് ഭൂമി വാങ്ങുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയിലെ താഴെപ്പറയുന്ന ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് **2019 - 20** ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകുകയും ഇവർ പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം വാങ്ങുകയും ചെയ്തു.

1. ശ്രീമതി സീനത്ത്, പാറമേൽ ഹൗസ്
2. ശ്രീമതി. ഷാഹിന പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്
3. ശ്രീമതി. നീലി വി.സി. വായംകുളം ഹൗസ്
4. ശ്രീമതി.സജിന പി. പുത്തൻപീടിക

ഇവരിൽ ക്രമനമ്പർ 1, 2 എന്നിവർക്ക് 1,40,000 രൂപ വീതവും ക്രമനമ്പർ 2, 3 എന്നിവർക്ക് യഥാക്രമം 2.00 ലക്ഷം രൂപ, 3.00 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം നൽകുകയും ചെയ്തു. തട്ടുകളായ ഭൂമിയിലാണ് ഈ വീട്ടുകൾ നിർമ്മിക്കുന്നത്. ഇവിടെ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടില്ല. അതിനാൽ കനത്ത മഴയിൽ മുകളിലുള്ള കെട്ടിടങ്ങൾ അപകടാവസ്ഥയിലാകും. ആവശ്യമായ സംരക്ഷണഭിത്തി നിർമ്മിച്ചില്ലെങ്കിൽ വീട് അപകടാവസ്ഥയിലാകുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സംരക്ഷണഭിത്തിക്ക് ഏകദേശം 60.00 ലക്ഷം രൂപ വരുമെന്നാണറിയിച്ചിരിക്കുന്നത്. ഇതേ രീതിയിൽ സീനിയർ ജിയോളജിസ്റ്റും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തി ഭൂമിയും വീടും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** വീട് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങാൻ ഗ്രാമപഞ്ചായത്ത് ധനസഹായം നൽകിയതും വീട് നിർമ്മാണത്തിന് ഗഡുക്കൾ നൽകിയതും ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.30</u>**

**<u>ബേഡഡുക്ക ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 697/23)**

**വിഷയം:-** അതിദരിദ്ര ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് വീട്ടു നൽകുന്നത് സംബന്ധിച്ച്.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ദൈനബി, തലേക്കുന്ന് എന്ന വ്യക്തി അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിലും ലൈഫ് ഭവന പദ്ധതി ലിസ്റ്റിലും ഉണ്ട്. എന്നാൽ ഈ വ്യക്തിക്ക് 50 സെന്റ് സ്ഥലം (25 സെന്റ് വീതം) ഉണ്ട്. ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡത്തിൽ ഇളവു ചെയ്ത് ഇവർക്ക് വീട്ടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** ഇതു പ്രത്യേകമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 ൽ നൽകിയ റിപ്പോർട്ട്</u>:-** ശ്രീമതി ദൈനബിയുടേയും മകൾ ശ്രീമതി ബീവിയുടേയും പേരിലായി ആകെ 50 സെന്റ് (25 സെന്റ് വീതം) സ്ഥലം ഉണ്ട്. വാസയോഗ്യമല്ലാത്ത വീടിലാണ് ഇവർ താമസിക്കുന്നത്. ശ്രീമതി ദൈനബിക്ക് 78 വയസ്സുണ്ട്. അസുഖബാധിതയാണ്. മകൾക്ക് 48 വയസ്സുണ്ട്. ഇവർ മാനസിക വൈകല്യം നേരിടുന്നവരും സംസാരശേഷി ഇല്ലാത്തവരുമാണ്.

**തീരുമാനം :-** പ്രത്യേക സംരക്ഷണം ആവശ്യമുള്ള കുടുംബമാണ് എന്നതും അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിലുള്ളവരാണ് എന്നതും പരിഗണിച്ച് ഈ കുടുംബത്തിന് വീട്ടു നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.6 ഖണ്ഡിക 4.32**

**തിരുവനന്തപുരം കോർപ്പറേഷൻ**

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.05.2023-ലെ** J1/82007/23-ാം **നമ്പർ കത്ത് (SRG 843/23)**

**വിഷയം:-** പട്ടികജാതി വിഭാഗക്കാർക്ക് വസ്തു വാങ്ങുന്നതിന് അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട്ടു നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് കഴിഞ്ഞ വർഷം (2022-23) 15,26,55,885 രൂപ വകയിരുത്തിയിരുന്നു. ഇതിനായി ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ അധികമായി 77.12 ലക്ഷം രൂപ ആവശ്യമായി വന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അധിക വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. കോർപ്പറേഷൻ കഴിഞ്ഞ വർഷം പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് പ്രോജക്ട് എടുത്തിരുന്നു. യോഗ്യതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിനായി ആനുകൂല്യം നൽകിയതിനു ശേഷം മിച്ചമുള്ള തുക കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങാനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റി ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്ന് സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** കോർപ്പറേഷൻ നടത്തിയതെന്നു പറയുന്ന ക്രമീകരണം സാങ്കേതികമായി സാധിക്കുകയില്ല എന്ന് ഐ.കെ.എം പ്രതിനിധി അറിയിച്ചു. ഐ.കെ.എം മുമായി ചേർന്ന് ഇതു പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അർബൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>3) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.6 ഖണ്ഡിക 4.33**

**4.33 സുൽത്താൻ ബത്തേരി നഗരസഭ**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭ സെക്രട്ടറിയുടെ 27.04.2023 ലെ** PC1/215/2023-24-ാം **നമ്പർ കത്തും (SRG 823/23 - CC** /359/**2023).**

**വിഷയം:-** അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 215/24 | ***അടങ്കൽ*** | *10,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | **ചൂരിമല നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി** | |

സുൽത്താൻ ബത്തേരി നഗരസഭയിലെ ചൂരിമല പ്രദേശത്ത് പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** ഇവർ അർഹരാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.38</u>**

**<u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2023 ലെ കത്ത് (SRG/414/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

കടൽതീരം ചേർന്നാണ് ഗ്രാമപഞ്ചായത്തിന്റെ 1,18,19 വാർഡുകൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളും മറ്റു അനുബന്ധസാമഗ്രികളും സൂക്ഷിക്കുന്നതും അറ്റകുറ്റപ്പണി നടത്തുന്നതും നായർതോട് ബീച്ചിലെ ലാന്റ് സെന്ററിൽ ആണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ നിന്നും നായർതോട് ലാന്റിംഗ് സെന്റർ കൃത്യമായി മനസ്സിലാകാത്തതുകൊണ്ട് പല വിധത്തിലുള്ള അപകടങ്ങളും പതിവാണെന്നറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയാണെങ്കിൽ കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾക്ക് ദിക്ക് അറിയാനും മറ്റു വിധത്തിലും സഹായകരമാണെന്ന് ചൂണ്ടി കാണിച്ചു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** ഇതിന്റെ ആവശ്യകതയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023-ൽ നൽകിയ റിപ്പോർട്ട്</u> -** മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും മത്സ്യബന്ധനത്തിനു പോകുന്നതും ഈ ലാന്റിംഗ് സെന്ററിൽ നിന്നാണ്. ഇവിടെ വെളിച്ച കുറവുള്ളതുകൊണ്ട് ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് മത്സ്യതൊഴിലാളികൾക്ക് സഹായകരമായതിനാൽ ആവശ്യം അനുകൂലമായി പരിഗണിക്കാവുന്നതാണെന്ന് റൂറൽ ഡയറക്ടർ അറിയിച്ചു.

**തീരുമാനം:-** റൂറൽ ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം ഇവിടെ അനുവദനീയമായ വികസന ഫണ്ടടക്കമുള്ള വിഹിതം ഉപയോഗിച്ച് ഹൈമാസ്റ്റ് സ്ഥാപിക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.39</u>**

**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ഓഫീസറുടെ 01.03.2023-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG 601/2023 CC - 213/2023)**

**വിഷയം:-** ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

1) കോട്ടയം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന 20 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ആകെ അടങ്കൽ 223.50 ലക്ഷം രൂപ. ധനകാര്യ കമ്മീഷൻ **(untied),**

വികസനഫണ്ട് (ജനറൽ), എസ്.സി.പി വിഹിതം എന്നിവയാണ് ഇതിന് ഉൾപ്പെടുത്തിയിരുന്നത്. ഇവ സ്ഥാപിക്കുന്നതിന് ലിമിറ്റഡ് ടെണ്ടറിലൂടെ **KEL** എന്ന ഏജൻസിയെ ഏൽപ്പിച്ച് കരാറിലേർപ്പെട്ട് നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഇവയുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് എന്നിവ നടത്തിക്കൊള്ളാമെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 15/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 2 | 116/23 | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് – വാർഡ് 4 – വില്ലന്നി മിച്ചഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 8,00,000 രൂപ<br>എസ്.സി.പി |
| 3 | 166/23 | തൃക്കൊടിത്താനം ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് , ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 4 | 167/23 | കുറിച്ചി ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 5 | 169/23 | അതിരമ്പുഴ ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 20,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 6 | 170/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 7 | 171/23 | കുറവിലങ്ങാട് ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 8 | 133/23 | പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 രൂപ<br>വിസി.എഫ്.സി ബേസിക് ഗ്രാന്റ് |
| 9 | 738/23 | കിടങ്ങൂർ ഡിവിഷനിലെ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 10 | 767/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,50,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 11 | 769/23 | അതിരമ്പുഴ പഞ്ചായത്തിലെ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000<br>വികസനഫണ്ട് –ജനറൽ |
| 12 | 770/23 | പാമ്പാടി പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,00 രൂപ<br>വികസനഫണ്ട് – ജനറൽ |
| 13 | 772/23 | ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 14 | 773/23 | കുറിച്ചി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 15 | 774/23 | കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ 5.00 ലക്ഷം രൂപ<br>തനത് ഫണ്ട് – 5.00 ലക്ഷം രൂപ |

| | | | |
|---|---|---|---|
| 16 | 807/23 | കുമരകം ഗവ.ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 17 | 805/23 | തിരുവാർപ്പ് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 18 | 806/23 | കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 19 | 808/23 | തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ വികസനഫണ്ട് –ജനറൽ |
| 20 | 847/23 | വെള്ളൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |

2) വാർഷിക പദ്ധതി റിവിഷൻ സമയത്ത് 2022–23 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രോജക്ടുകളുടെ വിഹിതം ഉപയോഗിച്ച് താഴെ പറയുന്ന 14 പ്രോജക്ടുകൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് അധികമായി എടുത്തു (ആകെ അടങ്കൽ 190 ലക്ഷം രൂപ). ഈ പ്രവൃത്തികൾ പ്രത്യേക ടെണ്ടർ നടപടികൂടാതെ അക്രഡിറ്റഡ് ഏജൻസിയായ **KEL** നെ ഏൽപ്പിച്ചു. ഈ പ്രവൃത്തികളും നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| **ക്രമ നം** | **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** | **വിഹിതം** |
|---|---|---|---|
| 1 | 166/23 | പുതുപ്പള്ളി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥപിക്കൽ | 15,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 2 | 630/23 | കുറിച്ചി ഡിവിഷൻ – വിവിധ എസ്.സി. കോളനികളിലും പ്രദേശങ്ങളിലും മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 30,00,000 രൂപ (എസ്.സി.പി) |
| 3 | 706/23 | പൊൻകുന്നം ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ (എസ്.സി.പി) |
| 4 | 768/23 | പുതുപ്പള്ളി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 5 | 948/23 | പാമ്പാടി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 6 | 921/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് |
| 7 | 971/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 8 | 974/23 | എരുമേലി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 9 | 977/23 | വെള്ളൂർ ഡിവിഷൻ വിവിധ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – എസ്.സി.പി |
| 10 | 963/23 | പൂഞ്ഞാർ ഡിവിഷൻ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 15,00,000 രൂപ (എസ്.സി.പി) |
| 11 | 561/23 | എരുമേലി ഡിവിഷൻ വിവിധ എസ്.സി. സങ്കേതങ്ങളിലും കോളനി റോഡുകളിലും സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 15,00,000 രൂപ വികസനഫണ്ട് – എസ്.സി.പി) |
| 12 | 1013/23 | വൈക്കം ഡിവിഷനിൽ ഉൾപ്പെട്ട | 10,00,000 രൂപ |

| | | | |
|---|---|---|---|
| | | പഞ്ചായത്തുകളിൽ സോളോർ മിനിമാസ്റ്റ് ഹൈമാസ്റ്റ് സ്ഥാപിക്കൽ | (തനത് ഫണ്ട്) |
| 13 | 1017/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 14 | 1021/23 | കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |

**15.06.2023 ലെ തീരുമാനം :-**

1) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി ഇല്ലാത്തതാണെന്നും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് അനുമതി ആവശ്യപ്പെടുമ്പോൾ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി നടപ്പാക്കാനാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ നിർദ്ദേശമുള്ളത് എന്നും യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

2) **Electro Mechanical Works and General Civil Construction Works**-ന്റെ **PMC** മാത്രമാണ് **KEL. KEL**-നെ പ്രവൃത്തി ഏല്പിച്ചതിന്റെ നടപടി ക്രമങ്ങളും ചീഫ് എഞ്ചിനീയർ പരിശോധിക്കണം.

ചീഫ് എഞ്ചിനീയർ ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകി.

**26.09.2023-ൽ നൽകിയ റിപ്പോർട്ട്:- i)** മുകളിൽ ആദ്യം പറഞ്ഞ 20 പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് ലിമിറ്റഡ് ടെണ്ടറിലൂടെയാണ് KEL എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത്. തുടർന്ന് KEL ആണ് **JN Lightling, Thiruvalla** എന്ന ഏജൻസിയെ കരാറേൽപ്പിച്ചത്. KEL ന് 1 ശതമാനം സെന്റേജ് നൽകി. പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് തുക നൽകി. ഇതിന്റെ ആവർത്തന ചെലവ് അതത് ഗ്രാമപഞ്ചായത്താണ് വഹിക്കുന്നത്. ജില്ലാ പഞ്ചായത്തിന് ബാധ്യതയില്ല. ഈ നിർമ്മിതികൾക്ക് സാധൂകരണം നൽകാവുന്നതാണ് എന്നറിയിച്ചു.

**തീരുമാനം :-** ചീഫ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം സാധൂകരണം നൽകുന്നു. എന്നാൽ ഇനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതില്ലെന്നും ആവശ്യമെങ്കിൽ മിനിമാസ്റ്റ് ലൈറ്റ് മാത്രമേ സ്ഥാപിക്കാവൂ എന്നും തുക ഗ്രാമപഞ്ചായത്തിനു കൈമാറി ഗ്രാമപഞ്ചായത്തു മുഖേന മാത്രമേ പ്രോജക്ട് നടപ്പാക്കാവൂ എന്നും നിർദ്ദേശിക്കുന്നു.

**ii)** കഴിഞ്ഞവർഷം അവസാനം പദ്ധതിയിൽ ഉൾപ്പെടുത്തിയ മുകളിൽ രണ്ടാമത് പറഞ്ഞ 14 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്നും അവ ടെണ്ടർ കൂടാതെ KEL മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ വ്യക്തത വരുത്തിയിട്ടുണ്ട്. ഇവ അതത് തദ്ദേശഭരണസ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾക്ക്) വിഹിതം കൈമാറി അവർ മുഖേന നടപ്പാക്കാൻ നിർദ്ദേശം നൽകാവുന്നതാണെന്നറിയിച്ചു.

**തീരുമാനം :-** ജില്ലാ പഞ്ചായത്തിന്റെ വിഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏജൻസിയെ തെരഞ്ഞെടുക്കാവുന്നതാണെന്ന് അറിയിക്കുന്നു. ഒപ്പം ഹൈമാസ്റ്റിനു പകരം മിനിമാസ്റ്റു ലൈറ്റ് മാത്രമേ സ്ഥാപിക്കാവൂ എന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.6 ഖണ്ഡിക 4.40**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 04.03.2023 ലെ** DPT/A4-6430/21-ാം **നമ്പർ കത്തും (SRG 390/23 - CC/98/23, SRG 488/23 - LSGD DB3/108/2023).**

**വിഷയം:-** വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് കഴിഞ്ഞവർഷം (2022-23) വിവിധ ഗ്രാമപഞ്ചായത്തുകളിൽ 39 ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കാനായി പ്രോജക്ട തയ്യാറാക്കിയിരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ 38 പ്രോജക്ടുകൾ എസ്.സി.പി ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ വർഷം ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.

| **ക്രമ നമ്പർ** | **പ്രോ. നം** | **2022-23 ലെ പ്രോജക്ടിന്റെ പേര്** | **ഫണ്ട് / ഇനം** |
|---|---|---|---|
| 1 | 862/23 | മതിലകം പഞ്ചായത്ത് 17-ാം വാർഡ് പ്രാണിയാട് ഹൈമാസ്റ്റ് ലൈറ്റ് | Development Fund(S.C.P) - 3,00,000 |
| 2 | 1144/23 | ചിരട്ടകുന്ന് ജനത കോളനി വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 3 | 1145/23 | പുന്നയൂർ ഗ്രാമപഞ്ചായത്ത് നായാടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 4 | 1146/23 | മന്ദലാംകുന്ന് കിണർ എസ്.സി കോളനി, മാളിയേക്കൽ കോളനി, ചെറ്റിയാട്ടി പറമ്പിൽ എസ്.സി കോളനി, തട്ടാൻത്തറ പതിയേരി എസ്.സി കോളനി (വടക്കേകാട് ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 6,00,000 |
| 5 | 1147/23 | മുട്ടിക്കൽ എസ്.സി കോളനി, കുമ്പിലാകുന്ന് കോളനി (എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 6 | 1149/23 | ആദൂർകുന്ന് കോളനി കടങ്ങോട് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 7 | 1150/23 | കുണ്ടിലങ്ങാടി കോളനി വേലൂർ ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 8 | 1151/23 | പത്തനാപുരം കോളനി ചേർപ്പ് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 9 | 1152/23 | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ദീപം നഗർ കോളനി, അംബേദ്കർ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 10 | 1154/23 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് വലിയ കോളനി, പട്ടംപള്ളം കോളനി, തൊഴിലാളി നഗർ കോളനി എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 11 | 1156/23 | പുതുശ്ശേരി കോളനി ചൂണ്ടൽ കോളിനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 12 | 1157/23 | കുന്നുകാട് കോളനി, വെട്ടുകാട് കോളനി - വരവൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 13 | 1158/23 | പഴയന്നൂർ പഞ്ചായത്ത് കാനാശ്ശേരി കോളനി വാർഡ് 11 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 14 | 1161/23 | പടിയൂർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |

| | | | |
|---|---|---|---|
| 15 | 1164/23 | മുളങ്കുന്നത്ത് കാവ് വി.ടി പറമ്പ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 16 | 1168/23 | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് - എടപ്പാറ കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 17 | 1170/23 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പന്നിയടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 18 | 1171/23 | എളവള്ളി പഞ്ചായത്ത് കാക്കത്തുരുത്ത് കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 19 | 1172/23 | വെങ്കിടങ്ങ് പഞ്ചായത്ത് പന്നിശ്ശേരി കോളനി കരുവന്തല കോളനി OLH നാട്ടുകല്ല് കോളനി, എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 20 | 1176/23 | തെക്കുംകര ഗ്രാമപഞ്ചായത്ത് അമ്പലപ്പാട് മിച്ചഭൂമി കോളനി, പുന്നംപറമ്പ് കോളനി എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 21 | 1178/23 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് 4 സെന്റ് കോളനി ,വെറ്റിലപ്പാറ എസ്.സി കോളനി, പേരാ എസ്.സി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,50,000 |
| 22 | 1182/23 | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കാവനാട് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 23 | 1183/23 | നാട്ടിക പഞ്ചായത്ത് 4-ാം വാർഡ് കോളനി, പ്രിയദർശിനി കോളനി, മാട്ടുപ്പുറം കോളനി, ചെമ്മാപ്പിള്ളി കോളനി, എ.കെ.ജി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 24 | 1187/23 | വാടാനപ്പിള്ളി പഞ്ചായത്ത് ഉപ്പുപടന്ന കോളനി ,ചാപ്പാടം കോളനി (ഏങ്ങണ്ടിയൂർ പഞ്ചായത്ത് ) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 25 | 1190/23 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് - വാർഡ് 11,8,9 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(General) - 4,80,000 |
| 26 | 1193/23 | മതിരമ്പിള്ളി കോളനിമന കാട്ടുമന കോളനി കാട്ടൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 27 | 1198/23 | കോഴിക്കുന്ന് കോളനി, തുത്താണിപാടം ചിറ വരമ്പ് (കാറളം പഞ്ചായത്ത് ) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,20,000 |
| 28 | 1199/23 | ചേലക്കര ഗ്രാമപഞ്ചായത്ത് ഏറ്റൂർ കോളനി വാർഡ് 18 കിഴക്കുമുറി കോളനി വാർഡ് 18, പുലാക്കോട് സാംബവ കോളനി വാർഡ് 7 , സാംബവ കോളനി വാർഡ് 16, ലങ്ങോട്ട് കുന്ന് കോളനി വാർഡ് 9 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 29 | 1200/23 | പുത്തൂർ ഗ്രാമപഞ്ചായത്തിൽ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 15,00,000 |
| 30 | 1201/23 | മുരിയാട് ഗ്രാമപഞ്ചായത്ത് - വാർഡ് 7, സ്നേഹ നഗർ കോളനി, പടന്ന കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 31 | 1204/23 | വേളൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 17 ൽ വെള്ളാനിക്കുളം കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 32 | 1205/23 | കോഴിതുമ്പ് പല്ല അയ്യമ്പഴി ബാലബോധി ചക്കുണ്ണി കോളനി, പപ്പടം കോളനി എടത്തിരുത്തി പഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 33 | 1207/23 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് - വെമ്പല്ലൂർ എസ്.സി കോളനി, ആമണ്ടൂർ എസ്.സി കോളനി, എടവിലങ്ങ് പഞ്ചായത്തിലെ ലക്ഷം വീട് കോളനി, 60-ാം കോളനി, എടവിലങ്ങ് - ഹരിജൻ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,00,000 |

| | | | |
|---|---|---|---|
| 34 | 1208/23 | അന്തിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 6,8,3 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 5,00,000 |
| 35 | 1211/23 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് – നായാടി കോളനി മുകൾഭാഗം നായാടി കോളനി താഴത്തെ ഭാഗം എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 6,00,000 |
| 36 | 1213/23 | കൊടകര ഗ്രാമപഞ്ചായത്ത് ആനത്തടം വാർഡ് 15, ചക്കുംകുറ്റി വാർഡ് 18, പഴംമ്പിള്ളി വാർഡ് 2, കാവുംതറ വാർഡ് 2, കനാൽ ബേസ് വാർഡ് 3, പുലിപ്പാറ വാർഡ് 16 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 8,00,000 |
| 37 | 1214/23 | കൊട്ടിലിങ്ങൽ എസ്.സി കോളനി പുനത്തയിൽ എസ്.സി കോളനി, തൃപറ്റ് എസ്.സി കോളനി (പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് )എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 4,50,000 |
| 38 | 1215/23 | മതിലകം ഗ്രാമപഞ്ചായത്ത് – ഹരിജൻ സെറ്റിൽമെന്റ് കോളനി വാർഡ് 8, കിഴക്കും പുറം കോളനി വാർഡ് 7, പഞ്ചപാടം കോളനി വാർഡ് 3, അംബേദ്കർ കോളനി, വാർഡ് 12, ശ്മശാനം കോളനി വാർഡ് 11, ഭജനമഠം വാർഡ് 1 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 7,00,000 |
| 39 | 1216/23 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പുല്ലൂർ കോളനി, മതുക്കര കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 3,00,000 |

**15.06.2023 തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**26.09.2023-ൽ നൽകിയ റിപ്പോർട്ട്** -കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023-ലെ യോഗത്തിൽ നിർദ്ദേശിച്ചതുപോലെ ഗ്രാമപഞ്ചായത്തിന് തുക കൈമാറി നടപ്പാക്കുന്നതാണ് അഭികാമ്യം. ജില്ലാ പഞ്ചായത്തു നേരിട്ട് നടപ്പാക്കുകയാണെങ്കിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ഭാവിയിലെ മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ് എന്നിവയടക്കമുള്ള ആവർത്തന ചെലവ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വഹിക്കുമെന്ന് ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തുമായി കരാർവെയ്ക്കണമെന്ന വ്യവസ്ഥയോടെ അംഗീകാരം നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകി.

**തീരുമാനം :-**

1) ഗ്രാമപഞ്ചായത്തിനു വിഹിതം കൈമാറി ലൈറ്റ് സ്ഥാപിക്കുന്ന രീതിയിലാണ് മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത് എന്നും ഹൈമാസ്റ്റിനു പകരം മിനിമാസ്റ്റ് സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത് എന്നും യോഗം നിരീക്ഷിച്ചു.
2) ഇതനുസരിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിയതിനു പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു. ഹൈമാസ്റ്റിനു പകരം മിനിമാസ്റ്റു മാത്രമേ സ്ഥാപിക്കാവൂ എന്നു നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.6 ഖണ്ഡിക 4.41**

**കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്**

**കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.10.2021, 17.05.2023 എന്നീ തീയതികളിലെ കത്തുകളും, റൂറൽ ഡയറക്ടറുടെ 24.05.2023 ലെ LSGD/PP/35634/2023/EER2 നമ്പർ കത്തും (SRG 710/23)**

**വിഷയം:-** തെരുവുവിളക്കു സ്ഥാപിക്കാൻ കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ വിവിധ പ്രവൃത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ച്.

കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് (**KGL**) തദ്ദേശഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്കു സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമുള്ള പദ്ധതി ഏറ്റെടുത്തു നടത്തിയിരുന്നു. **'നിലാവ്'** പദ്ധതി വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് KGL ന് ഓർഡർ ലഭിക്കുന്നില്ല. 45 പേർക്ക് നേരിട്ടും 300-ഓളം പേർക്ക് പരോക്ഷമായും KGL മുഖേന ജോലി ലഭിക്കുന്നുണ്ടായിരുന്നു. ഈ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്.

I. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാത്തരം ലൈറ്റുകളുടേയും വാർഷിക പരിപാലന ചുമതല KGL നെ ഏൽപ്പിക്കണം.

II. തദ്ദേശഭരണസ്ഥാപനങ്ങളിൽ നടത്തി വരുന്ന വിവിധ സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGL നെ ചുമതലപ്പെടുത്തണം.

III. **MPLAD/MLASDF** പദ്ധതിയിൻ കീഴിൽ വരുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് പ്രവർത്തികളുടെ നിർവ്വഹണത്തിനും പരിപാലനത്തിനും **KGL** ന് അനുമതി നൽകണം.

**15.06.2023 ലെ തീരുമാനം :-**

**1)** മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 1,3 എന്നിവയിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നു.

**2)** ക്രമനമ്പർ രണ്ടിൽ പറയുന്ന സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL** നെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ **EMC (Energy Management Centre)** ന്റെ റിപ്പോർട്ട് തേടാനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് EMC രജിസ്ട്രാർ റിപ്പോർട്ട് നൽകി.

**26.09.2023-ൽ നൽകിയ റിപ്പോർട്ട്** - സോളാർ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ നോഡൽ ഏജൻസിയായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നും അതിനാൽ ഇത് അനെർട്ടിനെ ഏല്പിക്കാവുന്നതാണെന്നും അറിയിച്ചു.

**തീരുമാനം:-** സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL**നെ ചുമതലപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ പരിശോധിച്ചു റിപ്പോർട്ട് നൽകാൻ **ANERT** ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ,** ANERT<br>**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.6 ഖണ്ഡിക 4.46**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ** E2-**22502/21-ാം നമ്പർ കത്ത് (SRG 330/23 - CC**/85/**2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്ത തുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ

വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, അമൃത് പ്രോജക്ട്<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.6 ഖണ്ഡിക 4.47**

**മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്**

**റൂറൽ ഡയറക്ടറുടെ 10.02.2022 ലെ PAN/1490/2023-J1 (DP) നമ്പർ കത്തും മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2022 ലെ SC2-291/2022-ാാം നമ്പർ കത്തും (SRG 317/23)**

**വിഷയം:-** കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിലെ മാലന്യം നീക്കുന്നതിലെ ടെണ്ടർ നടപടി സംബന്ധിച്ച്

| | | |
|---|---|---|
| **പ്രോ.നം: 138/22** | **അടങ്കൽ** | **85,00,000/- രൂപ** |
| | സി.എഫ്.സി റൈറ്റഡ് ഗ്രാന്റ് | 52,36,000 രൂപ |
| | തനത്ഫണ്ട് | 32,64,000 രൂപ |
| **പേര്** | **കുബന്നൂർ മാലിന്യസംസ്കരണ പ്ലാന്റിലെ മാലിന്യം നീക്കം ചെയ്യൽ** | |

ഗ്രാമപഞ്ചായത്ത് 2021-22 വർഷം കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കഴിഞ്ഞ 18 വർഷം കെട്ടികിടന്ന മാലിന്യം നീക്കം ചെയ്യുന്നതിന് 85.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ട് ഇ-ടെണ്ടറിലൂടെ നടപ്പാക്കുന്നതിനു പകരം ടെണ്ടറിലൂടെയാണ് നടപ്പാക്കിയത്. പ്രദേശവാസികൾ സമരം ചെയ്തതിനാൽ പെട്ടെന്ന് നടപ്പാക്കാനാണ് ഇ-ടെണ്ടർ ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 7530 m3 മാലിന്യമാണ് ഉണ്ടായിരുന്നത്. ഇ-ടെണ്ടറിനു പകരം സാധാരണ ടെണ്ടർ നടത്തിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 തീരുമാനം :-**

അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതിന്റെ ഭാഗമായി മംഗൽപ്പാടിയിൽ മാലിന്യ പ്രശ്നം വളരെ രൂക്ഷമാണെന്ന് യോഗം വിലയിരുത്തി. പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ കാര്യക്ഷമമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഗ്രാമപഞ്ചായത്തിന്റെ മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ബന്ധപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**26.09.2023-ന നൽകിയ റിപ്പോർട്ട്:-** മംഗൽപ്പാടി ഗ്രാമപഞ്ചായത്തിന്റെ 24.02.2022 തീയതിയിൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ അന്നേ ദിവസം വിഷയം ചർച്ച ചെയ്തില്ല. എന്നാൽ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയുടെ ബില്ലുകൾ ഒന്നും തന്നെ അനുവദിക്കരുത് എന്നു കാണിച്ച് 16 മെമ്പർമാർ ഒപ്പിട്ട് നൽകിയ കുറിപ്പ് 05.07.2022 ലെ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത കുറിപ്പിൽ മാലിന്യം നീക്കം ചെയ്ത വകയിൽ കരാറുകാരന് നൽകിയ 15 ലക്ഷം രൂപ തിരികെ പിടിക്കണം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

കുമ്പന്നൂർ മാലന്യപ്ലാന്റിൽ കെട്ടിക്കിടക്കുന്ന അജൈവ മാലിന്യം നീക്കം ചെയ്ത വകയിൽ 85.00 ലക്ഷം രൂപ അടങ്കലിലുള്ള 138/22 നമ്പർ പ്രോജക്ട് രൂപീകരിച്ച് തനത് ഫണ്ടിൽ നിന്നും 15.00 ലക്ഷം രൂപ കരാറുകാരനായ ശ്രീ ഷബീർ തലപ്പാടി അബ്ബാസ് എന്നയാൾക്ക് നൽകി. പ്രോജക്ട് വെറ്റിംഗ് സമയത്ത് തന്നെ വെറ്റിംഗ് ഓഫീസർ ആയ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ അപാകതകൾ ചൂണ്ടിക്കാട്ടി പ്രോജക്ടിന് വെറ്റിംഗ് നൽകിയില്ല. തുടർന്ന് മഞ്ചേശ്വരം ബി.ഡി.ഒ മുഖാന്തരം പ്രോജക്ട് വെറ്റിംഗ് ലഭ്യമാക്കി. വലിയ തുകയുള്ള പ്രോജക്ട് ആയിരുന്നെങ്കിലും, ഇ-ടെണ്ടർ നടത്താതെ സാധാരണ ടെണ്ടർ ആണ് നടത്തിയത്. മാലിന്യം നീക്കം ചെയ്യുന്നത് അംഗീകൃത കമ്പനികളെ ഏൽപ്പിക്കുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നതെങ്കിലും വ്യക്തികളാണ് ടെണ്ടറിൽ പങ്കെടുത്തത്. കൂടാതെ ടെണ്ടർ സമർപ്പിച്ച മൂന്ന് പേരിൽ ഏറ്റവും കുറഞ്ഞ തുകയായ 2600 രൂപ/ടൺ രേഖപ്പെടുത്തിയാൾക്ക് വർക്ക് ഓർഡർ നൽകിയെങ്കിലും, ടെണ്ടർ അംഗീകരിച്ചത് സംബന്ധിച്ച ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല. തുടർന്ന് ടെണ്ടറിൽ പങ്കെടുത്തതിൽ ഏറ്റവും ഉയർന്ന തുകയായ 3500 രൂപ/ടൺ രേഖപ്പെടുത്തിയ ശ്രീ ഷബീർ തലപ്പാടി അബ്ബാസ് എന്നയാൾക്ക് പുതുക്കിയ വർക്ക് ഓർഡർ നൽകി. ഇതു സംബന്ധിച്ചും കമ്മിറ്റി തീരുമാനങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. 2750 രൂപ/ടൺ എന്ന നിരക്കിലാണ് ശ്രീ ഷബീർ തലപ്പാടി അബ്ബാസ് മാലിന്യം നീക്കം ചെയ്തതിന് ഗ്രാമപഞ്ചായത്തിനോട് പ്രതിഫലം ആവശ്യപ്പെട്ടത്. കൂടാതെ White Board Distributors തൊക്കോട്ട് എന്ന സ്ഥാപനത്തിന്റെ ലെറ്റർ പാഡിലാണ് ഇദ്ദേഹം അപേക്ഷ നൽകിയിട്ടുള്ളത്. ശ്രീ ഷബീർ തലപ്പാടി അബ്ബാസ് എന്നയാളുമായി നെഗോസിയേഷൻ നടത്തിയത് സംബന്ധിച്ച രേഖകളോ കമ്മിറ്റി തീരുമാനമോ ഇല്ല. നീക്കം ചെയ്ത മാലിന്യത്തിന്റെ അളവും, നീക്കം ചെയ്ത മാലിന്യം എവിടെയാണ് നിക്ഷേപിച്ചത് എന്നത് സംബന്ധിച്ചും രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. മേൽ വിവരങ്ങൾ സഹിതം ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടും നൽകിയിട്ടുണ്ട്.

**തീരുമാനം :-**

1) റൂറൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം ഈ പ്രോജക്ട് സംബന്ധിച്ച് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. അതിനാൽ ഇ-ടെണ്ടറിനു പകരം ടെണ്ടർ നടപടി സ്വീകരിച്ചത് വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.
2) എന്നാൽ മാലിന്യം നീക്കം ചെയ്യുന്നത് സംബന്ധിച്ച് ഇനിയുള്ള പ്രവൃത്തികൾ മാർഗ്ഗനിർദ്ദേശ പ്രകാരം ഇ- ടെണ്ടറിലൂടെയോ സർക്കാർ അനുമതിയുള്ള മറ്റു നടപടിക്രമങ്ങളിലൂടെയോ നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്** |
|---|---|

**<u>2.6 ഖണ്ഡിക 4.49</u>**

**<u>ആറളം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും തദ്ദേശസ്വയംഭരണവകുപ്പ് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.03.2023 ലെ D3/2766/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 513/23 - CC/149/23)**

**വിഷയം:-** വീർപ്പാട് പൊതു ശ്മശാനത്തിന് നവീകരണപ്രവർത്തനം നടത്തിയതിന്റെ ബിൽതുക നല്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 212/23* | ***അടങ്കൽ*** | ***6,25,662/- രൂപ*** *(സി.എഫ്.സി റ്റൈഡ്)* |
|---|---|---|
| ***പേര്*** | **വീർപ്പാട് പൊതു ശ്മശാനം നവീകരണം** | |

വീർപ്പാട് പൊതു ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവ നിർമ്മിച്ചത് **RAIDCO** ആണ്. പൊതു ശ്മശാനത്തിന് മേൽക്കൂരയുടെ മുകളിൽ ഷീറ്റ് ഇടൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നീ അനുബന്ധ പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടിയിരുന്നു.

ഇതിനു പ്രോജക്റ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു. രണ്ടു പേർ ടെണ്ടറിൽ പങ്കെടുത്തു. എസ്റ്റിമേറ്റിനെക്കാൾ 0.009 ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ.തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തിയെ തെരഞ്ഞെടുത്തു. എന്നാൽ കരാറടക്കമുള്ള ബാക്കി നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപു തന്നെ ഈ വ്യക്തി നിർമ്മാണം ആരംഭിച്ചു. കരാറിലേർപ്പെടാതെ നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടതു പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർത്തി വച്ചിരിക്കുകയാണ്. 50 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി. ഇപ്പോൾ നടത്തിയ നിർമ്മാണത്തിന്റെ വാല്യുവേഷൻ തുക 4,71,299 രൂപയാണ്. ഈ നിർമ്മാണം നശിച്ചുപോകും എന്നതിനാൽ ഇനിയുള്ള പ്രവൃത്തികൾ വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകുവാനും ഇനിയുള്ള നിർമ്മാണം പൂർത്തിയാക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>15.06.2023 ലെ തീരുമാനം</u> :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ക്രമനമ്പർ 2.6 ഖണ്ഡിക 4.49, ഖണ്ഡിക 4.50 എന്നിവ ചേർത്ത് റിപ്പോർട്ട് നൽകി.

സമാന വിഷയമായ ക്രമ നമ്പർ 2.6 ഖണ്ഡിക 4.50 ന്റെ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ 2) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.50</u>**

**4.50 <u>ആറളം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും ആറളം ഗ്രാമപഞ്ചായത്തു ഭരണസിമിതിയുടെ 0302.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 514/23 - CC/150/23)**

**വിഷയം:-** വീർപ്പാട് പൊതുശ്മശാനം അനുബന്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 284/23*** | ***അടങ്കൽ*** | ***8,00,000/- രൂപ (വികസനഫണ്ട് - ജനറൽ)*** |
| ***പേര്*** | **വീർപ്പാട് പൊതുശ്മശാനം - ചുറ്റുമതിലും അനുബന്ധ പ്രവൃത്തികളും** | |

ആറളം ഗ്രാമപഞ്ചായത്തിൽ വീർപ്പാട് ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ RAIDCO ആണ് നടത്തിയത്. ശ്മശാനത്തിന് ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവർത്തനത്തിനുമാണ് ഈ പ്രോജക്റ്റ്. ഇതിനായി പ്രവൃത്തി ടെണ്ടർ ചെയ്തു. ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തി എസ്റ്റിമേറ്റ് തുകയേക്കാൾ 0.009 ശതമാനം കുറവിൽ ക്വാട്ട് ചെയ്യുകയും ഈ ആളെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കരാറിൽ ഏർപ്പെടുന്ന തടക്കമുള്ള നടപടികൾ പൂർത്തിയാക്കാതെ ഈ വ്യക്തി ഏകദേശം 50 ശതമാനം നിർമ്മാണം പൂർത്തിയാക്കി. വാല്യുവേഷൻ പ്രകാരം 3,06,398/- രൂപയുടെ നിർമ്മാണമാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള നിർമ്മാണം വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാനും ഇനിയുള്ള നിർമ്മാണം നടത്താനും അനുമതി സംബന്ധിച്ച്.

**<u>26.09.2023നു നൽകിയ റിപ്പോർട്ട്</u>:-** മുകളിൽ പറഞ്ഞ രണ്ടു പ്രവൃത്തികളിൽ (4.49 & 4.50) ആദ്യത്തേത് 80 ശതമാനത്തോളവും രണ്ടാമത്തേത് 50 ശതമാനത്തോളവും പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ രണ്ടു പ്രവൃത്തികളും നിർത്തി വച്ചിരിക്കുകയാണ്. ഈ പ്രവൃത്തികളുടെ നിർമ്മാണ ഘട്ടത്തിൽ എഞ്ചിനീയറിംഗിന്റെ മേൽനോട്ടമില്ലാതിരുന്നതിനാൽ ഗുണനിലവാരം സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തണം. അതിനാൽ നിലവിൽ ഭാഗികമായി പൂർത്തീകരിക്കപ്പെട്ട

പ്രവൃത്തികളുടെ ഗുണനിലവാരം (ആവശ്യമെങ്കിൽ ക്വാളിറ്റി ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ) തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ ഉറപ്പ് വരുത്തണം. ഒപ്പം പ്രവൃത്തികളുടെ വാല്യുവേഷൻ തയ്യാറാക്കി ഇതും എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. ഇനി പൂർത്തീകരിക്കാനുള്ള ശേഷിച്ച പ്രവൃത്തികൾക്ക് പുതുതായി പ്രോജക്ട് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി മാനദണ്ഡപ്രകാരം തുടർനടപടി സ്വീകരിക്കണമെന്നും അറിയിച്ചു.

**തീരുമാനം :-** നിലവിൽ ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ഗുണനിലവാരം ക്വാളിറ്റി ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തണം. ഒപ്പം ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കണം. ഈ നടപടിക്രമങ്ങൾ പാലിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ തുക നൽകാവുന്നതാണ്. ഒപ്പം ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് പുതിയ പ്രോജക്ട് തയ്യാറാക്കി മാനദണ്ഡപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.7 ഖണ്ഡിക 4.7**

**ആലങ്ങാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2023, 27.04.2023എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG 675/23 – CC /242/2023).**

**വിഷയം:-** കരീച്ചാൽ പാടശേഖരത്തിൽ നിലമൊരുക്കുന്നതിന് നടത്തിയ പ്രവർത്തനത്തിന് ചെലവ് നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 108/2024** | ***അടങ്കൽ*** | ***5,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | **കരീച്ചാൽ പാടശേഖരത്തിനു കുറുകെ ചാലുകീറി ബണ്ടു സ്ഥാപിക്കൽ – തുക കൈമാറൽ** | |

ആലങ്ങാട് ഗ്രാമപഞ്ചായത്ത് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചനീയർ ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. പ്രോജക്ടു നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് അളവുകൾ (ലവൽസ്) എടുക്കണമായിരുന്നു. എന്നാൽ ഇതിനു മുമ്പേ കർഷകൻ നിർമ്മാണം ആരംഭിച്ചു. അതിനാൽ മെഷർമെന്റ് എടുക്കാൻ ബുദ്ധിമുട്ടാണെന്ന് ആലങ്ങാട് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഇതുവരെ നടത്തിയ പ്രവർത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തുക നൽകാമെന്നും തുടർന്നുള്ള പ്രവർത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണം നടത്തണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർന്നു അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുത്തതു പ്രകാരം 7,18,710 രൂപയാണ് ചെലവ്. തോട് ആഴം കൂട്ടലും ബണ്ടു നിർമ്മാണവുമാണ്

ചെയ്ത പ്രവർത്തനങ്ങൾ. ഈ പ്രവർത്തികൾ പാടശേഖര സമിതിയുടെ മേൽനോട്ടത്തിൽ കർഷകനായ ശ്രീ ടിന്റോ കെ എടയാടി, പുളിങ്കുന്ന്, ആലപ്പുഴ എന്ന വ്യക്തിയാണ് ചെയ്തത്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം :-** നടപടിക്രമങ്ങൾ പാലിക്കാതെയാണ് നിർമ്മാണങ്ങൾ ചെയ്തത് എന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരമുള്ള റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തസ്വഭവ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.7 ഖണ്ഡിക 4.9**

**പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘം**

**വിഷയം:-** പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണസംഘത്തിൽ നിന്ന് വിവിധ ഉല്പന്നങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ മണ്ണടി കേന്ദ്രമായി പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘം (**PAMCOS**) പ്രവർത്തിക്കുന്നു. വിവിധയിനം വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഇവിടത്തെ നഴ്സറിയിൽ ഉണ്ട്. ഒപ്പം ജൈവവളവും സംഘം ഉല്പാദിപ്പിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ കൃഷിയ്ക്കാവശ്യമായ വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളക് തൈകൾ, തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ മറ്റു വിവിധയിനം നടീൽ വസ്തുക്കൾ, ജൈവ കീടനാശിനികൾ എന്നിവ **PAMCOS** -ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ലെ യോഗത്തിൽ നിർദ്ദേശിച്ചതുപോലെ ഈ സംഘത്തെ സംബന്ധിച്ച് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് വാങ്ങി നൽകണം. ഇതിനായി പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.7 ഖണ്ഡിക 4.12**

**മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.01.2023 ലെ 1(5)-ാം നമ്പർ തീരുമാനവും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 11.01.2023 ലെ** A1-5725/2022-**ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG** 512/23 **- CC/164/2023)**

**വിഷയം:-** ക്യാൻസർ പരിശോധനാ ക്യാമ്പ് നടത്തിയതിന്റെ ചെലവ് നൽകുന്നത് സംബന്ധിച്ച്.

**(ii)** താഴെ പറയുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തണമെന്ന ആവശ്യം സംബന്ധിച്ച്.

എ) പദ്ധതി മാർഗ്ഗരേഖയിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും രോഗ നിർണ്ണയ ടെസ്റ്റുകൾ ഏതൊക്കെ വ്യക്തികൾക്ക് നടത്താം, ചികിത്സാ നിർണ്ണയം, തുടർ ചികിത്സ തുടങ്ങിയവയ്ക്ക് സ്വീകരിക്കേണ്ട മാനദണ്ഡം എന്നിവയിൽ വ്യക്തത വരുത്തണം.

ബി) ഗ്രാമപഞ്ചായത്തുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്കാശുപത്രികളിൽ സ്ഥിരം സംവിധാനമായി ക്യാമ്പു നടത്തുന്നതിന് അനുമതി.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.5 (**vii-എ)** ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>**2) ആരോഗ്യവകുപ്പ് ഡയറക്ടർ**<br>**3) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.7 ഖണ്ഡിക 4.16**
**മറ്റത്തൂർ ഗ്രാമപഞ്ചായത്ത്**

**സർക്കാരിന്റെ 29.03.2023 ലെ** DB3/152/2023/**തസ്വഭവ നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2023 ലെ** A2-Plan /GEN/CHC/2023**-ാം നമ്പർ കത്തും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനവും (SRG 647/23)**

**വിഷയം:-** മറ്റത്തൂർ സി.എച്ച്.സിയിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നത് സംബന്ധിച്ച്.

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പ്രാഥമികാരോഗ്യകേന്ദ്രമില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെയാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ആശ്രയിക്കുന്നത്. ഇവിടെ രണ്ടു പട്ടികവർഗ്ഗസങ്കേതങ്ങൾ കൂടിയുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി ഇല്ലാത്തതിനാൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് കരാറടിസ്ഥാനത്തിൽ ഈ സി.എച്ച്.സിയിൽ നിയമിക്കാൻ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്രത്യേകാനുമതി നൽകിയിരുന്നു. കഴിഞ്ഞ വർഷം നൽകിയ അനുമതി തുടർ വർഷത്തേക്കു കൂടി ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം :-** ബ്ലോക്കു പഞ്ചായത്തിനു കീഴിലുള്ള സി.എച്ച്.സിയിലേക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തുടർന്നും നിയമിക്കേണ്ട ആവശ്യകത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ആരോഗ്യവകുപ്പ് ഡയറക്ടർ**<br>**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.7 ഖണ്ഡിക 4.28**
**ഉദുമ ഗ്രാമപഞ്ചായത്ത്**
**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023-ലെ കത്ത് (SRG 378/23 CC - 2/23)**

**വിഷയം:-** ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നത് സംബന്ധിച്ച്.

കഴിഞ്ഞ വർഷം ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് 6,82,500 രൂപ വകയിരുത്തി (വികസനഫണ്ട് ജനറൽ) പ്രോജക്ട് തയ്യാറാക്കിയിരുന്നു. 2021-22 വർഷം മുച്ചക്ര വാഹനം നൽകാനായി 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും 6 പേർക്ക് മുച്ചക്ര വാഹനം വാങ്ങി നൽകുകയും ചെയ്തിരുന്നു. മാർഗരേഖ പ്രകാരം ഈ പ്രോജക്ട് നടപ്പാക്കാവുന്നത് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. എന്നാൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തോ കാസർഗോഡ് ജില്ലാ പഞ്ചായത്തോ 2022-23-ൽ ഇതിനായി പ്രോജക്ട്

തയ്യാറാക്കിയിരുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് കെൽട്രോണിൽ നിന്ന് ഇൻവോയ്സ് വാങ്ങി പർച്ചേസ് ഓർഡർ നൽകി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം:-</u>** ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്നു വാങ്ങാൻ പർച്ചേസ് ഓർഡർ നൽകിയത് വീഴ്ചയാണ്. സാമൂഹ്യനീതി വകുപ്പിൽ ഇത്തരം ഉപകരണങ്ങൾ പർച്ചേസ് കമ്മിറ്റി മുഖേനയാണ് വാങ്ങുന്നതെന്ന് യോഗം നിരീക്ഷിച്ചു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023-ന നൽകിയ റിപ്പോർട്ട്</u> :-** സർക്കാരിന്റെ 01.11.2017 ലെ 3527/2017/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെൽട്രോണിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിൽ നിന്ന് വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** അനുമതി നൽകുന്നു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

**<u>2.7 ഖണ്ഡിക 4.33</u>**
**<u>രായമംഗലം ഗ്രാമപഞ്ചായത്ത്</u>**
**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2023, 07.03.2023 എന്നീ തീയതികളിലെ കത്തുകൾ (SRG 516/23 – CC-99/2023)**

**വിഷയം:-** ഭൂരഹിത ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

രായമംഗലം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ലതികകുമാരി നാട്ടുകാണി, ശ്രീ സുനിൽകുമാർ അമ്പലത്തിങ്കൽ എന്നിവർക്ക് ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ വഴി വീടിനു ഭൂമി ലഭിച്ചു. ഇവരിൽ ശ്രീമതി ലതികകുമാരി സഹോദരന്റെ കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. സഹോദരന്റെ കൂടെയാണ് താമസിക്കുന്നത്. മാറി താമസിക്കുന്നതിനാണ് പുതിയ വീടിന് അപേക്ഷ നൽകിയത്. ശ്രീ. സുനിൽകുമാർ മാതാവിന്റെ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ റേഷൻ കാർഡിൽ നിന്ന് പേരൊഴിവാക്കി കുടുംബമായി വാടക വീട്ടിൽ താമസിക്കുന്നു. ഈ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം</u> :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 ന നൽകിയ റിപ്പോർട്ട്</u>:-** ലൈഫ് മാനദണ്ഡമനുസരിച്ച് ഇവർക്ക് ആനുകൂല്യത്തിന് അർഹതയില്ല. എങ്കിലും ലൈഫ് ചിറ്റിലപ്പള്ളി ഭവന പദ്ധതിയുടെ ധാരണാപത്രമനുസരിച്ച് ഈ പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനു ധനസഹായം നൽകേണ്ടതുണ്ട് എന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**തീരുമാനം:-** ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

**2.7 ഖണ്ഡിക 4.39**
**ചുനക്കര ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്ത് (SRG 642/23 - CC /262/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടുനിർമ്മിക്കുന്നതു സംബന്ധിച്ച്.

ചുനക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന ലിസ്റ്റിൽ ശ്രീ. നവാസ് പൊടിയൻ, കാമറ വടക്കേതിൽ എന്ന ആൾ ക്രമ നമ്പർ 263 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ ഭാര്യ ക്യാൻസർ രോഗിയും കഴിഞ്ഞ രണ്ടു വർഷമായി തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിലുമാണ്. മുൻഗണനാ പട്ടിക തയ്യാറാക്കിയപ്പോൾ ഈ ക്ലേശഘടകം ഉൾപ്പെടുത്താത്തതിനാലാണ് പട്ടികയിൽ പിന്നിലായതെന്ന് അറിയിച്ചിരുന്നു. ഇവർ ഇപ്പോൾ പ്ലാസ്റ്റിക് മേഞ്ഞ ഷെഡിലാണ് താമസിക്കുന്നത്. അതിനാൽ ക്രമ നമ്പർ പരിഗണിക്കാതെ ആദ്യം വീട് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം :-** ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് ഇവർ ക്ലേശഘടകമായ ക്യാൻസർ രോഗിയായിരുന്നോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**26.09.2023-ന് നൽകിയ റിപ്പോർട്ട്:-** കുടുംബത്തിന്റെ സാഹചര്യവും ഭവനത്തിന്റെ സ്ഥിതിയും പരിഗണിച്ച് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കപ്പെടേണ്ടതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകി.

**തീരുമാനം :-** അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.7 ഖണ്ഡിക 4.41**
**കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്ത് (SRG 699/23 - CC/299)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീടു നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 125/24*** | ***അടങ്കൽ*** | ***1,49,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *33,00,000 രൂപ* |
| | *സി.എഫ്.സി ബെയ്സിക് ഗ്രാന്റ്* | *1,00,000 രൂപ* |
| | *സർക്കാർ വിഹിതം* | *5,00,000 രൂപ* |
| | *ലോൺ* | *1,00,00,000 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| ***പേര് - ലൈഫ് ഭവനപദ്ധതി ജനറൽ 2023-24*** | | |

കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലുള്ള ശ്രീമതി ഗിരിജ കുമാരി, പുളിക്കൽ ഹൗസ് എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ലൈഫ് ഭവനപദ്ധതി പ്രകാരം 25 സെന്റിൽ താഴെ സ്വന്തമായി സ്ഥലമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. ഈ കുടുംബത്തിന് 28 സെന്റ് സ്ഥലമുണ്ട്. ഇവർക്ക് തലാസീമിയ എന്ന രോഗം ബാധിച്ച മകനുണ്ടെന്നും മാസത്തിൽ മൂന്നു പ്രാവശ്യം രക്തം

മാറ്റിവയ്ക്കേണ്ടതുണ്ടെന്നും അറിയിച്ചിരിക്കുന്നു. വാസയോഗ്യമായ ഭവനമില്ലാത്തതിനാൽ അണുബാധ ഉണ്ടാകാതിരിക്കാൻ ബന്ധുവീട്ടിലാണ് ഇവർ താമസിക്കുന്നതെന്നറിയിച്ചുകൊണ്ട് 25 സെന്റ് ഭൂമി എന്നതിൽ ഇളവു നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.7 ഖണ്ഡിക 4.47**

**പെരുമ്പാവൂർ നഗരസഭ**

**പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023-ലെ** PH3- S097/23-ാം **നമ്പർ കത്തും അനുബന്ധരേഖകളും (SRG 835/23).**

**വിഷയം:-** പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022-23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.06.2023 ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.7 ഖണ്ഡിക 4.50**

**ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.04.2023, 20.04.23 എന്നീ തീയതികളിലെ കത്തുകളും (രണ്ടെണ്ണം) ശ്രീമൂലനഗരം സെക്രട്ടറിയുടെ 17.04.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 686/23 - CC-952/2022)**

**വിഷയം:-** സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 61/21 | *അടങ്കൽ* | *4,90,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | **സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്** | |

ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് 2020-21 വർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി 4.90 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിനായി കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം ആദ്യ മൂന്നുമാസത്തെ ബിൽതുകയായ 4,89,310 രൂപ നൽകി. രണ്ടാമത്തെ ഗഡു (രണ്ടാം ത്രൈമാസ ഗഡു) നൽകുന്നതിനായി 3,43,877 രൂപയുടെ ബിൽ 03.08.21 ന് കരാറുകാരൻ ഗ്രാമപഞ്ചായത്തിന് നൽകി. എന്നാൽ ഈ തുക നൽകാനായി മുകളിൽ പറഞ്ഞ പ്രോജക്ട് ഭേദഗതി ചെയ്ത് അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനോ 2021-22 വർഷം സ്പിൽഓവറായി ഈ പ്രോജക്ട് ഉൾപ്പെടുത്തുന്നതിനോ കഴിഞ്ഞില്ല. മുൻ വർഷത്തെ ചെലവിനത്തിൽ നൽകാനുള്ളതായതിനാൽ വികസനഫണ്ടോ തനതു ഫണ്ടോ ഉപയോഗിച്ച് ബിൽ തുക കരാറുകാരന് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം:-</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 നു നൽകിയ റിപ്പോർട്ട്:-</u>** കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചതിനാലും പ്രവൃത്തി സംബന്ധിച്ച് പരാതികൾ ഇല്ലാത്തതിനാലും കരാറുകാരന് രണ്ടാം ഗഡുവായി നൽകേണ്ട തുക നൽകാൻ 31.10.2022 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുക നൽകുന്നതിന് അനുകൂല തീരുമാനമെടുക്കാവുന്നതാണെന്ന് അറിയിച്ചു.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.7 ഖണ്ഡിക 4.53</u>**

**<u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022 ലെ** A3-330/22-ാം **നമ്പർ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 9 (15)-ാം നമ്പർ തീരുമാനവും പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.03.2023 ലെ കത്തും (SRG/407/23,** SRG/**502/23-** CC/586/22**).**

**വിഷയം:-** മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എടത്തനാട്ടുകര MCF ലേക്ക് ശ്രീ അബ്ദുൾ സലാം എന്നയാളുടെ KL-04-S919 എന്ന നമ്പറിലുള്ള വാഹനത്തിലാണ് നീക്കം ചെയ്തത്. 15.10.2020 മുതൽ 18.10.2021 വരെ ഈ വാഹനം ഉപയോഗിച്ചെങ്കിലും വാടക നൽകിയിട്ടില്ല. വാടകയിനത്തിൽ നൽകേണ്ട തുക 1,27,000 രൂപയാണ്.

ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്നു. കൊവിഡ് കാലഘട്ടമായിരുന്നതിനാൽ ക്വട്ടേഷൻ വിളിക്കുകയോ വാഹന ഉടമ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. വാടകകുടിശ്ശിക നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം :-</u>** ഈ വാഹനം എത്ര ദിവസമാണ് ഗ്രാമപഞ്ചായത്തിനുവേണ്ടി വാടകയ്ക്ക് എടുത്തത്, എത്ര കിലോമീറ്റർ ഓടി, ലോഗ് ബുക്കിന്റെ പകർപ്പ് എന്നിവയടക്കം റൂറൽ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023-നു നൽകിയ റിപ്പോർട്ട്</u>** :- രേഖകൾ പരിശോധിച്ച പ്രകാരം 1,23,000 രൂപ വാഹന വാടക നൽകാമെന്ന് റിപ്പോർട്ട് നൽകി.

**തീരുമാനം:-** വാഹന വാടകയിനത്തിൽ 1,23,000 രൂപ നൽകാൻ അനുമതി നൽകുന്നു. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്** |

**2.7 ഖണ്ഡിക 4.56**

**മൊകേരി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്തും മൊകേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.11.2022 ലെ 1/174(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 637/23 - CC /266/2023).**

**വിഷയം:-** മൊകേരി എ.കെ.ജി വായനശാല ആന്റ് ഗ്രന്ഥാലയത്തിന് പൊതു ശൗചാലയം നിർമ്മിക്കുന്നതു സംബന്ധിച്ച്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളോടു ചേർന്ന് പൊതു ശൗചാലയം നിർമ്മിക്കുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നു. ഇതിനായി ശുചിത്വമിഷൻ 1.80 ലക്ഷം രൂപയും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 20,000 രൂപയും അനുവദിച്ചിട്ടുണ്ട്. കോസ്റ്റ് ഫോർഡാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർക്ക് എസ്റ്റിമേറ്റിന്റെ പകർപ്പ് നൽകികൊണ്ട് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി ചെയ്യിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ കോസ്റ്റ് ഫോർഡിന്റെ സേവനം വേണ്ട രീതിയിൽ ലഭിച്ചില്ല. അസി.എഞ്ചിനീയറുടെ മേൽനോട്ടവും ലഭിച്ചില്ല. ഗുണഭോക്തൃ സമിതി ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ തുക നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.06.2023 ലെ തീരുമാനം** :- ഗ്രാമപഞ്ചായത്തു നൽകിയ കത്തിൽ വ്യക്തത കുറവുണ്ട്. വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ശുചിത്വമിഷൻ<br>2)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്** |

**2.7 ഖണ്ഡിക 4.57**

**അലനല്ലൂർ ഗ്രാമപഞ്ചായത്ത്**

**അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022 ലെ A3-7144/2022-ാം നമ്പർ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 9(16)-ാം നമ്പർ തീരുമാനവും സർക്കാരിന്റെ 10.04.2023 ലെ ധന 3/83/2023/LSGM നമ്പർ കത്തും (SRG 681/23, SRG/739/23, SRG/501/23 - CC / 585/2022).**

**വിഷയം:-** എം.സി.എഫിൽ ശേഖരിച്ച മാലിന്യം നീക്കം ചെയ്തതിന്റെ ചെലവ് നൽകുന്നതു സംബന്ധിച്ച്.

അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് ലെ മാലിന്യം നീക്കം ചെയ്ത ഇനത്തിൽ അരവിന്ദ് അസ്സോസിയേറ്റ് എന്ന സ്ഥാപനത്തിന് 1,33,880 രൂപ നൽകാനുണ്ട്. എം.സി.എഫിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻകേരള കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ക്ലീൻകേരള കമ്പനി നടപടി സ്വീകരിക്കാത്തതിനാലും എം.സി.എഫ് സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ട സാഹചര്യം വന്നതിനാലുമാണ് ടെണ്ടർ വിളിക്കാതെ ഈ കമ്പനിയെ തെരഞ്ഞെടുത്തത്. കരാറിലേർപ്പെടാതെയാണ് മാലിന്യം നീക്കം ചെയ്യിപ്പിച്ചത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ നടപടി സ്വീകരിച്ചത് എന്ന് ചൂണ്ടി കാണിച്ച് അരവിന്ദ്

അസ്സോസിയേറ്റിനു നൽകേണ്ട 1,33,880 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.06.2023 ലെ തീരുമാനം:–</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.
**<u>26.09.2023 ന് നൽകിയ റിപ്പോർട്ട്</u>** :- **1,33,880** രൂപ അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം** :- അനുമതി നൽകുന്നു. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്** |

**<u>2.8 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 നു കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.8 ഖണ്ഡിക 4.9</u>**
**<u>പാണാവള്ളി ഗ്രാമപഞ്ചായത്ത്</u>**
**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.04.2023 ലെ കത്തും പാണാവള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.01.2023 ലെ 12(1)–ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.03.2023 ലെ SC2–2741/22–ാം നമ്പർ കത്തും (SRG 635/23 – CC /193/23).**

**വിഷയം:–** 2019–20 വർഷം പദ്ധതിയിൽ ഉണ്ടായിരുന്ന വളവിൽ ചിറകോളനി റോഡ് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 80/20** | ***അടങ്കൽ*** | ***2,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **വളവിൽ ചിറ കോളനി റോഡ് – (3)** | |

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 3–ാം വാർഡിൽ വളവിൽചിറ കോളനി റോഡ് നിർമ്മാണത്തിന് 2019–20 വർഷം പ്രോജക്ട് എടുത്തിരുന്നു. 28.02.2020 ൽ റീ ടെണ്ടർ നടന്നപ്പോൾ ഈ പ്രവൃത്തി റീ ടെണ്ടറിൽ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയ ശ്രീ. ബഷീർ ഇ.കെ എന്നയാളുമായി 20.03.2020 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടു. എന്നാൽ ഇതിനു ശേഷമാണ് പ്രോജക്ട് വെറ്റ ചെയ്തത്. അടങ്കലിന്റെ ഘടനയിൽ ഭേദഗതി ചെയ്ത് ഈ പ്രോജക്ട് 2020–21 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി. 2020–21 നു ശേഷമുള്ള രണ്ടു വർഷം ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി. നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ചയുണ്ടായി എന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>03.07.2023 ലെ തീരുമാനം</u> :–** പ്രോജക്ടിന്റെ വെറ്റിംഗ് നടപടി പൂർത്തിയാക്കാതെ ടെണ്ടർ ചെയ്ത് കരാറിലേർപ്പെട്ടതും രണ്ടു വർഷകാലത്തേക്ക് സ്പിൽഓവർ ആയി ഉൾപ്പെടുത്താത്തതും അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 നു നൽകിയ റിപ്പോർട്ട്</u>**:– 2019–20 ൽ ഈ പ്രോജക്ട് ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതും വെറ്റ ചെയ്ത് സാങ്കേതികാനുമതിയോടെ ടെണ്ടർ ചെയ്തതും ആണ്. എന്നാൽ 2020–21 ൽ ഇതു ഭേദഗതിയോടെ സ്പിൽ ഓവറാക്കി. ഈ സമയത്ത് ഭരണസമിതി അംഗീകാരം ഇല്ലായിരുന്നു. വെറ്റിംഗും നടത്തിയില്ല. 18.06.2022 ൽ ഭരണസമിതി അംഗീകാരം ലഭിക്കുകയും വെറ്റിംഗ് പൂർത്തിയാക്കുകയും ചെയ്തു. 2020–21 നു ശേഷം സ്പിൽഓവർ ആക്കിയില്ല

എന്നതിനാലാണ് കോഓർഡിനേഷൽ കമ്മിറ്റി അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും മനപൂർവ്വമായ വീഴ്ച വന്നിട്ടില്ല എന്ന് റിപ്പോർട്ട് നൽകിയിരിക്കുന്നു.

**തീരുമാനം :-** ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ വീഴ്ച ഉണ്ടാകരുത് എന്ന നിർദ്ദേശത്തോടെ സ്പിൽഓവർ ആയി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.8 ഖണ്ഡിക 4.13**

**കോട്ടയം നഗരസഭ**

**ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG 802/23)**

**വിഷയം:-** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**<u>03.07.2023 ലെ തീരുമാനം</u> :-** പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ജില്ലാ കളക്ടർ, കോട്ടയം<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.8 ഖണ്ഡിക 4.15**

**തെന്മല ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.05.2023 ലെ കത്ത് (SRG 780/23 - CC /342/2023)**

**വിഷയം:-** ഇറിഗേഷൻ കനാലിന് മുകളിലൂടെ പാലം നിർമ്മിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യുന്നതു സംബന്ധിച്ച്

| *പ്രോ.നം: 187/23* | ***അടങ്കൽ*** | ***46,00,000 രൂപ*** |
|---|---|---|
| | *എ സ്.സി.പി* | *28,62,300 രൂപ* |
| | *തനത് ഫണ്ട്* | *1,37,700 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *16,00,000 രൂപ* |
| ***പേര്*** | **14 ഏക്കർ എസ്.സി കോളനിക്ക് KIP കനാലിനു കുറുകെ പാലം നിർമ്മിക്കൽ** | |

തെന്മല ഗ്രാമപഞ്ചായത്തിൽ 14 ഏക്കർ എസ്.സി കോളനി ഭാഗത്ത് **KIP** കനാലിനു മുകളിലൂടെ പാലം നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി തുക ഇറിഗേഷൻ വകുപ്പിനു ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :-** കനാലിനു മുകളിലൂടെയായതിനാൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയർക്കുതന്നെ നിർവ്വഹണം നടത്താൻ തടസ്സമുണ്ടോ എന്ന് അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഈ പ്രോജക്ടിൽ 28.623 ലക്ഷം രൂപ എസ്.സി.പി ഫണ്ടാണ്. അതിനാൽ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽമാപ്പും ലഭിച്ചിട്ടുണ്ടോ എന്നും പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**26.09.2023 ന നൽകിയ റിപ്പോർട്ട്:-** ഈ പ്രോജക്ട് ഇറിഗേഷൻ വകുപ്പിന് തുക ഡിപ്പോസിറ്റ് ചെയ്തു മാത്രമേ നടപ്പാക്കാൻ കഴിയു എന്നും എസ്.സി.പി ഫണ്ടുപയോഗിക്കാൻ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

**2.8 ഖണ്ഡിക 4.30**

**കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസനകമ്മീഷണറുടെ 09.03.2023 ലെ** CRD/5891/2022/HT-2-**നമ്പർ കത്തും കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 16.08.2022 ലെ 2(2)-ാം നമ്പർ തീരുമാനവും** PVIP **ഡിവിഷൻ നം.1 പെരുമ്പാവൂരിന്റെ 17.12.2022 ലെ ഉത്തരവും അനുബന്ധരേഖകളും (SRG/427/23).**

**വിഷയം:-** ജലവിഭവവകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്.

കോതമംഗലം ബ്ലോക്കിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണന കേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തി നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജല സേചന വകുപ്പിൽതന്നെ നിലനിർത്തിക്കൊണ്ട് മറ്റു നിബന്ധനകളോടെ വിപണന കേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ 17.12.2022 ൽ അനുമതി നൽകിയിട്ടുണ്ട്.

ഈ സ്ഥലത്തെ എല്ലാവിധ നിർമ്മാണങ്ങളും എല്ലാ കാലത്തും താല്ക്കാലിക നിർമ്മിതിയായി മാത്രമേ പരിഗണിക്കുകയുള്ളു എന്നും അതിനാൽ എത്ര നാളത്തേക്ക് കെട്ടിടം ഉപയോഗത്തിന് നൽകാമെന്നത് ഇപ്പോൾ നിശ്ചയിക്കാൻ സാധിക്കുകയില്ല എന്നതടക്കമുള്ള 17 നിബന്ധനകൾ ജലസേചന വകുപ്പ് അനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം:-** ഏതു തരം നിർമ്മാണമാണ് നടത്തുന്നതെന്നോ എന്തൊക്കെ വിപണനമാണ് ഈ കേന്ദ്രത്തിൽ നടത്താനുദ്ദേശിക്കുന്നതെന്നോ അറിയിച്ചിട്ടില്ല എന്നു യോഗം നിരീക്ഷിച്ചു. വനിതാ ഘടക പദ്ധതിയിലെ തുക കാര്യക്ഷമമായി ഉപോഗിക്കേണ്ടതുണ്ട്. ജലസേചന വകുപ്പ മുന്നോട്ടു വച്ചിരിക്കുന്ന നിബന്ധനകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 ന നൽകിയ റിപ്പോർട്ട്</u> –** ബ്ലോക്ക് പഞ്ചായത്ത് 9,29,405 രൂപ വകയിരുത്തി കോൺക്രീറ്റ് കെട്ടിടമാണ് വനിത വിപണന കേന്ദ്രത്തിനായി നിർമ്മിക്കാനുദ്ദേശിക്കുന്നത്. എല്ലാ നിർമ്മാണവും താല്ക്കാലികമായി മാത്രമേ പരിഗണിക്കു എന്ന് ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്ഥലം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയാൽ മാത്രമേ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയു എന്ന് അറിയിച്ചിട്ടുണ്ട്.

**തീരുമാനം:–** അനുമതി നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**<u>2.8 ഖണ്ഡിക 4.35</u>**

**<u>തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.03.2023 ലെ കത്തും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.01.2023 ലെ** X(2)-ാം **നമ്പർ തീരുമാനവും (SRG 506/23 – CC-**176/2023)

**വിഷയം:–** കേരളോത്സവത്തിന് അധികമായി തുക ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 1/23* | ***അടങ്കൽ*** | ***2,50,000 രൂപ*** |
| | *സർക്കാർ വിഹിതം (യുവജന ക്ഷേമ ബോർഡ്)* | ***1,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | ***1,22,850 രൂപ*** |
| | *തനത്ഫണ്ട്* | ***27150 രൂപ*** |
| ***പേര്*** | **കേരളോത്സവം** | |

കേരളോത്സവത്തിന് 2.50 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക മുഴുവൻ ചെലവഴിച്ചെങ്കിലും ഇനിയും കേരളോത്സവത്തിൽ പങ്കെടുത്തവർക്ക് യാത്രാബത്ത നൽകാൻ കഴിഞ്ഞില്ല. യാത്രാബത്ത ഇനത്തിൽ 73,200 രൂപ നൽകാനുണ്ട്. ഈ തുക തനതുഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. 244 മത്സരാർത്ഥികൾക്ക് 300 രൂപ നിരക്കിലാണ് യാത്രാബത്ത നൽകേണ്ടത്.

**<u>03.07.2023 ലെ തീരുമാനം</u> :–** എന്തുകൊണ്ട് ചെലവ് അധികരിച്ചു എന്നതടക്കം പരിശോധിച്ചു റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>26.09.2023 ന നൽകിയ റിപ്പോർട്ട്</u> –** കേരളോത്സവത്തിന് ചെലവഴിക്കാൻ 2.50 ലക്ഷം രൂപയാണ് ഉപയോഗിക്കാവുന്നത്. ഈ തുക ചെലവഴിച്ചു. എന്നാൽ മത്സരാർത്ഥികൾക്ക് യാത്രാ ബത്ത നൽകണമെന്ന് നിർദ്ദേശമുണ്ട് എന്നതിനാലാണ് കത്തിൽ പറയുന്ന 244 പേർക്ക് 300 രൂപ വീതം യാത്രാബത്ത നൽകാൻ (ആകെ 73,200 രൂപ) അധികമായി തുക ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നത്.

**തീരുമാനം:–** മത്സരാർത്ഥികൾക്ക് യാത്രാബത്ത നൽകാതെ തന്നെ അനുവദനീയമായ പരമാവധി തുക ചെലവഴിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. അനുവദനീയമായ തുകയേ ഇനി ഉപയോഗിക്കാവൂ എന്നു നിർദ്ദേശിക്കുന്നു. 244 മത്സരാർത്ഥികൾക്ക് അനുവദനീയമായ നിരക്കിൽ പരമാവധി 73,200 രൂപ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്** |

**2.8 ഖണ്ഡിക 4.38**

**അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2023, 15.03.2023 എന്നീ തീയതികളിലെ കത്തും അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2023 ലെ 5(3)-ാം നമ്പർ തീരുമാനവും (SRG 529/23, CC/170/2023).**

**വിഷയം:-** കുടിവെള്ളവിതരണ പദ്ധതിയുടെ ദൈനംദിന ചെലവ് നൽകുന്നതു സംബന്ധിച്ച്.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 9,10,11,12 വാർഡുകളിൽ പൂർണ്ണമായും മറ്റു വാർഡുകളിൽ ഭാഗികമായും ശുദ്ധജല വിതരണം നടത്തുന്നത് മൂലേപ്പാറ കുടിവെള്ള പദ്ധതിയിൽ നിന്നാണ്. ഈ പദ്ധതിയ്ക്കായി 2005-ൽ ജില്ലാ പഞ്ചായത്ത് 31,07,072 രൂപ മുടക്കി ജലസ്രോതസ്സിന് കുളവും പമ്പ് ഹൗസും നിർമ്മിച്ചു. ഈ കുളത്തിൽ നിന്ന് KWA യുടെ ജലസംഭരണിയിലേക്ക് വെള്ളം പമ്പ് ചെയ്താണ് കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നത്. KWAയാണ് കുടിവെള്ള ചാർജ്ജ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. 2022-23 വർഷം ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലും പമ്പ് ഓപ്പറേറ്റർമാരുടെ വേതന ഇനത്തിലുമായി 13,30,899 രൂപ തനതുഫണ്ടിനത്തിൽ നിന്ന് ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിന് തനതുഫണ്ട് കുറവായതിനാൽ 2023-24 വർഷം ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജും പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും വികസനഫണ്ട് / മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം** :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് KWA ചീഫ് എഞ്ചിനീയറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച് KWA ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് .

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**2.8 ഖണ്ഡിക 4.45**

**വക്കം ഗ്രാമപഞ്ചായത്ത്**

**വക്കം ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 18.04.2023 ലെ A4/186/22-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023 ലെ 7(1)-ാം നമ്പർ തീരുമാനവും (SRG 722/23)**

**വിഷയം:-** വക്കം ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് വാഹനത്തിന്റെ മെയിന്റനൻസിന് വികസന ഫണ്ടുപയോഗിക്കുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ മഹീന്ദ്രാ സൈലോ-ക്ക് **(KL-16 P 3757)** അറ്റകുറ്റപ്പണി ആവശ്യമുണ്ട്. ഇതിനായി **PWD** മെക്കാനിക്കൽ എഞ്ചിനീയർ 1,57,800 രൂപയുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഗ്രാമപഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം തനത് ഫണ്ട് 45,31,319 രൂപ മൈനസ് ആണ്.

**03.07.2023 ലെ തീരുമാനം** :- വക്കം ഗ്രാമപഞ്ചായത്തിനു ലഭിക്കുന്ന ഗ്യാപ് ഫണ്ട് എത്രയാണ്**,** എന്തുകൊണ്ടാണ് വക്കം ഗ്രാമപഞ്ചായത്തിന് ഇത്രയധികം തുക മൈനസ് ഫണ്ട് ആയത് എന്നതടക്കമുള്ളത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**26.09.2023 ന നൽകിയ റിപ്പോർട്ട്:-** കഴിഞ്ഞ പത്തുവർഷത്തെ നികുതി നികുതിയേതര വരുമാനം ഓരോ വർഷവും 50 ലക്ഷം രൂപയിൽ താഴെയാണ്. 2022 - 23 ൽ ജനറൽ പർപ്പസ് ഗ്രാന്റ് 91,41,445 രൂപയാണ്. ഈ വർഷത്തെ ഭരണ ചെലവ് 1,47,54,836 രൂപയാണ്. ഈ സാഹചര്യത്തിൽ ഔദ്യോഗിക വാഹനത്തിന്റെ മെയിന്റനൻസിന് വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം :-**

1) വാഹനത്തിന്റെ മെയിന്റനൻസിന് വികസനഫണ്ട് ഉപയോഗിക്കാവുന്നതല്ല. ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് വാഹനത്തിന്റെ മെയിന്റനൻസ് നടത്താൻ നിർദ്ദേശിക്കുന്നു.
2) എന്തുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിക്കുന്നില്ല എന്നും പ്രത്യേകം പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ , തസ്വഭവ 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.8 ഖണ്ഡിക 4.49</u>**

**<u>വോർക്കാടി ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2023-ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.01.2023-ലെ 3(1)ാം നമ്പർ തീരുമാനവും** MGNREGS **കാസർഗോഡ് ജില്ലാ ഓംബുഡ്സ്മാന്റെ 16.12.2022-ലെ** OP.OMB.7(12)2022/OMB/KSD **നമ്പർ ഉത്തരവ് (SRG 446/23)**

**വിഷയം:-** **MGNREGS** പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

വോർക്കാടി ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ ശ്രീ. മൊയ്തീൻ കുഞ്ഞി, മഞ്ചൽ, പാത്തൂർ (**PWD** കോൺട്രാക്ടർ) എന്ന വ്യക്തി **MGNREGS** പദ്ധതിയിൽ രണ്ട റോഡുകൾ 2019-20, 2020-21 വർഷങ്ങളിലായി നിർമ്മിച്ചു. ഇതിന്റെ നിർമ്മാണത്തിന്റെ തുകയായ 6,39,194 രൂപ ഗ്രാമപഞ്ചായത്ത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഈ വ്യക്തി കാസർഗോഡ് ജില്ലാ ഓംബുഡ്സ്മാന് പരാതി നൽകി. ഇതനുസരിച്ച് 16.12.2022-ന് ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ റോഡു നിർമ്മിക്കുന്നതിന് കരാറുകാരനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഒപ്പിടുകയോ, സെക്രട്ടറി ഓർഡർ നൽകുകയോ, മസ്റ്റർ റോൾ ഇഷ്യു ചെയ്യുകയോ, സെലക്ഷൻ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ലെന്ന് ഓംബുഡ്സ്മാന്റെ ഉത്തരവിൽ പറയുന്നുണ്ട്. നിലവിലെ **MGNREGS** ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്ന് ഉത്തരവിലുണ്ട്. അതിനാൽ **MGNREGS** ഫണ്ടിൽ നിന്ന് ബിൽ തുക നൽകാവുന്നതല്ല എന്ന് ഉത്തരവിൽ പറയുന്നു.

എന്നാൽ രണ്ട് റോഡുകളുടേയും നിർമ്മാണം തൃപ്തികരവും ഉപയോഗപ്രദമവുമായി നിലനിൽക്കുന്നുണ്ടെന്ന് ഉത്തരവിൽ ഉണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും ഫണ്ടിൽ നിന്നോ ബിൽ തുക നിയമപ്രകാരം നൽകാൻ കഴിയുമെങ്കിൽ അപ്രകാരം തീരുമാനമെടുക്കാവുന്നതാണെന്നും ഉത്തരവിൽ പറയുന്നു.

വർക്ക് സൂപ്പർവൈസ് ചെയ്തവരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നും അക്രഡിറ്റഡ് എഞ്ചിനീയറെയും ഓവർസീയറെയും പിരിച്ചുവിട്ടതിനാൽ മറ്റു നടപടികൾ ശുപാർശ ചെയ്യുന്നില്ല എന്നും ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്. ഈ പ്രവർത്തികളുടെ ബിൽ തുക നൽകാൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**<u>03.07.2023 ലെ തീരുമാനം</u> :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി..

**<u>26.09.2023-ന നൽകിയ റിപ്പോർട്ട്</u>:-** പാവൂർ കെ.എം.റോഡ്, അറഫ നഗർ റോഡ് എന്നീ റോഡുകൾ കോൺക്രീറ്റിംഗ് നടത്തിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. രണ്ടു പ്രവൃത്തികളിലും Construction joints നൽകാത്തതു കാരണം റോഡിൽ പല ഭാഗത്തും വിള്ളലുകൾ രൂപപ്പെട്ടിട്ടുണ്ട്.

ഈ റോഡുകൾ നിർമ്മിച്ചതിന്റെ ബിൽതുക നൽകാൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് രൂപീകരിക്കുന്ന പക്ഷം റോഡുകളുടെ ക്വാളിറ്റി പരിശോധിച്ചശേഷം Adequacy പ്രകാരം പ്രസ്തുത കരാറുകാരന് സാധനസാമഗ്രികളുടെ തുക അനുവദിക്കാവുന്നതാണെന്ന് റിപ്പോർട്ട് നൽകി.

**തീരുമാനം :-** നടപടിക്രമങ്ങൾ ഒന്നും പാലിക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതിന് വിഹിതം ചെലവഴിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്** |

### 3. <u>പൊതു വിഷയം</u>

3.1 പാലിയേറ്റീവ് നേഴ്സുമാരുടെ പ്രതിമാസ വേതനം 18,390 രൂപയാണ്. സംസ്ഥാനത്ത് പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ മികച്ച പാലിയേറ്റീവ് സേവനം ഉറപ്പാക്കേണ്ടതുണ്ട്. ഇതുകൂടി പരിഗണിച്ച് പാലിയേറ്റീവ് നേഴ്സുമാരുടെ പ്രതിമാസ വേതനം ധനവകുപ്പിന്റെ 11.02.2021 ലെ 29/2021/ധന –ാാം നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന Junior Public Health Nurse (JPHN) ന് നൽകാവുന്ന 24,520 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതിന് 01.10.2023 മുതൽ പ്രാബല്യം ഉണ്ടായിരിക്കും. പാലിയേറ്റീവ് നേഴ്സ്മാരുടെ കുറഞ്ഞ യോഗ്യതയായ JPHN/ANM കോഴ്സ് പാസ്സായവർക്ക് നൽകാവുന്ന വേതനമാണ് നിശ്ചയിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 07.03.2019-ലെ 553/2019/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.13.2 ൽ പറയുന്ന താഴെപ്പറയുന്ന രണ്ട് യോഗ്യതകളിൽ ഏതെങ്കിലും യോഗ്യത ഉള്ളവരായിരിക്കണം.

(i) ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് ഓക്സിലറി നേഴ്സിംഗ് ആന്റ് മിഡ് വൈഫറി (ANM) കോഴ്സ്/JPHN കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്നു മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് ആക്സിലറി നേഴ്സിംഗ് (BCCPAN) കോഴ്സ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നേഴ്സിംഗ് (CCCPAN) കോഴ്സ് പാസായിരിക്കണം.

(ii) ജനറൽ നേഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ്/ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും ഒന്നരമാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് നേഴ്സിംഗ് (ബി.സി.സി.പി.എൻ) പാസായിരിക്കണം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പ്രവർത്തനത്തിൽ മറ്റു യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടവർ ഇപ്പോൾ തുടരുന്നുവെങ്കിൽ അവർക്ക് 03.06.2022-ലെ 1373/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള വേതനത്തിനു മാത്രമേ അർഹതയുണ്ടാകൂ. പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ പാലിയേറ്റീവ് നേഴ്സുമാരുടെ ഫീൽഡ് സർവ്വീസ് മാസത്തിൽ 20 ദിവസമെങ്കിലും രോഗികൾക്ക് ലഭ്യമാക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണത്തിനായി 07.03.2019-ലെ 553/2019/തസ്വഭവ ഉത്തരവിലെ മറ്റു മാർഗ്ഗനിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരേണ്ടതാണ്. ധനവകുപ്പിന്റെ 11.02.2021 ലെ 29/2021/ധന-ാാം നമ്പർ ഉത്തരവിലും ഭാവിയിൽ വരുത്തുന്ന ഭേദഗതി ഉത്തരവിലും 'പാലിയേറ്റീവ് നേഴ്സ്' കാറ്റഗറി കൂടി ഉൾപ്പെടുത്തണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ

തീരുമാനിച്ചു. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ധനവകുപ്പിന് ഫയൽ നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

3.2 തദ്ദേശഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് നേഴ്സുമാർക്ക് ഓണസമയത്ത് ഉത്സവബത്ത നൽകുന്നുണ്ട്. ഈ വർഷം ഇവർക്കു നൽകിയ ഉത്സവബത്ത 1250 രൂപയാണ്. കരാറടിസ്ഥാനത്തിൽ നിയമിതരാകുന്നവർക്ക് നൽകുന്ന ഉത്സവബത്ത പാലിയേറ്റീവ് നേഴ്സുമാർക്ക് നൽകണമെന്ന് പാലിയേറ്റീവ് നേഴ്സസ് ഫെഡറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർ കരാർ വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത് എന്നതിനാൽ അടുത്തവർഷം മുതൽ ഇവർക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് നൽകുന്ന ഉത്സവബത്ത നൽകുന്നതു പരിഗണിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ധനവകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

3.3 നിലവിലെ മാർഗ്ഗരേഖ പ്രകാരവും പുതുക്കിയ സർക്കാർ ഉത്തരവു പ്രകാരവും ഓഫീസ് വാഹനം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്കു പഞ്ചായത്തുകൾക്കും 13.00 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 15.00 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 20.00 ലക്ഷം രൂപയുമാണ് ചെലവഴിക്കാവുന്നത്.ഇപ്രകാരം ചെലവഴിക്കാവുന്ന തുക വാഹനത്തിന്റെ ഷോറൂം വിലനൽകുന്നതിനു മാത്രമാണോ ഷോറൂം വിലയോടൊപ്പം വാഹനത്തിന്റെ ടാക്സ്, ഇൻഷ്വറൻസ് എന്നിവ കൂടി ചേർത്താണോ എന്നു വ്യക്തമാക്കണമെന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും ആവശ്യപ്പെടുന്നുണ്ട്. ഇതിന്മേൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തുന്നു.

മുകളിൽ പറഞ്ഞ തുകയിൽ/നിരക്കിൽ വാഹനത്തിന്റെ ഷോറൂം വില പരിമിതപ്പെടുത്തണം. എന്നാൽ ഇൻഷ്വറൻസ്, ടാക്സ് തുടങ്ങിയവയ്ക്ക് ഇതിനു പുറമെ തുക ചെലവഴിക്കാം. ഇതിന് (ഇൻഷ്വറൻസ്, ടാക്സ് തുടങ്ങിയവയ്ക്ക്) തനതു ഫണ്ടു മാത്രമേ ചെലവഴിക്കാവൂ. എന്നാൽ വാഹനത്തിൽ അധികമായി എന്തെങ്കിലും കൂട്ടിചേർത്താൽ (Extra fittings) അവ വാഹനത്തിനു അനുവദിച്ചിരിക്കുന്ന തുകയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

3.4 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. കൂട് ഇല്ലാതെയും കൂട് ഉൾപ്പടെയും ധനസഹായം നൽകാം. 45 മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴികുഞ്ഞുങ്ങളെയാണ് നൽകാവുന്നത്. ഒരു കോഴികുഞ്ഞിന് 120 രൂപ. 5 എണ്ണം അടങ്ങുന്നതാണ് ഒരു യൂണിറ്റ്. 100 ശതമാനം സബ്സിഡിയോടെ 600 രൂപ നൽകാം. ഒരു ഗുണഭോക്താവിന് 5 യൂണിറ്റുവരെ നൽകാം. പരമാവധി 25 കോഴികുഞ്ഞുങ്ങൾ. കോഴി കുഞ്ഞിന്റെ വില മൃഗസംരക്ഷണ വകുപ്പ് 10 രൂപ വർദ്ധിപ്പിച്ച് 130 രൂപയാക്കിയിട്ടുണ്ടെന്ന് ചൂണ്ടികാണിച്ചു കൊണ്ട് ഒരു യൂണിറ്റിന് 650 രൂപയാക്കണമെന്ന് പല

തദ്ദേശഭരണസ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു പരിശോധിച്ച് താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ ധനസഹായ നിരക്ക് 5 വർഷത്തേക്കാണ് നിശ്ചയിച്ചിരിക്കുന്നത്. കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെയാണ് നൽകുന്നത്. ഒരു കോഴി കുഞ്ഞിന് മൃഗസംരക്ഷണ വകുപ്പ് വരുത്തിയിരിക്കുന്ന 10 രൂപയുടെ വർദ്ധനവ് ഗുണഭോക്താക്കൾ വഹിക്കുന്ന രീതിയിൽ ഈ വർഷത്തേക്ക് പ്രോജക്റ്റ് ക്രമപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. വർദ്ധിപ്പിച്ച നിരക്ക് സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നത് 2024-25 വർഷം പരിഗണിക്കുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് |
|---|---|

3.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022, 22.06.2022 എന്നീ തീയതികളിലെ യോഗ തീരുമാനപ്രകാരം ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുമായി 29.07.2023-ന് എസ്.ആർ.ജി. ഓഫീസിൽ കൂടുകയും FHC അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും ചെയ്തു. യോഗത്തിലുണ്ടായ നിർദ്ദേശങ്ങൾ എസ്.ആർ.ജി. ചെയർമാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ചു. 2023 മെയ് 31-ലെ കണക്കനുസരിച്ച് 593 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വിവരമാണ് യോഗം പരിശോധിച്ചത്. വിശദാംശം താഴെ ചേർക്കുന്നു.

**F.H.C കളിൽ എൽ.എസ്.ജി.ഐ മുഖേന നിയമിച്ച സ്റ്റാഫ് അംഗങ്ങളുടെ വിവരം**
**(2023 മെയ് 31 ലെ സ്ഥിതി – 593 എഫ്.എച്ച്.സികൾ സംബന്ധിച്ച് )**

| ജില്ല | റിപ്പോർട്ട് ചെയ്ത എഫ്.എച്ച്. സി.കളുടെ എണ്ണം | മെഡിക്കൽ ഓഫീസർ | | നേഴ്സിംഗ് ഓഫീസർ | | ഫാർമസിസ്റ്റ് | | ലാബ് ടെക്നീഷ്യൻ | |
|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശത മാനം | എണ്ണം | ശത മാനം | എണ്ണം | ശത മാനം |
| തിരുവനന്തപുരം | 61 | 45 | 74 | 37 | 61 | 43 | 70 | 18 | 30 |
| കൊല്ലം | 39 | 25 | 64 | 29 | 74 | 27 | 69 | 16 | 41 |
| പത്തനംതിട്ട | 23 | 6 | 26 | 6 | 26 | 01 | 4 | 7 | 30 |
| ആലപ്പുഴ | 35 | 15 | 43 | 13 | 37 | 15 | 43 | 6 | 17 |
| കോട്ടയം | 46 | 14 | 30 | 8 | 17 | 22 | 48 | 14 | 30 |
| ഇടുക്കി | 20 | 8 | 40 | 2 | 10 | 5 | 25 | 02 | 10 |
| എറണാകുളം | 52 | 18 | 35 | 6 | 12 | 36 | 69 | 11 | 21 |
| തൃശ്ശൂർ | 63 | 40 | 63 | 22 | 35 | 39 | 62 | 16 | 25 |
| പാലക്കാട് | 60 | 30 | 50 | 27 | 45 | 25 | 42 | 07 | 12 |
| മലപ്പുറം | 56 | 50 | 89 | 10 | 18 | 52 | 93 | 12 | 21 |
| കോഴിക്കോട് | 53 | 50 | 94 | 37 | 70 | 41 | 77 | 20 | 38 |
| വയനാട് | 18 | 12 | 67 | 6 | 33 | 13 | 72 | 09 | 50 |
| കണ്ണൂർ | 36 | 28 | 78 | 0 | Nil | 28 | 78 | 10 | 28 |
| കാസർഗോഡ് | 31 | 22 | 71 | 6 | 19 | 18 | 58 | 09 | 29 |
| **ആകെ** | **593** | **363** | **61** | **209** | **35** | **365** | **62** | **157** | **26** |

## F.H.C കളിലെ എച്ച്.ആർ.സ്റ്റാറ്റസ് – LSGI /മറ്റു വിധത്തിൽ നിയമിച്ചതുൾപ്പെടെ (2023 മെയ് 31 ലെ സ്ഥിതി – 593 എഫ്.എച്ച്.സികൾ സംബന്ധിച്ച് )

| ജില്ല | ആകെ റിപ്പോർട്ട് ചെയ്ത എഫ്.എച്ച്.സി കൾ | മാനദണ്ഡങ്ങൾ അനുസരിച്ചുള്ള എച്ച്.ആർ ഉള്ള എഫ്.എച്ച്.സി കൾ | | കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാരു ള്ളത് | | കുറഞ്ഞത് 4 നേഴ്സുമാർ ഉള്ളത് | | കുറഞ്ഞത് 2 ഫാർമസിസ്റ്റ് ഉള്ളത് | | കുറഞ്ഞത് 1 ലാബ് ടെക്നീഷ്യൻ ഉള്ളത് | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| തിരുവനന്തപുരം | 61 | 36 | 59 | 48 | 79 | 35 | 57 | 50 | 82 | 56 | 92 |
| കൊല്ലം | 39 | 29 | 74 | 34 | 87 | 27 | 69 | 34 | 87 | 38 | 97 |
| പത്തനംതിട്ട | 23 | 06 | 26 | 14 | 61 | 8 | 35 | 07 | 30 | 23 | 100 |
| ആലപ്പുഴ | 35 | 19 | 54 | 22 | 63 | 21 | 60 | 23 | 66 | 33 | 94 |
| കോട്ടയം | 46 | 21 | 46 | 25 | 54 | 27 | 59 | 32 | 70 | 43 | 93 |
| ഇടുക്കി | 20 | 09 | 45 | 13 | 65 | 11 | 55 | 10 | 50 | 19 | 95 |
| എറണാകുളം | 52 | 31 | 60 | 37 | 71 | 33 | 63 | 47 | 90 | 51 | 98 |
| തൃശ്ശൂർ | 63 | 37 | 59 | 48 | 76 | 30 | 48 | 53 | 84 | 58 | 92 |
| പാലക്കാട് | 60 | 29 | 48 | 36 | 60 | 34 | 57 | 36 | 60 | 54 | 90 |
| മലപ്പുറം | 56 | 39 | 70 | 52 | 93 | 29 | 52 | 54 | 96 | 51 | 91 |
| കോഴിക്കോട് | 53 | 40 | 75 | 42 | 79 | 33 | 62 | 49 | 92 | 53 | 100 |
| വയനാട് | 18 | 12 | 67 | 13 | 72 | 14 | 78 | 14 | 78 | 18 | 100 |
| കണ്ണൂർ | 36 | 28 | 78 | 32 | 89 | 17 | 47 | 33 | 92 | 34 | 94 |
| കാസർഗോഡ് | 31 | 22 | 71 | 26 | 84 | 17 | 55 | 24 | 77 | 29 | 94 |
| ആകെ | **593** | **358** | **60** | **442** | **75** | **336** | **57** | **466** | **79** | **560** | **94** |

## F.H.C കളിലെ എച്ച്.എം.സി ഫണ്ടുപയോഗിച്ചുള്ള സ്റ്റാഫ് നിയമനം (2023 മെയ് 31 ലെ സ്ഥിതി –593 എഫ്.എച്ച്.സികൾ സംബന്ധിച്ച് )

| ജില്ല | ആകെ റിപ്പോർട്ട് ചെയ്ത എഫ്.എച്ച്.സി കൾ | മെഡിക്കൽ ഓഫീസർ | നേഴ്സ് | ഫാർമസിസ്റ്റ് | ലാബ് ടെക്നീഷ്യൻ |
|---|---|---|---|---|---|
| തിരുവനന്തപുരം | 61 | 1 | 1 | 7 | 21 |
| കൊല്ലം | 39 | 1 | 1 | 7 | 13 |
| പത്തനംതിട്ട | 23 | 0 | 0 | 1 | 8 |
| ആലപ്പുഴ | 35 | 1 | 0 | 1 | 6 |
| കോട്ടയം | 46 | 1 | 0 | 4 | 9 |
| ഇടുക്കി | 20 | 0 | 0 | 2 | 0 |
| എറണാകുളം | 52 | 0 | 0 | 6 | 18 |
| തൃശ്ശൂർ | 63 | 0 | 0 | 0 | 11 |
| പാലക്കാട് | 60 | 0 | 0 | 2 | 3 |
| മലപ്പുറം | 56 | 2 | 1 | 9 | 12 |
| കോഴിക്കോട് | 53 | 0 | 2 | 7 | 25 |
| വയനാട് | 18 | 0 | 0 | 1 | 0 |
| കണ്ണൂർ | 36 | 0 | 0 | 3 | 5 |
| കാസർഗോഡ് | 31 | 2 | 2 | 2 | 8 |
| **ആകെ** | **593** | **8** | **7** | **52** | **139** |

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് നിയമിച്ച സ്റ്റാഫ് അംഗങ്ങളുടെ എണ്ണം, എത്ര ശതമാനം രോഗികളെ പ്രീ ചെക്ക് ചെയ്യുന്നു, മെഡിക്കൽ ഓഫീസർമാരുടെ ശരാശരി ഒ.പി എത്രയാണ്, ഉച്ചയ്ക്ക് മുമ്പും ഉച്ചയ്ക്ക് ശേഷവും എത്ര ഒ.പി വീതമുണ്ട് തുടങ്ങിയ കാര്യങ്ങളെല്ലാം 29.07.203 ന എസ്.ആർ.ജി.യിൽ നടന്ന യോഗത്തിൽ പരിശോധിച്ചു എന്ന് എസ്.ആർ.ജി. ചെയർമാൻ യോഗത്തിൽ അറിയിച്ചു. യോഗം ഇവ വിശദമായി ചർച്ച ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ ഇന്നത്തെ യോഗം എടുത്തു.

(i) മുകളിൽ പറയുന്ന വിവരങ്ങൾ പ്രകാരം 61 ശതമാനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറെ നിയമിച്ചിരിക്കുന്നത്. കുടുംബാരോഗ്യകേന്ദ്രമടക്കമുള്ള ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം താഴെപ്പറയുന്ന ഖണ്ഡിക 3.5.(vi) അനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണന നൽകേണ്ടതാണ്.

(ii) ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഗൈഡ് ലൈനിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കേണ്ടതുള്ളൂ. ഇപ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നിയമിക്കുന്ന ഡോക്ടറുടെ പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള രീതിയിൽ നിലനിർത്തിയാൽ മതിയാകും.

(iii) അധികമായ ഡോക്ടർ അടക്കമുള്ള സ്റ്റാഫിനെ നൽകേണ്ട ചുമതല ആരോഗ്യ വകുപ്പിനായതിനാൽ വകുപ്പുതലത്തിൽ തന്നെ മതിയായ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ആരോഗ്യവകുപ്പിന്റെ പരിഗണനയ്ക്കായി കോഓർഡിനേഷൻ കമ്മിറ്റിയുടെ കൂടി ശുപാർശയോടെ നൽകാൻ തീരുമാനിച്ചു. ഇത് പ്രത്യേക ഫയലായി ആരോഗ്യ വകുപ്പിന് നൽകണം. പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IPരോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ മാത്രമേ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഇനി അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളൂ.

(iv) അടിയന്തിര ഘട്ടത്തിലും പ്രത്യേക സാഹചര്യത്തിലും അധിക ഡോക്ടർ/ പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ആവശ്യമായി വരുമ്പോൾ ആരോഗ്യവകുപ്പിന്റെ മറ്റ് ആശുപത്രിയിൽ നിന്ന് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(v) നിലവിലെ ഉത്തരവു പ്രകാരം എഫ്.എച്ച്.സി/ സി.എച്ച്.സികളിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയാണ് നിയമിക്കാവുന്നത്. ഇതനുസരിച്ച് നേഴ്സ് / ഫാർമസിസ്റ്റ് / ലാബ് ടെക്നീഷ്യൻ എന്നിവരിൽ ആരെ നിയമിക്കണമെന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്.

(vi) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതു സംബന്ധിച്ച് പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.6.2 ൽ (28.05.2022 ലെ 115/2022/തസ്വഭവ ഉത്തരവ്) താഴെ പറയുന്ന രീതിയിൽ വ്യക്തത വരുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിയമിക്കാവുന്ന പരമാവധി സ്റ്റാഫ് |
|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ | ഡോക്ടർ 1<br>പാരാമെഡിക്കൽ സ്റ്റാഫ് 1 |
| 2 | സാമൂഹ്യാരോഗ്യ കേന്ദ്രം | ഡോക്ടർ 2<br>പാരാമെഡിക്കൽ സ്റ്റാഫ് 2 |
| 3 | താലൂക്കാശുപത്രികൾ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട ആശുപത്രികൾ | ഡോക്ടർ 1<br>പാരാമെഡിക്കൽ സ്റ്റാഫ് 1 |

**(vii)** പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും രോഗ നിർണ്ണയ ടെസ്റ്റുകൾ ഏതൊക്കെ വ്യക്തികൾക്ക് നടത്താം, ചികിത്സാനിർണ്ണയം, തുടർ ചികിത്സ തുടങ്ങിയവയ്ക്ക് സ്വീകരിക്കേണ്ട മാനദണ്ഡം എന്നിവയിൽ വ്യക്തതവരുത്തണമെന്ന്

ചില തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഒപ്പം ഗ്രാമപഞ്ചായത്തു തലത്തിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്കാശുപത്രികളിൽ സ്ഥിരം സംവിധാനമായി ക്യാൻസർ ക്യാമ്പ് നടത്തുന്നതിന് അനുമതി നൽകണമെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

ഈ വിഷയം യോഗം ചർച്ച ചെയ്ത് താഴെ പറയും പ്രകാരം വ്യക്തത വരുത്തുന്നു.

എ) ക്യാൻസർ നിർണ്ണയത്തിനും പരിശോധനയ്ക്കും വ്യവസ്ഥാപിതമായ രീതിയുണ്ടെന്നും അതിനായി ക്യാൻസർ ഗ്രിഡ് ഉണ്ടെന്നും യോഗം വിലയിരുത്തി. കുടുംബാരോഗ്യ കേന്ദ്രം, സാമൂഹ്യാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി / ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ്, മൂന്ന് റീജിയണൽ ക്യാൻസർ സെന്ററുകൾ (തിരുവനന്തപുരം ആർ.സി.സി (5 ജില്ല), കൊച്ചി (4 ജില്ല), മലബാർ ക്യാൻസർ സെന്റർ (5 ജില്ല) എന്നീ തട്ടുകളിലായാണ് ക്യാൻസർ പരിശോധനയും ചികിത്സയും ക്രമപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോട്ടോകോൾ അനുസരിച്ച് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ ഉടനെ പുറപ്പെടുവിക്കും. മാർഗ്ഗരേഖ കൂടി വന്നതിനുശേഷം മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ആരോഗ്യ വകുപ്പ് വ്യക്തത വരുത്തുന്നതാണ്. ഇപ്രകാരം ആരോഗ്യവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചതിനുശേഷം ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകുന്നതാണ്. ആരോഗ്യ വകുപ്പിന്റെ **'ശൈലി'** ആപ്പ് ഉപയോഗിച്ച് ക്യാമ്പിന്റെ സ്വഭാവത്തിലുള്ള പരിശോധന നടന്നു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക ക്യാമ്പു നടത്തുന്ന രീതി ആവശ്യമില്ലെന്ന് യോഗം വിലയിരുത്തി. എന്നാൽ ഗ്രിഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കേണ്ടതാണ്.

ബി) കരൾ/വൃക്ക മാറ്റി വച്ചവർക്ക് ചില തദ്ദേശഭരണസ്ഥാപനങ്ങൾ മരുന്ന് വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെടുന്നുണ്ട്. പലപ്പോഴും ജനറിക് മരുന്നുകൾക്ക് പകരം ബ്രാൻഡഡ് മരുന്നാണ് വാങ്ങി സ്റ്റോക്കു ചെയ്യുന്നത്. അതതു തലത്തിലെ ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയും അവിടുത്തെ മെഡിക്കൽ ഓഫീസർമാർ ശുപാർശ ചെയ്യുന്ന മരുന്നുകളുമാണ് ഓരോ ആരോഗ്യ കേന്ദ്രത്തിലും ലഭ്യമാക്കേണ്ടത്. മറ്റു സ്പെഷ്യാലിറ്റി ആശുപത്രികൾ നടത്തിയ കരൾ/വൃക്ക മാറ്റി വച്ചവർക്ക് ആവശ്യമായ മരുന്നുകൾ, ഇത്തരം ആശുപത്രികൾ നിർദ്ദേശിക്കുന്ന മരുന്നുകൾ/ അനുബന്ധ മരുന്നുകൾ ജില്ല /താലൂക്ക് ആശുപത്രിയിലും സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും കുടുംബാരോഗ്യ കേന്ദ്രത്തിലും തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതില്ല. ഇതിനു പകരം ഇത്തരം ആശുപത്രികൾ പ്രദാനം ചെയ്യുന്ന ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് മുടക്കം കൂടാതെ ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകണം.

(സി) അലോപ്പതി മരുന്നുകൾ KMSCL ൽ നിന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലെറ്റുകളിൽ നിന്നു വാങ്ങാൻ അനുമതിയുണ്ട്. എന്നാൽ ഇപ്പോൾ KMSCL നിന്ന് മരുന്നു ലഭിക്കാൻ കാലതാമസമില്ല എന്നു യോഗം വിലയിരുത്തി. വളരെ വില കുറച്ച് ഇവിടെ മരുന്നുകൾ ലഭിക്കും. ഇത് പരമാവധി പ്രയോജനപ്പെടുത്തണം. അത്യാവശ്യഘട്ടത്തിൽ മാത്രമേ മുകളിൽ പറഞ്ഞ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് മരുന്നു വാങ്ങാവൂ എന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യ വകുപ്പ്**<br>2)**തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി)വകുപ്പ്** |

**3.6** കേന്ദ്ര Jal Sakthi Department of Drinking Water & Sanitation മന്ത്രാലയത്തിന്റെ 29.09.2022-ലെ **W-11011/10/2022/JJM - III -DDWS** നമ്പർ കത്ത് പ്രകാരം (വാട്ടർ റിസോഴ്സ് വകുപ്പ് സെക്രട്ടറിക്ക് നൽകിയത്) **CFC** ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ജൽ ജീവൻ മിഷൻ **(JJM)** പദ്ധതിക്കോ മറ്റേതെങ്കിലും ആവശ്യത്തിനോ ഭൂമി വാങ്ങാവുന്നതല്ല എന്നറിയിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിക്കായി വാട്ടർ ടാങ്ക് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിനും ശുചിത്വ മേഖലയിൽ **MCF**നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും മറ്റും തദ്ദേശഭരണസ്ഥാപനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. ഈ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് **JJM** പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിന് **MCF** പോലുള്ളവ നിർമ്മിക്കുന്നതിനും കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ ( എഫ്.എം)വകുപ്പ്** |

**3.7** അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും അവർക്ക് സ്റ്റൈപന്റ് നൽകുന്നതിനും സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ ഉത്തരവ് ഖണ്ഡിക 7.2.22) അനുമതിയുണ്ട്. പ്രവൃത്തി പരിചയത്തിനായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ യോഗ്യത സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന യോഗ്യതയോടൊപ്പം താഴെപ്പറയുന്ന യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളെയും പരിശീലനത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്.

| **യോഗ്യത** | **പ്രതിമാസ സ്റ്റൈപ്പന്റ്** |
|---|---|
| (1) ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 7000 രൂപ |

ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**3.8** പതിനാലാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം (ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 19.04.2022-ലെ 84/2022/തസ്വഭവ സർക്കാർ ഉത്തരവും, നഗരസഭകൾക്കുവേണ്ടിയുള്ള 19.04.2022-ലെ 86/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും) തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയിൽ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരേയും ഉൾപ്പെടുത്താമെന്നുണ്ട്. എന്നാൽ തദ്ദേശഭരണസ്ഥാപനത്തിനു പുറത്തു നിന്ന് വിദഗ്ധരെ ഉൾപ്പെടുത്തുകയാണെങ്കിൽ ആകെ അംഗങ്ങളുടെ പരമാവധി 15 ശതമാനം ആൾക്കാരെ മാത്രമേ പുറത്തു നിന്ന് ഉൾപ്പെടുത്താവൂ. കഴിവതും അതത് തദ്ദേശഭരണ സ്ഥാപനത്തിലെ വിദഗ്ധനെ തന്നെ വൈസ് ചെയർമാനായി നിശ്ചയിക്കുന്നതാണ് അഭികാമ്യം. ആസൂത്രണസമിതിയുടെ വൈസ് ചെയർമാനായി നിയോഗിക്കപ്പെടുന്ന വിദഗ്ധൻ മറ്റൊരു തദ്ദേശഭരണസ്ഥാപനത്തിൽ വൈസ് ചെയർമാനായോ വിദഗ്ധാംഗമായോ പ്രവർത്തിക്കാൻ പാടില്ല. ഈ ഭേദഗതി പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4. പ്രത്യേക വിഷയം**
**================**

**4.1 <u>വട്ടവട ഗ്രാമപഞ്ചായത്ത്</u>**

**(റൂറൽ ഡയറക്ടറുടെ 20.07.2023 ലെ** LSGD/1466/23-DPLA **നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2023 ലെ** SC/23/29(3)-ാം **നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.06.2023 ലെ 1(7)-ാം നമ്പർ തീരുമാനവും (SRG 992/23)**

***വിഷയം:-*** വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നു ലഭിച്ച വിഹിതമുപയോഗിച്ച് ലൈഫ് ഭവന പദ്ധതി പ്രകാരം വീട്ടു നിർമ്മിക്കുന്നതു സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗതീരുമാന പ്രകാരമുള്ള ഇന്നത്തെ യോഗത്തിൽ തുടർനടപടി 2.1 ഖണ്ഡിക 4.31 ൽ പ്രതിപാദിച്ച വിഷയത്തിന്റേയും റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു. പട്ടികജാതി വികസന വകുപ്പ് വീട്ടു നിർമ്മാണത്തിന് നൽകിയ 3.24 കോടി രൂപയിൽ ഹാബിറ്റാറ്റ് ഗ്രൂപ്പിനു നൽകിയ 1.00 കോടി രൂപ കിഴിച്ച് ബാക്കി 2.24 കോടി രൂപ ഗ്രാമപഞ്ചായത്തിന്റെ കൈവശമുണ്ട്. ഈ തുക ലൈഫ് പദ്ധതിക്ക് ഉപയോഗിക്കുന്നതിന് താഴെ പറയുന്നവയിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**i.** വട്ടവട മാതൃകാ ഗ്രാമപദ്ധതിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 ഗുണഭോക്താക്കളിൽ 48 പേർക്ക് ഇതിനകം ലൈഫ് ഭവനപദ്ധതിയിൽ വീട്ടു നൽകി. 60 കുടുംബങ്ങളെ കണ്ടെത്താൻ കഴിയാത്തതിനാൽ അവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം 2020-ലെ ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിലെ 93 ഗുണഭോക്താക്കളിൽ അർഹതയുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് നൽകിയതിൽ മിച്ചമുള്ള 2.24 കോടി രൂപ ഉപയോഗിച്ച് വീട്ടു നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** ഇത് പട്ടികജാതി വികസന വകുപ്പ് വീട്ടു നിർമ്മാണത്തിനു നൽകിയ തുകയാണ് എന്ന് യോഗം നിരീക്ഷിച്ചു. മുകളിൽ പറഞ്ഞ 2.24 കോടി രൂപയോടൊപ്പം ഹാബിറ്റാറ്റ് ഗ്രൂപ്പ് തിരികെ നൽകിയ 30.00 ലക്ഷം രൂപ കൂടി ഗ്രാമപഞ്ചായത്തിന്റെ കൈവശമുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഈ തുക കൂടി വീട് നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഇതിന് പട്ടികജാതി വികസന വകുപ്പിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ അനുമതി തേടേണ്ടതാണ്.

**ii.** പട്ടികജാതി വികസനവകുപ്പ് ഒരു വീടിന് 3.00 ലക്ഷം രൂപ വീതം നൽകാനാണ് അനുമതി നൽകിയിരുന്നത്. അതിനാൽ ബാക്കിയുള്ള 1.00 ലക്ഷം രൂപ സർക്കാരിൽ നിന്നു നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** ലൈഫ് നിരക്കിനു തുല്യമായ 4.00 ലക്ഷം രൂപ നൽകുന്നതിന് ബാക്കി തുകയായ ഒരു ലക്ഷം രൂപ ലൈഫ് മിഷനിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ നൽകാൻ അനുമതി നൽകുന്നു.

iii. ഹാബിറ്റാറ്റ് നിർമ്മിക്കുന്ന വീടിന്റെ തനതു നിർമ്മാണ രീതി മാറ്റി പ്ലാസ്റ്ററിംഗ് രീതിയിൽ വീട്ടു നിർമ്മാണം നടത്താനും പദ്ധതിയുടെ പേര് 'വട്ടവട മാതൃക' എന്നതിനു പകരം 'മാതൃകാ വട്ടവട' എന്നാക്കി മാറ്റാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് പദ്ധതി ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ഏല്പിക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. പകരം ഗഡുക്കൾ ഗുണഭോക്താക്കൾക്ക് കൈമാറി നിർമ്മാണം നടത്താൻ നിർദ്ദേശിക്കുന്നു. ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേക പേര് നൽകേണ്ടതില്ല. മറ്റെന്തെങ്കിലും വികസന പ്രവർത്തനം കൂടിയുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽ തന്നെ പേര് നിശ്ചയിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.2 <u>കാഞ്ഞങ്ങാട് നഗരസഭ</u>**

**കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 06.06.2023 ലെ R3-9160/2021-ാം നമ്പർ കത്ത് (SRG 858/23)**

**വിഷയം:-** കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി ബസ് സ്റ്റാന്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച്.

കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി ബസ്സ്റ്റാന്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികളും ഓഫീസ് മുറികളും ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള ബൈലോ 14.11.2019 ലെ 144/2019/തസ്വഭവ ഉത്തരവു പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ ബൈലോ പ്രകാരം ഈ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് മൂന്നു പ്രാവശ്യം ലേലം ചെയ്തുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. ബൈലോ പ്രകാരമുള്ള ഡെപ്പോസിറ്റ് തുക വളരെ കൂടുതലായതിനാലാണ് ആരും ലേലത്തിൽ പങ്കെടുക്കാത്തതെന്നാണ് നഗരസഭയുടെ വിലയിരുത്തൽ. ഹഡ്കോയിൽ നിന്ന് 5.00 കോടി രൂപ ലോൺ എടുത്ത് നിർമ്മിച്ചതാണ് ഈ കെട്ടിടം. ലോൺ തിരിച്ചടവായി 19.00 ലക്ഷം രൂപ എല്ലാ മൂന്നുമാസം കൂടും തോറും അടയ്ക്കണം. കെട്ടിടം ലേലം ചെയ്യാത്തതിനാൽ തനതുഫണ്ടിനത്തിൽ നഗരസഭയ്ക്ക് വലിയ നഷ്ടമുണ്ടാകുന്നു. സർക്കാർ അംഗീകരിച്ച ബൈലോ ഭേദഗതി ചെയ്യാനും കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നഗരസഭാ കൗൺസിലിന് അധികാരം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** വായ്പയെടുത്ത് നിർമ്മിച്ച കെട്ടിടം വാടകയ്ക്ക് നൽകാതെ കിടക്കുന്നതു നഗരസഭയ്ക്ക് വലിയ നഷ്ടമാണ് എന്ന് യോഗം വിലയിരുത്തി. ഡെപ്പോസിറ്റ് തുക കൂടുതലായതിനാലാണ് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് പോകാത്തതെന്നും യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ കെട്ടിടം ലേലം ചെയ്യാൻ സഹായകരമായ രീതിയിൽ കെട്ടിടത്തിന്റെ ഡിപ്പോസിറ്റ് എത്രയാണെന്നതടക്കമുള്ള കാര്യങ്ങൾ നഗരസഭാ കൗൺസിലിനുതന്നെ നിശ്ചയിച്ച് നടപടി സ്വീകരിക്കാൻ അനുമതി നൽകുന്നു. പിന്നീട് ഇതിന്റെ പ്രായോഗിക വശം കൂടി പരിഗണിച്ച് ബൈലോയിൽ മാറ്റം വരുത്താവുന്നതാണ്. ഒപ്പം നഗരസഭാ കൗൺസിൽ തീരുമാനത്തോടെ സർക്കാർ/ അർദ്ധ സർക്കാർ

സ്ഥാപനങ്ങളിൽ നിന്ന് കെട്ടിടത്തിനു / മുറിക്ക് ഡെപ്പോസിറ്റ് വാങ്ങുന്നത് ഒഴിവാക്കുന്നതിനും വാടകയിൽ ഇളവു നൽകുന്നതിനും അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ് |
|---|---|

**4.3 <u>പച്ചിലവളത്തിനു സബ്സിഡി</u>**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ലെ യോഗ തീരുമാനം (ഖണ്ഡിക 4.1) പ്രകാരം പച്ചിലവളത്തിന് സബ്സിഡി നൽകുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. ഈ ആവശ്യം ഉന്നയിച്ചിരുന്നത് മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ ആയിരുന്നു. എന്നാൽ വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ നൽകിയ കത്ത് എന്നാണ് മിനിറ്റ്സിൽ ചേർത്തത്. ഇതു തിരുത്തുന്നത് സംബന്ധിച്ച്.

**തീരുമാനം:-** മിനിറ്റ്സിലെ ഈ പിശക് തിരുത്തുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് |
|---|---|

4.4 **<u>മങ്കട ഗ്രാമപഞ്ചായത്ത്</u>**

**<u>മങ്കട ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 05.06.2023 ലെ A1/255/2023 ലെ കത്ത്</u>** (SRG 845/23)

**വിഷയം:-** എം.സി.എഫ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്

| *പ്രോ.നം.225/24* | ***അടങ്കൽ*** | ***14,50,000 രൂപ*** |
|---|---|---|
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *12,00,000 രൂപ* |
| | *മറ്റു തദ്ദേശഭരണസ്ഥാപന വിഹിതം* | *2,50,000 രൂപ* |
| ***പേര്*** | ***എം.സി.എഫ് നിർമ്മിക്കുന്നതിനു സ്ഥലം വാങ്ങൽ*** | |

ഈ വർഷം എം.സി.എഫിനായി സ്ഥലം വാങ്ങാൻ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 14.50 ലക്ഷം രൂപയിൽ 12.00 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ റ്റൈഡ് ഗ്രാന്റ് ആണ്. സ്ഥലം വാങ്ങുന്നതിന് സി.എഫ്.സി റ്റൈഡ് ഗ്രാന്റുപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** കേന്ദ്ര Jal Sakthi Department of Drinking Water & Sanitation മന്ത്രാലയത്തിന്റെ 29.09.2022-ലെ W-11011/10/2022/JJM - III -DDWS നമ്പർ കത്ത് പ്രകാരം സ്ഥലം വാങ്ങാനായി CFC Tied Grant ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ ആവശ്യം നിരസിച്ചു. എന്നാൽ ഈ വിഷയം ചൂണ്ടിക്കാട്ടി പൊതുവിഷയം ഖണ്ഡിക 3.**6** പ്രകാരം കേന്ദ്ര സർക്കാരിന് പ്രത്യേക കത്ത് അയയ്ക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ ഇതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ആർ.ഇ/ഡബ്ല്യൂ.എം)വകുപ്പ് |
|---|---|

**4.5 <u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 882/23 – CC/415/23)**

**വിഷയം:-** ഓഫീസ് വാഹനത്തിനു ചെലവഴിക്കാവുന്ന തുക എത്രയെന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 107/23 | *അടങ്കൽ* | *13,00,000 രൂപ (തനതുഫണ്ട്)* |
|---|---|---|
| *പേര്* | **ബ്ലോക്ക് പഞ്ചായത്തിനു വാഹനം വാങ്ങൽ** | |

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് Mahindra & Mahindra Scorpio Classic എന്ന വാഹനം Gem Portal മുഖേന ഓർഡർ ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ ഇൻവോയ്സ് വില 12,81,496 രൂപയാണ്. വാഹനത്തിന്റെ ഷോറൂം വിലയ്ക്ക് പുറമെ 51,350 രൂപ ഇൻഷ്വറൻസിനും മോട്ടോർ വെഹിക്കിൾ ടാക്സ്, സെസ്സ്, ഗ്രീൻ ടാക്സ് എന്നിവയ്ക്ക് 1,94,179 രൂപയും (ആകെ 2,45,529 രൂപ) അധികമായി വേണം. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങുന്നതിന് സർക്കാർ അനുവദിച്ചിരിക്കുന്ന 13.00 ലക്ഷം രൂപയ്ക്ക് പുറമെ ഇൻഷ്വറൻസ്, ടാക്സ് ഇനത്തിലുള്ള തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** പൊതു വിഷയം ഖണ്ഡിക 3.3 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.6 <u>സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ്</u>**

**സോയിൽസർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടറുടെ 03.08.2023 ലെ SSSC/1970/2023/PG-4 നമ്പർ കത്ത് (SRG 1096/23).**

**വിഷയം:-** സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് എഞ്ചിനീയറെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് കൃഷി വകുപ്പ് 08.01.2021 ലെ 3/2021/AGRI നമ്പർ പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഇതുപ്രകാരം സാമ്പത്തികാധികാരം അനുസരിച്ച് സാങ്കേതികാനുമതി നൽകാൻ അഞ്ചു കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സോയിൽ കൺസർവേഷൻ വകുപ്പിലെ എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനീയർ, എന്നിവർ അംഗങ്ങളായും സോയിൽ കൺസർവേഷൻ വകുപ്പിലെ അസി.ഡയറക്ടർ മുതൽ ഡയറക്ടർ വരെ വിവിധ തട്ടുകളിലുള്ളവർ ചെയർമാനുമായും ഉള്ള കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്. ഇപ്പോൾ സോയിൽ കൺസർവേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾ പ്രധാനമായും ജില്ലാ പഞ്ചായത്തിന്റെതാണ്. ഇവയ്ക്ക് റ്റി.എസ് നൽകാനുള്ള കമ്മിറ്റിയിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഒരു എഞ്ചിനീയറെ ഓരോ കമ്മിറ്റിയിലേക്കും നിയോഗിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** **1)** സോയിൽ സർവ്വേ **&** കൺസർവേഷൻ ഡയറക്ടർ ആവശ്യപ്പെട്ടപ്രകാരം മുകളിൽപ്പറഞ്ഞ കമ്മിറ്റിയിലേയ്ക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് **(LID & GW)** വകുപ്പിൽ നിന്ന്

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഒരു എഞ്ചിനീയറെ വീതം ചുമതലപ്പെടുത്താൻ നിർദ്ദേശിക്കുന്നു. ഇതിനുള്ള തുടർനടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തസ്വഭവ 2)തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു.ബി)വകുപ്പ്** |

### 4.7 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD) ഡയറക്ടറുടെ 27.06.2022 ലെ IHRD/2084/22/DC1, 28.06.2022 ലെ IHRD/2088/22-Dc1, 31.10.2022-ലെ IHRD/2084/22- DC നമ്പർ കത്തുകളും അനുബന്ധരേഖകളും (SRG 892/23 - DA1/248/2022 - LSGD)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും IHRDയുടെ പങ്കാളിത്തം ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ എന്നിവയായി ആകെ 87 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ IHRDയുടെ കീഴിലുണ്ട്.

I. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ താഴെ പറയുന്നതടക്കമുള്ളവയിൽ IHRDയുടെ പങ്കാളിത്തത്തിനും ഇടപെടലിനും അവസരമൊരുക്കണമെന്നും ഇതിനായി നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്.

IHRD-ക്ക് സഹകരിക്കാവുന്ന മേഖലകൾ

1) തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനപരിപാടികളുടെ നടത്തിപ്പ്
2) പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ തൊഴിലധിഷ്ഠിത പരിശീല പരിപാടികൾ
3) വിവിധ സർവ്വേകൾ
4) വെബ് സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻസ് തുടങ്ങിയവയുടെ വികസനം
5) മുതിർന്ന പൗരന്മാർക്കുള്ള ഡിജിറ്റൽ സാക്ഷരതാ പരിശീലന പരിപാടികളുടെ നടത്തിപ്പ്
6) മുതിർന്ന പൗരന്മാർക്കുള്ള മെഡിക്കൽ എയ്ഡ് ഉപകരണങ്ങൾ
7) നൂതന ആശയങ്ങൾ കണ്ടെത്തുന്നതിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പങ്കാളിത്തം
8) ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നന്നാക്കുന്നതും നവീകരിക്കുന്നതും
9) തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇ-വേസ്റ്റ് സമാഹരണം
10) വിവിധ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ഉപകരണങ്ങൾ നന്നാക്കൽ
11) സ്കിൽ ഗ്യാപ് അനാലിസിസ് നടത്തുന്നതിനു വേണ്ടിയുള്ള സാങ്കേതിക സഹായം

**തീരുമാനം :-** സാങ്കേതിക സ്ഥാപനം എന്ന നിലയിൽ IHRDക്ക് നൽകാൻ കഴിയുന്ന മുകളിൽ പറഞ്ഞ സേവനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രയോജനകരമാണ് എന്ന് യോഗം വിലയിരുത്തി. ഇതിനായി IHRD ഡയറക്ടറുമായി ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

II. IHRDയുടെ അനുബന്ധസ്ഥാപനങ്ങളിൽ അടിസ്ഥാന വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** IHRDയുടെ കീഴിലുള്ള സ്ഥാപനങ്ങൾ സ്വയംഭരണമാതൃകയിലുള്ളതായ തിനാലും തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറാത്ത സ്ഥാപനങ്ങൾ ആയതിനാലും ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.8 ആരോഗ്യവകുപ്പ്**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ 18.08.2023 ലെ കത്തും KGMOA ജനറൽ സെക്രട്ടറിയും പ്രസിഡന്റും ചേർന്നു നൽകിയ കത്തും മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2022ലെ PR01/2023-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗതീരുമാനവും അനുബന്ധരേഖകളും (SRG -1142/23).**

**വിഷയം:-** മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ആംബുലൻസിന്റെ പ്രവർത്തനം സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകളുടെ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് എന്നിവയടക്കമുള്ള ആവർത്തന ചെലവ് നൽകുന്നതു സംബന്ധിച്ച വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള ആംബുലൻസുകളുടെ (2023 ജൂൺ 15 വരെ) ആവർത്തന ചെലവ് വഹിക്കാൻ മതിയായ വിഹിതം എച്ച്.എം.സിയിൽ ഇല്ലായെങ്കിൽ ഒരു നിശ്ചിത വിഹിതം തദ്ദേശഭരണസ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകി. 15.06.2023 നു ശേഷം വാങ്ങുന്ന / ലഭിക്കുന്ന ആംബുലൻസിന്റെ ചെലവ് എച്ച്.എം.സി തന്നെ വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽപ്പെട്ടവർ, താഴ്ന്ന വരുമാനക്കാർ എന്നിവർക്കും പട്ടികവർഗ്ഗമേഖലകളിലും സൗജന്യമായി സേവനം നടത്തുന്ന രീതി ഉറപ്പാക്കി അതിന്റെ ചെലവ് എച്ച്.എം.സിയുമായി ചേർന്ന് തദ്ദേശഭരണസ്ഥാപനം വഹിക്കണമെന്നുമാണ് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നത്.

മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് കൊച്ചിൻഷിപ്പ്യാർഡ് 2017 ൽ ഒരാമ്പുലൻസ് സംഭാവനയായി നൽകിയിരുന്നു. ഇത് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ പേരിലാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ KL-02-BA-8163-ാം നമ്പർ ആംബുലൻസ് 31.07.2023 ൽ സെക്രട്ടറി മൺറോതുരുത്ത് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് കൈമാറികൊണ്ട് ഉത്തരവായി. 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തീരുമാനമെടുക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പേരിലുള്ള ആംബുലൻസുകൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്കോ സൂപ്രണ്ടിനോ കൈമാറാൻ നിർദ്ദേശിച്ചിട്ടില്ലെന്ന് ചൂണ്ടി കാണിച്ചു കൊണ്ട് ഈ വിഷയത്തിൽ വ്യക്തത വരുത്തണമെന്ന ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

ഇതേകാര്യം KGMOA യും അറിയിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞ എച്ച്.എം.സികളെ ആംബുലൻസ് ഏൽപ്പിച്ചാൽ ആംബുലൻസിന്റെ നടത്തിപ്പിനെ ബാധിക്കും എന്ന് KGMOA അറിയിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നു നിയമിച്ച ഡ്രൈവർക്ക് എച്ച്.എം.സിയിൽ നിന്ന് ശമ്പളം നൽകുന്നത് ശരിയല്ല, ആംബുലൻസിന്റെ ലോഗ് ബുക്ക് രേഖപ്പെടുത്തുന്നതിന് എഫ്.എച്ച്.സി കളിൽ സൗകര്യമില്ല എന്നതടക്കമുള്ള പ്രശ്നങ്ങളും KGMOA യുടെ കത്തിൽ ചൂണ്ടികാണിച്ചിട്ടുണ്ട്. ഇതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

**1)** കഴിഞ്ഞ 7 വർഷമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പറയാത്ത കാര്യം സൂചിപ്പിച്ചുകൊണ്ട് എച്ച്.എം.സിക്ക് തിടുക്കത്തിൽ കൈമാറിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനവസരത്തിലുള്ള നടപടിയാണ്. ഗ്രാമപഞ്ചായത്തിനും

എച്ച്.എം.സിക്കും വരുമാനം കുറവുള്ളതും പിന്നോക്കാവസ്ഥയുള്ളതുമായ മൺറോതുരുത്തുപോലുള്ള ഗ്രാമപഞ്ചായത്തിൽ ആശയക്കുഴപ്പമുണ്ടാക്കി വികസനക്ഷേമ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുകയും പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. തനതുഫണ്ടിൽ നിന്ന് ഡ്രൈവറുടെ വേതനം നൽകാൻ കഴിയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 02.08.2023 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ വിയോജന കുറിപ്പെഴുതിയത് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമാണ്. ഇതും റൂറൽ ഡയറക്ടർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണം.

2) കഴിഞ്ഞ 7 വർഷം എപ്രകാരമാണോ ആംബുലൻസ് ഉപയോഗിച്ചത് അതേ രീതിയിൽ തുടരുവാനും ആവർത്തനചെലവ് 15.06.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം കണ്ടെത്താനും (ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിക്കുവാനും) നിർദ്ദേശിക്കുന്നു.

3) ഗ്രാമപഞ്ചായത്തിൽ നിന്നും നിയമിച്ച ഡ്രൈവർക്ക് എച്ച്.എം.സിയിൽ നിന്നും വേതനം നൽകാവുന്നതല്ല എന്ന **KGMOA** യുടെ നിർദ്ദേശം പരിഗണിക്കാവുന്നതല്ല എന്ന് യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തന്നെയാണ് എച്ച്.എം.സിയുടേയും അദ്ധ്യക്ഷൻ. പരസ്പരം ആശയവിനിയമത്തിലൂടെ പി.എച്ച്.സി പോലുള്ള സ്ഥാപനത്തിന്റെ നടത്തിപ്പ് സുഗമമായി മുന്നോട്ടുകൊണ്ടുപോകേണ്ടതാണെന്ന് യോഗം വിലയിരുത്തി. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറും ഡി.എം.ഒയും ഇതിൽ ഇടപെട്ട് കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ട് റൂറൽ ഡയറക്ടർക്ക് നൽകണമെന്നും നിർദ്ദേശിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം**<br>2) **ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം**<br>3) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

## 4.9 HLL Lifecare Limited

**എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സീനിയർ വൈസ് പ്രസിഡന്റിന്റെ 12.09.2023 ലെ HLL/CMO/SVP/VBD/23-24/01 നമ്പർ കത്ത് (SRG 1286/23)**

**വിഷയം:-** സ്കൂളുകളിൽ പെൺകുട്ടികൾക്കാവശ്യമായ ശുചിത്വ ഉപകരണങ്ങൾ നൽകുന്നതും ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നതും സംബന്ധിച്ച്.

വനിതകളുടെ ശുചിത്വത്തിനാവശ്യമായ നാപ്കിനുകൾ, മറ്റുപകരണങ്ങൾ എന്നിവ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയത്തിന്റെ അക്രഡിറ്റേഷൻ HLL ന് ഉണ്ട്. പൊതു വിദ്യാഭ്യാസവകുപ്പ ചുമതലപ്പെടുത്തിയ പ്രകാരം സ്കൂളുകളിൽ സാനിറ്ററി വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. ഒപ്പം കേരള വനിതാ വികസന കോർപ്പറേഷന്റെ 'ഷീപാഡ്' പദ്ധതിയുമായും സഹകരിക്കുന്നുണ്ട്. ഇവയൊക്കെ പരിഗണിച്ച് താഴെ പറയുന്ന

ഉപകരണങ്ങളും ബോധവത്കരണ പരിപാടിയും ടെണ്ടർ കൂടാതെ HLL-നെ ഏല്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

I. സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും സാനിറ്ററി നാപ്കിൻ ഇൻസിനറേറ്ററും സ്ഥാപിക്കലും മെയിന്റനൻസും
II. സാനിറ്ററി നാപ്കിൻ വിതരണം
III. വനിതകൾക്കിടയിൽ ആർത്തവ ശുചിത്വം സംബന്ധിച്ച ബോധവത്കരണം

**തീരുമാനം :-** **HLL**ന്റെ മുകളിൽ പറഞ്ഞ സേവനം ഹൈസ്കൂളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലുമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നത്. **HLL** ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും **HLL** ഇവ സ്വയം ഉല്പാദിപ്പിക്കുന്നവയാണ് എന്നതിനാലും ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇവ വാങ്ങാനും ബോധവത്കരണ പരിപാടി **HLL**-നെ കൂടി ഏല്പിക്കാനും അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

### 4.10 <u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്</u>

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാന്റെ 10.07.2023 ലെ കത്തും സർക്കാരിന്റെ 13.01.2022, 24.02.2022 എന്നീ തീയതികളിലെ DA1 237/2019/തസ്വഭവ കത്തുകളും (2 എണ്ണം) (SRG 1140/23).**

**വിഷയം:-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്നതു സംബന്ധിച്ച്.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്ന ഒരു സർക്കാർ സ്ഥാപനമാണ്. ഖരമാലിന്യ പരിപാലന മേഖലയിൽ അക്രഡിറ്റേഷനുവേണ്ടി സർക്കാരിന് KAICO അപേക്ഷ നൽകിയെങ്കിലും സർക്കാർ സ്ഥാപനമായതിനാൽ പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ല എന്ന് 13.01.2022, 24.02.2022 തീയതികളിലായി സർക്കാർ KAICO മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇടയിൽ അവ്യക്തതയുണ്ട് എന്നറിയിച്ചിരിക്കുന്നു. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കുമ്പോൾ KAICO പിന്തള്ളപ്പെടുന്നു. കൃഷി വകുപ്പിന് കീഴിലുള്ള KAICO-യ്ക്ക് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം - പരിപാലനം, കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ നിർമ്മാണം, സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കൽ തുടങ്ങിയവയിൽ പ്രവൃത്തി പരിചയമുണ്ട്. ഇവ പരിഗണിച്ച് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ അക്രഡിറ്റഡ് ഏജൻസിയായി KAICO-യെ അംഗീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** **1)** സർക്കാർ 24.02.2022 ന് KAICO-യ്ക്ക് നൽകിയ കത്തിൽ 30.03.2013 ലെ 133/2013/തസ്വഭവ ഉത്തരവു പ്രകാരം സർക്കാരിനു കീഴിലുള്ള ഏജൻസികൾക്കു പ്രത്യേകമായി അക്രഡിറ്റേഷൻ ആവശ്യമില്ലെന്ന് മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവു പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ചുമതല ഏല്പിക്കുന്നതിനു മുമ്പ് ഈ പ്രവൃത്തി തദ്ദേശഭരണസ്ഥാപനങ്ങളുടെ / സർക്കാർ ഏജൻസികളുടെ / പൊതുമേഖലാ സ്ഥാപനങ്ങളുടെ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവർത്തനമല്ല എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ല എന്ന് അറിയിക്കുന്നു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് |
|---|---|

**4.11 <u>വെള്ളൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.ചങ്ങനാശ്ശേരി എം.എൽ.എയുടെ 07.06.2023 ലെ കത്തും ശ്രീമതി ശാലിനി പ്രകാശ്, ശിവസദനത്തിന്റെ 06.06.2023 ലെ കത്തും (SRG 901/23)**

**വിഷയം:-** വെള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അധിക സ്റ്റാഫിനെ നിയമിക്കണമെന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ / പി.എച്ച്.സിയിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു നിയമിക്കാൻ അനുമതിയുണ്ട്. പാരാമെഡിക്കൽ സ്റ്റാഫ് എന്ന നിലയിൽ ഫാർമസിസ്റ്റിനോടൊപ്പം അധികമായി ഒരു നേഴ്സിനേയും നിയമിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ആവശ്യം നിരസിച്ചു. പൊതുവിഷയം തീരുമാനം ഖണ്ഡിക 3.**5(vi)** ബാധകമാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് |
|---|---|

**4.12 <u>ബ്ലോക്ക് പഞ്ചായത്തുകൾ</u>**

**ബഹു. കുന്ദമംഗലം എം.എൽ.എയുടെ 19.07.2023 ലെ T. 195/2023-ാം നമ്പർ കത്ത് (SRG 1041/23)**

**വിഷയം:-** മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള സി.എച്ച്.സികളിൽ വികസന പ്രവർത്തനം നടത്തുന്നതു സംബന്ധിച്ച്

സംസ്ഥാനത്ത് വിവിധ മെഡിക്കൽ കോളേജുകളുടെ കീഴിൽ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സി.എച്ച്.സികളുടെ HDC യുടെ അദ്ധ്യക്ഷന്മാർ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരാണ്. എന്നാൽ ഇത്തരം സി.എച്ച്.സികൾ ബ്ലോക്കു പഞ്ചായത്തുകൾക്ക് കൈമാറികിട്ടിയിട്ടില്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനവിഹിതം ചെലവഴിക്കാൻ കഴിയുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ ആവശ്യത്തിന് തദ്ദേശഭരണസ്ഥാപനവിഹിതം ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ബഹു.കുന്ദമംഗലം എം.എൽ.എ ഇതിനു സമാനമായി താഴെ പറയുന്ന വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുകയും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗം പരിഗണിക്കുകയും ചെയ്തിരുന്നു.

ഇത് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ കൂടി അനുമതിയോടെ പരിഗണിക്കേണ്ട വിഷയമാണ് എന്ന് 14.02.2023ലെ കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തിയ പ്രകാരം വിഷയം ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. ഇതു വന്നതിനുശേഷം ബഹു.എം.എൽ.എ ഇപ്പോൾ നൽകിയ കത്തിന്മേൽ

തീരുമാനമെടുക്കുന്നതാണ്. ഈ വിഷയം ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് വീണ്ടും നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

## 4.13 കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ

**സർക്കാറിന്റെ 25.07.2023-ലെ DA1/224/2023 തസ്വഭവ നമ്പർ കത്തും കേരള ഗവണ്മെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റും ജനറൽ സെക്രട്ടറിയും ചേർന്ന് നൽകിയ 10.07.2023 ലെ കത്തും (SRG 1047/23).**

**വിഷയം:-** മഴക്കാലജന്യ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണമെന്നതു സംബന്ധിച്ച്.

മഴക്കാലജന്യ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും (HR മാരെ) നിയമിക്കണമെന്ന് KGMOA 22.06.2023 ലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.6.2 നു (28.05.2022-ലെ 115/22/തസ്വഭവ ഉത്തരവ്) വിധേയമായി അധികമാളുകളെ നിയമിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് 15.07.2023 ലെ DA1/224/2023 - തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒന്നു വീതം ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും സി.എച്ച്.സികളിൽ രണ്ടു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് നിയമിക്കാവുന്നതാണ്. ഒപ്പം താലൂക്ക് ആശുപത്രികൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ആശുപത്രികളിൽ ഒന്നു വീതം ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു പുറമെ അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മഴക്കാലജന്യരോഗം നേരിടുന്നതിന് ഇപ്പോൾ അനുവദിച്ചതിനു പുറമെ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നതല്ല എന്നറിയിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

## 4.14 കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷൻ

**കേരള ഗവണ്മെന്റ് ഫാർമസിസ്റ്റ് അസോസിയേഷൻ പ്രസിഡന്റിന്റെ 27.05.2023 ലെ കത്ത് (SRG 917/23).**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മറ്റും അധികമായി ഫാർമസിസ്റ്റിനെ നിയമിക്കുന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ ഉത്തരവ്) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഓരോ ഡോക്ടറേയും

പാരാമെഡിക്കൽ സ്റ്റാഫിനേയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് നിയമിക്കാൻ അനുമതിയുണ്ട്. ഈ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ഉച്ച കഴിഞ്ഞും 1 മണി മുതൽ 6 മണിവരെ ഉറപ്പുവരുത്താനാണ് ഈ ക്രമീകരണം നടത്താൻ അനുമതി നൽകിയിരിക്കുന്നത്. ആശുപത്രികളിൽ മരുന്നു വിതരണം ചെയ്യാൻ ഫാർമസിസ്റ്റിനെയല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തരുതെന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവുണ്ട്. ഒരു ഫാർമസിസ്റ്റ മാത്രം ഉള്ളതും ഉച്ചകഴിഞ്ഞ് പ്രവർത്തനം ഇല്ലാത്തതുമായ ഇത്തരം ആരോഗ്യ സ്ഥാപനങ്ങളിലും ഫാർമസിസ്റ്റിനെ നിയമിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല. ഈ വിഷയം ആരോഗ്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1)**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

4.15 **<u>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2023-ലെ കത്തും 15.06.2023 ലെ യോഗ തീരുമാനവും (SRG 1088/23)**

**വിഷയം:-** മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 ൽ കൂടിയ യോഗം അംഗീകാരം നൽകുകയും ചെയ്തു. ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് , ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരുന്നു.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നവയാണ്.

| **<u>പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ്</u>** | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക** |
| 1 | വാഹനം (ചെയ്സ്) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |
| 5 | ലാബ് റീ ഏജന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ് | | |
|---|---|---|
| **ക്രമനം** | **ഇനം** | **തുക** |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗം പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

1) 'ബ്ലോക്ക് പ്രദേശത്തുള്ള **CHC, PHC** മുഖേന നിലവിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പ് എല്ലാ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സികളിലും Non Communicable Disease (NCD) കണ്ടെത്തുന്നതിന് പ്രത്യേക പ്രോഗ്രാം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കേണ്ടതില്ല' എന്നു തീരുമാനിച്ചു.
2) 'ഇതിനകം ആംബുലൻസ് വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വാങ്ങിയ വാഹനം ആംബുലൻസ് ആക്കി ആവർത്തന ചെലവ് സ്വയം കണ്ടെത്തുന്ന രീതിയിൽ **CHC**യുടെ **HMC** യെ ഏല്പിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ആവർത്തന ചെലവ് സംബന്ധിച്ച് 15.06.2023 ലെ പൊതു തീരുമാനം ഖണ്ഡിക 10 ലെ നിർദ്ദേശം പാലിക്കണം'.

ആംബുലൻസായി പ്രവർത്തിക്കണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നതു സംബന്ധിച്ച്. ഇതൊരു സഞ്ചരിക്കുന്ന ആശുപത്രിയാണെന്നും അതിനാൽ ഈ പ്രോജക്ട് ഇതേ രീതിയിൽ തന്നെ ആരംഭിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം കൂടി പരിഗണിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യ വകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.16 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**
**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.09.2023-ലെ DP/MPM/32/2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.08.2023-ലെ 16(1)-ാം നമ്പർ തീരുമാനവും (SRG 1285/23).**

***വിഷയം :- മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുതിന് സാധൂകരണം നൽകുന്നതു സംബന്ധിച്ച്***

| | | |
|---|---|---|
| ***പ്രോ.നം: 154/23*** | ***അടങ്കൽ*** | ***1,61,73,000രൂപ*** |
| | | *(വികസനഫണ്ട് - ജനറൽ)* |
| ***പ്രോ.നം. 398/24*** | ***അടങ്കൽ*** | *1,99,99,788 രൂപ* |
| | | *വികസനഫണ്ട് - ജനറൽ* |
| ***പേര്*** | ***മെൻസ്ട്രുവൽ ഹൈജീനിക് കിറ്റ് വിതരണം*** | |

**(i)** മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചു. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേനയാണ് നടപ്പാക്കേണ്ടത്. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന ഈ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**(ii)** ഈ പ്രോജക്ട് 2023-24 വർഷവും എടുത്തിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ വനിതാ വികസന ഓഫീസറും ഈ പ്രോജക്ട് നടപ്പാക്കാൻ തയ്യാറാകുന്നില്ല എന്നറിയിച്ചുകൊണ്ട് 2023-24 ലും ഈ പ്രോജക്ട് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) മെൻസ്ട്രുവൽ കപ്പിന്റെ വിശ്വാസ്യതയും, ഉപയോഗിക്കുന്നതു സംബന്ധിച്ച സംശയ നിവാരണത്തിനും, വിവിധ അളവുകൾ വാങ്ങുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നവരുടെ ആരോഗ്യസ്ഥിതി സംബന്ധിച്ചും ബോധവൽക്കരണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ ഭാഗമായാണ് ഇത് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നടപ്പാക്കണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. UPHC/FHC/ PHC/CHC ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണമെന്ന് മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിരുന്നതാണ്. ഒപ്പം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ മുഖേന നടപ്പാക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്.

എന്നാൽ മാർഗ്ഗരേഖയ്ക്ക് വിപരീതമായി മെഡിക്കൽ ഓഫീസർക്കു പകരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നിർവ്വഹണം നടത്തുക, ഗ്രാമപഞ്ചായത്തിനു പകരം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുക എന്നീ രീതികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനം എടുക്കുന്നതാണ്.

2) മെൻസ്ട്രുവൽ കപ്പ് വിതരണത്തിനായി 2023-24 വർഷത്തെ പ്രോജക്ട് അതത് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നിർവ്വഹണം നടത്താൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1)**റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>2)**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.17 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2023 ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21.07.2023 ലെ 1(5)-ാം നമ്പർ തീരുമാനവും സർക്കാരിന്റെ 09.08.2023 ലെ DA1/289/2023/തസ്വഭവ കത്തും (SRG 1073/23 – CC/541/23).**

**വിഷയം:-** മെൻസ്ട്രുവൽ കപ്പ് വിതരണത്തിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** *172/24* | ***അടങ്കൽ*** | ***30,00,000 രൂപ***<br>*(വികസഫണ്ട് – ജനറൽ)* |
| ***പേര്*** | മെൻസ്ട്രുവൽ വിതരണവും ബോധവത്കരണവും | |

ജില്ലയിലെ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണത്തിനും അതിനോടനുബന്ധിച്ച് ബോധവത്കരണത്തിനുമായി ബി-സ്മാർട്ട് എന്ന പേരിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമാണ്

ഈ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതല്ലാത്തതിനാൽ വെറ്റിംഗ് ഓഫീസർ ഇതിന് അനുമതി നൽകിയില്ല. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്റ്റ് നടപ്പാക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറി ഈ പ്രോജക്റ്റ് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1)**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.18 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2023 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.05.2023 ലെ 3(5-1)-ാം നമ്പർ തീരുമാനവും (SRG 1056/23 - CC/514/2023).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 60/24 | ***അടങ്കൽ*** | ***90,00,000 രൂപ*** *(എസ്.സി.പി)* |
| ***പേര്*** | **പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം** | |

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റേയും നഗരഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശീലനം നൽകുന്നതിന് പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതിയുണ്ട്.

മാർഗ്ഗരേഖയിൽ ബി.എസ്.സി നേഴ്സിംഗ്, ജനറൽ നഴ്സിംഗ്, എം.എൽ.റ്റി (പിന്നീട് DMLT കൂടി ചേർത്തു). ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ, എഞ്ചിനീയറിംഗ്, പോളി ടെക്നിക്, ഐ.റ്റി.ഐ, അംഗീകൃത തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നീ യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകാവുന്നത്. ഇതോടൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ, സാനിറ്ററി വർക്കർ, എൽ.എൽ.ബി, ബി.എൽ.ഐ.എസ് (ലൈബ്രറി സയൻസ്), ആയുർവേദ നഴ്സിംഗ്, ഹോമിയോ നഴ്സിംഗ്, ബി.ആർക്ക് തുടങ്ങിയ കോഴ്സുകൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

നിലവിൽ 7000 രൂപ മുതൽ 10000 രൂപവരെയാണ് പ്രതിമാസം സ്റ്റൈപന്റ് നൽകുന്നത്. ഇത് 10000 മുതൽ 15,000 രൂപവരെയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-**

**1)** ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവരെ മുകളിൽ പറഞ്ഞ പരിശീലനത്തിന് പ്രതിമാസം 7000 രൂപ സ്റ്റൈപ്പന്റ് നിരക്കിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

**2)** മാർഗ്ഗരേഖ പരിഷ്ക്കരിക്കുന്ന സമയത്ത് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. ആയുർവേദ നേഴ്സിംഗ്, ഹോമിയോ നേഴ്സിംഗ് പാസ്സായവരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുഷ് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ കോഴ്സുകളുടെ കാലാവധി എത്രയാണ്, ഈ കോഴ്സുകൾ പാസ്സായവരെ ജില്ലയിൽ ഏതൊക്കെ സ്ഥാപനത്തിലാണ് പരിശീലനത്തിനായി നിയമിക്കുന്നത് എന്നതു സംബന്ധിച്ചും റിപ്പോർട്ടിൽ വിവരങ്ങൾ ഉൾപ്പെടുത്തണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, ആയുഷ് മിഷൻ**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.19 <u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക വേണ്ടിയുള്ള പ്രൊക്യുർമെന്റ് മാന്വൽ</u>**

**സർക്കാരിന്റെ DA1/486/2018- LSGD നമ്പർ സർക്കാർ ഫയൽ (SRG 1004/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യുർമെന്റ് മാന്വലിന്റെ അംഗീകാരം സംബന്ധിച്ച്.

സർക്കാർ ആവശ്യപ്പെട്ട പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യുർമെന്റ് മാന്വലിന്റെ കരട് KILA തയ്യാറാക്കി 20.03.2023 ന് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. 2010-ൽ അംഗീകരിച്ച പ്രൊക്യുർമെന്റ് മാന്വലാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇത് 2016 ൽ പരിഷ്കരിച്ച് ഉത്തരാവായെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നു ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇത് തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് 01.02.2017 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചു. തുടർന്നാണ് KILA പുതിയ കരട് തയ്യാറാക്കിയിരിക്കുന്നത്. KILA നൽകിയ കരട് പ്രൊക്യുർമെന്റ് മാന്വലിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെയും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടേയും റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതിനാൽ ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** പ്രിൻസിപ്പൽ ഡയറക്ടറുടെയും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടേയും റിപ്പോർട്ട് ലഭിക്കാൻ വൈകുന്നതിനാൽ പ്രൊക്യുർമെന്റ് മാന്വൽ അന്തിമമാക്കി സർക്കാർ ഉത്തരവാകാൻ വൈകുന്നു എന്ന് യോഗം വിലയിരുത്തി.

ഈ സാഹചര്യത്തിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ മാന്വൽ കൂടി പരിശോധിച്ച് അടിയന്തിരമായി തദ്ദേശസ്വയംഭരണവകുപ്പിനു പരിശോധനാ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും ചീഫ് എഞ്ചിനീയറോടും നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ<br>2) ചീഫ് എഞ്ചിനീയർ, തസ്വഭവ<br>3)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.20 <u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസ്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2023 ലെ കത്തുകൾ 2 എണ്ണം (SRG 889/23 - CC/382/23, CC/383/23).**

**വിഷയം:-** ഒരു പ്രോജക്ട് ഫോറത്തിൽ ഒന്നിലധികം പ്രോജക്ടുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച്

മലപ്പുറം ജില്ലയിലെ ചുങ്കപ്പാറ ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ സമാനസ്വഭാവമുള്ള (നിർമ്മാണ പ്രോജക്ടുകൾ) 38 പ്രോജക്ടുകൾ ഒറ്റ ഫോറത്തിൽ തയ്യാറാക്കിയാണ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചത്. ഇവയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നിരസിക്കുകയും ഓരോ പ്രോജക്ടിനും ഓരോ ഫോറം ഉപയോഗിച്ച് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നിർമ്മാണ മേഖലയിൽ പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുതലാണെന്നും അതിനാൽ സമാനസ്വഭാവമുള്ള പ്രോജക്ടുകൾ ഒരു ഫോറത്തിൽ തയ്യാറാക്കുന്ന രീതിക്ക് അനുമതി നൽകണമെന്നും തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. ഈ രീതിയിൽ പ്രോജക്ട തയ്യാറാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-** ഈ വിഷയം 01.06.2023 ന് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അവലോകനയോഗത്തിൽ ചർച്ച ചെയ്യുകയും ഇതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയർ അംഗമായിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്ന്

യോഗം വിലയിരുത്തി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇതിന്മേൽ തീരുമാനമെടുക്കുന്നതാണ്. ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം. അതുവരെ നിലവിലെ രീതി തുടരേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തസ്വഭവ<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.21 <u>മഴുവന്നൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.കുന്നത്തുനാട് എം.എൽ.എയുടെ 25.02.2022 ലെ കത്തും മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ വാർഡു മെമ്പർമാരായ ശ്രീ ജോർജ്ജ് ഇടപ്പരത്തി, ശ്രീ വി.ജോയിക്കുട്ടി, ശ്രീ.കെ.പി വിനോദ്കുമാർ, ശ്രീ കെ.കെ ജയേഷ്, ശ്രീ പി.ജി. അനിൽകുമാർ എന്നിവർ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തും തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ ഡയറക്ടറുടെ 10.10.2022ലെ PAN/4337/2022-J3 (DP) നമ്പർ കത്തും DA1/197/2023- LSGD നമ്പർ സർക്കാർ ഫയലും (SRG 894/23)**

**വിഷയം:-** മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഘടന സംബന്ധിച്ച്.

മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഘടന സംബന്ധിച്ചും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധിക്കണമെന്നാണ് കത്തിലെ ആവശ്യം. ഇതിൽ ഗ്രാമപഞ്ചായത്ത് തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിഷയമാണ് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതെന്നും ബാക്കിയുള്ളവയുടെ റിപ്പോർട്ട് ആയിട്ടുണ്ടെന്നും സർക്കാർ ഫയലിൽ അറിയിച്ചിട്ടുണ്ട്.

i) ഗ്രാമപഞ്ചായത്തു തല ആസൂത്രണസമിതിയിലെ അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരൊഴികെ വൈസ് ചെയർമാനടക്കം മറ്റുള്ള അംഗങ്ങൾ എല്ലാവരും ഗ്രാമപഞ്ചായത്ത് അതിർത്തിക്കു പുറത്തു താമസിക്കുന്നവരാണ്.

ii) ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളുടെ അദ്ധ്യക്ഷന്മാരും ഒരു വിഭാഗത്തിൽപ്പെട്ട സംഘടനയുടെ പ്രതിനിധികളാണ്. ഗ്രാമപഞ്ചായത്തിലെ അഞ്ച് വാർഡ് അംഗങ്ങളെ ഒരു വർക്കിംഗ് ഗ്രൂപ്പിലും അംഗമായിപോലും ഉൾപ്പെടുത്തിയിട്ടില്ല. ഒരാൾ തന്നെ ഒന്നിലധികം വർക്കിംഗ് ഗ്രൂപ്പുകളിൽ അദ്ധ്യക്ഷത വഹിക്കുന്നുണ്ട്. ആകെയുള്ള 13 വർക്കിംഗ് ഗ്രൂപ്പുകളിൽ സാമൂഹ്യനീതി, പട്ടികജാതി/പട്ടികവർഗ്ഗം, വിദ്യാഭ്യാസം, കലാ-സാംസ്കാരിക യുവജന കാര്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ ചെയർമാൻ, കൺവീനർ, വൈസ് ചെയർമാൻ എന്നിവരെ കൂടാതെ 20 അംഗങ്ങളും ബാക്കി 10 വർക്കിംഗ് ഗ്രൂപ്പുകളിൽ 19 അംഗങ്ങൾ വീതവുമാണുള്ളത്.

മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ മാറ്റി നിർത്തിയിരിക്കുന്ന ഭരണസമിതി അംഗങ്ങളേയും ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ താമസിക്കുന്ന വിദഗ്ധരേയും ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** **1)** ജനകീയാസൂത്രണത്തിന്റെ ഉദ്ദേശലക്ഷ്യത്തിന് അനുസൃതമല്ലാത്ത സമീപനം ആസൂത്രണ സമിതി രൂപീകരണത്തിലും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണത്തിലും ഉണ്ട് എന്ന് യോഗം വിലയിരുത്തി. മാർഗ്ഗരേഖ പ്രകാരം ആസൂത്രണ സമിതിയിൽ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരേയും ഉൾപ്പെടുത്താമെന്നുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനു പുറത്തു നിന്ന് വിദഗ്ധരെ ഉൾപ്പെടുത്തുമ്പോൾ ആകെ അംഗങ്ങളുടെ 10 അല്ലെങ്കിൽ 15 ശതമാനം ആൾക്കാരെ മാത്രമേ പുറത്തു നിന്ന് ഉൾപ്പെടുത്താവൂ എന്ന് നിർദ്ദേശിക്കുന്നു. ആസൂത്രണസമിതിയുടെ

വൈസ് ചെയർമാനായി നിയോഗിക്കപ്പെടുന്ന വിദഗ്ധൻ മറ്റൊരു തദ്ദേശഭരണസ്ഥാപനത്തിൽ വൈസ് ചെയർമാനായോ വിദഗ്ധാംഗമായോ പ്രവർത്തിക്കാൻ പാടില്ല. കഴിവതും അതതു തദ്ദേശ ഭരണസ്ഥാപനത്തിലെ വിദഗ്ധനെതന്നെ വൈസ് ചെയർമാനായി നിശ്ചയിക്കുന്നതാണ് അഭികാമ്യമെന്ന് നിർദ്ദേശിക്കുന്നു. എല്ലാ വിഭാഗക്കാരുടേയും പങ്കാളിത്തമുറപ്പാക്കുന്ന രീതിയിൽ വേണം ആസൂത്രണസമിതികൾ രൂപീകരിക്കേണ്ടതെന്ന് നിർദ്ദേശിക്കുന്നത്.

**2)** വർക്കിംഗ് ഗ്രൂപ്പുകളിൽ ഒന്നിൽപ്പോലും ഒരു വിഭാഗം ജനപ്രതിനിധികളെ (5പേർ) ഉൾപ്പെടുത്താത്തത് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ അഭികാമ്യമല്ല. ഇവരെ കൂടി ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ പുനഃസംഘടിപ്പിക്കണമെന്ന് ഭരണസമിതിയോടാവശ്യപ്പെടാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

മാർഗ്ഗരേഖ പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പുകളിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ് എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ രീതിയിൽ വർക്കിംഗ് ഗ്രൂപ്പിന്റെ എണ്ണവും ക്രമപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

**3)** കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് റൂറൽ ഡയറക്ടർ നേരിട്ട് പരിശോധിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തസ്വഭവ**<br>**2) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.22 <u>ചെങ്കൽ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്തുകളും (2 എണ്ണം) ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2023 ലെ A2/3139/23 നമ്പർ കത്തും ചെങ്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.06.2023 ലെ 8(21)-ാം നമ്പർ തീരുമാനവും** (SRG 1032/23 – CC/442/23)

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നിർമ്മിക്കുന്നതു സംബന്ധിച്ച്.

ശ്രീമതി രമ്യ.ജി.എം ചാണിവിള എന്ന വ്യക്തി 2020 ൽ ലൈഫ് ഭവനപദ്ധതിയിൽ ഭൂമിയുള്ള ഭവനരഹിത എന്ന നിലയിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ നിലവിലെ ഭവനം അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാമെന്ന കാരണത്താൽ ലിസ്റ്റിൽ ഉൾപ്പെട്ടില്ല. വീടു വാസയോഗ്യമല്ലെന്ന് ഗ്രാമപഞ്ചായത്തു അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടു നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് .

**തീരുമാനം:-** **1)** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സി.ഇ.ഒ, ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.23 ചെങ്കൽ ഗ്രാമപഞ്ചായത്ത്**

**ചെങ്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.05.2023 ലെ കത്തും ചെങ്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 31.03.2023 ലെ A4-1211/19/PAU നമ്പർ കത്തും അനുബന്ധരേഖകളും (SRG 1077/23)**

**വിഷയം:-** ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടു അനുവദിക്കുന്നതു സംബന്ധിച്ച്.

ചെങ്കൽ ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ താമസിക്കുന്ന ശ്രീ. രതീഷ് എസ്, രതീഷ് ഭവൻ എന്ന വ്യക്തിക്ക് സംസാരശേഷിയോ കേൾവി ശക്തിയോ ഇല്ല. 2021 ജനുവരി മാസത്തിൽ ഈ വ്യക്തിക്ക് 5 സെന്റ് സ്ഥലം നാട്ടുകാരും ബന്ധുക്കളും ചേർന്ന് വാങ്ങി നൽകി. ഈ സ്ഥലത്തുള്ള ഒറ്റ മുറി വീട്ടിലാണ് ശ്രീ.രതീഷ് താമസിക്കുന്നത്. 2020ൽ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച പ്രകാരം ഈ വ്യക്തിക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട്ടു ലഭിക്കാൻ അർഹതയുണ്ടെന്ന് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന റേഷൻ കാർഡിൽ ഈ വ്യക്തി മാത്രമേ ഉൾപ്പെട്ടിട്ടുള്ളു. പ്രത്യേക പരിഗണന നൽകി ശ്രീ. രതീഷിന് വീട് അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സി.ഇ.ഒ, ലൈഫ് മിഷൻ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.24 പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.06.2023 ലെ കത്തുകളും (2 എണ്ണം) പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.05.2023 ലെ 4(1)-ാം നമ്പർ തീരുമാനവും എറണാകുളം PMAY(G) ഓംബുഡ്സ്മാന്റെ 10.04.2023 ലെ OMB/PMAY(G)/AWARD/2022-23/01-ാം നമ്പർ ഉത്തരവും (SRG 372/23)**

**വിഷയം:-** PMAY (ഗ്രാമീൺ) പദ്ധതിയിൽ വിട്ടുപോയ ഗുണഭോക്താവിന് വീട്ടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

ശ്രീമതി ഷീല ശശി, തറാക്കരതെറ്റ, ആറ്റുപുറം (കുന്നുകര ഗ്രാമപഞ്ചായത്ത്) എന്ന വ്യക്തി 2016-17 ൽ PMAY പദ്ധതി പ്രകാരം വീടിന് അപേക്ഷിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇവരെ തെറ്റായി ജനറൽ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയത്. അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല. ഗുണഭോക്തൃ ലിസ്ററ് തയ്യാറാക്കാനുള്ള സ്കോർ അനുസരിച്ച് എസ്.സി വിഭാഗത്തിലായിരുന്നു ഈ വ്യക്തിയെങ്കിൽ ലിസ്റ്റിൽ വരുമായിരുന്നു എന്ന് ബ്ലോക്ക് പഞ്ചായത്ത് ചൂണ്ടികാണിച്ചിരിക്കുന്നു. അനുവദനീയമായ വിഹിതം കണ്ടെത്തി ഇവർക്ക് പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ കുന്നുകര ഗ്രാമപഞ്ചായത്തിൽ നിന്നോ വീട്ടു നൽകുന്നതിന് നിയമപരമായ നടപടി സ്വീകരിക്കണമെന്ന് PMAY(G) ഓംബുഡ്സ്മാൻ 15.05.2023 ലെ A-807/2023-ാം നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് വീട്ടു നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അപേക്ഷകയുടേതല്ലാത്ത പിഴവു മൂലമാണ് ഇവർ ഒഴിവാക്കപ്പെട്ടത് എന്ന് യോഗം വിലയിരുത്തി. അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

4.25 <u>വാളകം ഗ്രാമപഞ്ചായത്ത്</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2023, 03.06.2023 എന്നീ തീയതികളിലെ കത്തും വാളകം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023 ലെ 3.1-ാം നമ്പർ തീരുമാനവും (SRG 852/23/ - CC / 358/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിയിൽ വീട്ടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

വാളകം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി സരള രാജൻ, ആൽപാറയിൽ 2020-ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിക്ക് 2006-07 ൽ വീട്ടു നിർമ്മിക്കുന്നതിന് 69,600 രൂപ ധനസഹായം നൽകിയിരുന്നു. കട ബാധ്യതയും രോഗവും മൂലം സ്ഥലവും വീട്ടും വിൽക്കേണ്ടി വന്നു. ഒരിക്കൽ ആനുകൂല്യം ലഭിച്ച എന്ന കാരണത്താൽ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നൊഴിവാക്കരുതെന്ന ആവശ്യം സംബന്ധിച്ച്. സ്വന്തമായി ഇവർക്ക് സ്ഥലമുണ്ട്. വീട്ടു മാത്രം മതി.

**തീരുമാനം:-** ഇപ്പോൾ സ്വന്തമായി സ്ഥലമുണ്ട് എന്നറിയിച്ചിട്ടുണ്ട്. വളരെ അത്യാവശ്യ സാഹചര്യത്തിലാണോ വീട്ടും സ്ഥലവും വിൽക്കേണ്ടി വന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സി.ഇ.ഒ, ലൈഫ് മിഷൻ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

4.26 <u>അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.06.2023 ലെ കത്തും അഞ്ചൽ ബ്ലോക്കുപഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 854/23/CC/352/23)**

**വിഷയം:-** IAY പദ്ധതി പ്രകാരം മിച്ചമുള്ള തുക 2023-24 വർഷം ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച്

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ IAY പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ 4,60,05,437 രൂപ ബാക്കിയുണ്ടായിരുന്നു. ഇതിൽ 4,44,96,023 രൂപ സർക്കാർ അനുമതിയോടെ 207 പേർക്ക് PMAY പദ്ധതിയ്ക്കായി ചെലവഴിച്ചു. ഇനിയും 15,09,414 രൂപ ബാക്കിയുണ്ട്. ഈ തുക 2022-23 സാമ്പത്തിക വർഷം അവസാനം കരാർ വച്ച് വീട്ടു പണി ആരംഭിച്ചവർക്ക് ത്രിതല പഞ്ചായത്തു വിഹിതമായി 2023-24 വർഷം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

4.27 <u>തലനാട് ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.06.2023 ലെ കത്തും തലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.04.2023 ലെ 9(1), 8(1) എന്നീ നമ്പറായുള്ള തീരുമാനങ്ങളും ഉള്ളടക്കം ചെയ്തിരിക്കുന്ന ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രവും (SRG 864/23/ - CC/348/23)**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

തലനാട് ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന രണ്ടു പേർ 2020-ലെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. എന്നാൽ ഇവർക്ക് ഇതിനു മുമ്പ് വീട്ടു നിർമ്മാണത്തിനു ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| **Sl.No** | **ഗുണഭോക്താവിന്റെ പേര്** | **IAY യിൽ വീട്ട അനുവദിച്ച വർഷം** | **അവസാന ഗഡു കൈപ്പറ്റിയ തീയതി** |
|---|---|---|---|
| 1 | ശ്രീ. റൂബിച്ചൻ, പഴയപറമ്പിൽ | 2011-12 | 09.09.2016 |
| 2 | ശ്രീമതി സിസിലിയാമ്മ, മരുതം കല്ലേൽ | 2012-13 | 26.05.2015 |

ഇവരുടെ വീടുകൾ 2018ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് വാസയോഗ്യമല്ലാതായി. ഈ വീടുകൾ വാസയോഗ്യമല്ല എന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വീട്ടു നിർമ്മാണത്തിനു മുമ്പ് ധനസഹായം നൽകിയതു പരിഗണിക്കാതെ ലൈഫ് പദ്ധതി പ്രകാരം ഇപ്പോൾ വീട്ടു നിർമ്മാണത്തിനു ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 2018-ൽ ഉണ്ടായ പ്രളയത്തെ തുടർന്നാണ് വീട് വാസയോഗ്യമല്ലാതായത് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സി.ഇ.ഒ, ലൈഫ് മിഷൻ**<br>2)**തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.28 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2023 ലെ കത്തും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31.12.2022 ലെ 3(1)-ാം നമ്പർ തീരുമാനവും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 14.03.2023 ലെ റിപ്പോർട്ടും (SRG 883/23 - CC/391/23).**

**വിഷയം:-** കാവനൂർ ഗ്രാമപഞ്ചായത്തിലെ അനങ്ങാപ്പുറം കുറ്റിപ്പുറം കോളനിയിൽ വീടിനോടനുബന്ധിച്ച സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** **108/23** | ***അടങ്കൽ*** | ***10,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | **അനങ്ങാപ്പുറം കുറ്റിപ്പുറം കോളനി മണ്ണുജലസംരക്ഷണം, കാവനൂർ ഗ്രാമപഞ്ചായത്ത്** | |

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കാവനൂർ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലുള്ള അനങ്ങമ്പ്ര എസ്.സി കോളനിയിൽ 35 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവരുടെ വീടുകൾ ചെങ്കുത്തായ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. പ്രളയം മൂലം പല വീടുകൾക്കും വിള്ളൽ സംഭവിച്ചിട്ടുണ്ട്. അതിനാൽ വീടുകളുടെ ബലക്ഷയം കൂടുന്നത് തടയുന്നതിനും മറ്റു വീടുകൾക്ക് ബലക്ഷയം സംഭവിക്കാതിരിക്കാനും ഓരോ വീടിന്റേയും ഭൂമി സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിനാണ് പ്രോജക്ട്. വ്യക്തിഗത സ്വഭാവമുള്ള ഭവന സുരക്ഷാ പദ്ധതി ആയതിനാൽ ബ്ലോക്കു പഞ്ചായത്തിൽ നിന്ന് ഈ നിർമ്മാണത്തിന് തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പട്ടികജാതി സങ്കേതത്തിലെ എല്ലാ വീടുകൾക്കും വേണ്ടി ആയതിനാൽ ഇതിനെ ഒരു പൊതു പരിപാടിയായി കാണണമെന്ന് യോഗം വിലയിരുത്തി. അതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.29 <u>കൈപറമ്പ് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2023 ലെ കത്തും കൈപറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.03.2023 ലെ 1(22) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 884/23 - CC/375/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ട നിർമ്മിക്കുന്നതിന് സഹായം നൽകുന്നതു സംബന്ധിച്ച്

കൈപറമ്പ് ഗ്രാമപഞ്ചായത്തിലെ ശ്രീരാമചന്ദ്രൻ ചിറക്കൽ വീട് എന്ന വ്യക്തി 2020-ലെ ലൈഫ് ഭവന ലിസ്റ്റിൽ (എസ്.സി) 23-ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിന് 2010-2011 ൽ ഭവന നിർമ്മാണത്തിന് 55,750 രൂപ നൽകിയിരുന്നു. എന്നാൽ വീടിന്റെ തറ മാത്രമേ നിർമ്മിച്ചുള്ളൂ. 55,750 രൂപയുടെ ബാധ്യത ഉള്ളതിനാൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുനിർമ്മാണത്തിന് ധനസഹായം നൽകാൻ കഴിയില്ല എന്ന് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. പലിശ ഒഴിവാക്കി തന്നാൽ 2010-11 ൽ കൈപ്പറ്റിയ 55,750 രൂപ തിരികെ അടയ്ക്കാമെന്ന് അപേക്ഷകൻ അറിയിച്ചിട്ടുണ്ട്. ശ്രീരാമചന്ദ്രന്റെ ഭാര്യ സ്ട്രോക് വന്ന് 8 മാസമായി തളർന്ന് കിടക്കുകയാണ്.

ഈ കുടുംബത്തിന്റെ ജീവിത സാഹചര്യം ബുദ്ധിമുട്ടുള്ളതായതിനാൽ 2010-11 ൽ നൽകിയ തുക കണക്കാക്കാതെ ലൈഫ് നിരക്കു പ്രകാരമുള്ള മുഴുവൻ തുകയും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സി.ഇ.ഒ. ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.30 <u>നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2023 ലെ Plg 1040/2022-23/DPC/DPO/ തിരു CC നമ്പർ കത്തും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.03.2023-ലെ കത്തും അനുബന്ധ രേഖകളും (SRG 1036/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിയിൽ വീട് അനുവദിക്കണമെന്നത് സംബന്ധിച്ച്.

ആനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി ആതിര എ, ചേലയിൽ വടക്കുംകര വീട് എന്ന വ്യക്തിക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ട അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ആതിരയുടെ പിതാവ് ലൈഫ് ഭവന പദ്ധതിയിൽ വീടിന് അപേക്ഷിച്ചിരുന്നു. എന്നാൽ 2020 ലെ കരട്ട ലിസ്റ്റിൽ ഉൾപ്പെട്ടില്ല. ഒന്നാംഘട്ട അപ്പീൽ സമയത്ത് ഈ വ്യക്തി ആശുപത്രിയിലായിരുന്നു. പിന്നീട്ട മരണപ്പെട്ടു. അതിനാൽ ശ്രീമതി ആതിരയുടെ അമ്മയെക്കൊണ്ടു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപ്പീൽ ഫയൽ ചെയ്യാനും അപ്പീൽ ചെയ്യുന്ന മുറയ്ക്ക് സർക്കാരിന്റെ അനുമതിയോടു കൂടിയോ ബ്ലോക്കു പഞ്ചായത്തു തലത്തിൽ തന്നെ പ്രത്യേക കേസായി പരിഗണിച്ചോ വിഷയം പരിഹരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ 09.02.2022 ൽ ഉത്തരവായിട്ടുണ്ട്. ഈ കുടുംബം ലൈഫ് മാനദണ്ഡ പ്രകാരം അർഹതയുള്ളതാണെന്ന് അറിയിച്ചുകൊണ്ട് ലൈഫ് മിഷൻ മുഖേന വീട്ട നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സി.ഇ.ഒ. ലൈഫ് മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.31 <u>ഉദയനാപുരം ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.07.2023 ലെ കത്ത് (SRG 1023 - CC/421/23).**

**വിഷയം:-** ലൈഫ് ലിസ്റ്റിൽ ഗുണഭോക്താവിനെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ 2022-ലെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ അപ്പീലുകൾക്കും പരിശോധനയ്ക്കും ശേഷം ആകെ 658 കുടുംബങ്ങളാണ് അർഹരായിട്ടുള്ളത്. പട്ടിക അന്തിമമാക്കിയപ്പോൾ ശ്രീ വാവ, അഞ്ചൊടിയൽ (അപേക്ഷ നം. Life/5/504/178125) എന്ന വ്യക്തി ക്ലറിക്കൽ പിഴവു മൂലം അനർഹരുടെ ലിസ്റ്റിൽ ആയി. ഈ വ്യക്തിയെ അർഹരുടെ ലിസ്റ്റിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സി.ഇ.ഒ. ലൈഫ് മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.32 <u>കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2023 ലെ കത്തും കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.2023 ലെ A4-489/23-ാം നമ്പർ കത്തും (SRG 956/23 - CC/456/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നൽകുന്നതു സംബന്ധിച്ച്.

i. ലൈഫ് ഭവനപദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഒന്നാം ക്രമ നമ്പറായുള്ള ശ്രീമതി സരസ്വതിയമ്മ, ചൂരക്കുറ്റിയിൽ എന്ന വ്യക്തി വിധവയും സംസാരശേഷിയും കേൾവി ശക്തിയും ഇല്ലാത്ത ആളുമാണ്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരം 25 സെന്റ് സ്ഥലമാണ് പരമാവധി ഉണ്ടാകാവുന്നത്. എന്നാൽ ഇവർക്ക് 0.222 സെന്റ് സ്ഥലം അധികമായുണ്ട്. ഇവർക്ക് വീടു നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

ii. ഇതേ ഗുണഭോക്തൃലിസ്റ്റിലുള്ള മറ്റൊരു ഗുണഭോക്താവായ ശ്രീ. കെ. രാജപ്പൻ, നെടുമ്പാല എന്ന വ്യക്തിക്ക് 25.2 സെന്റ് സ്ഥലമുണ്ട്. 0.2 സെന്റ് സ്ഥലം അധികമായുണ്ട്. ശ്രീ രാജപ്പനു വീടു നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** 1) മുകളിൽ ആദ്യം പറഞ്ഞ വ്യക്തി (ക്രമനമ്പർ i) ഗുണഭോക്തൃലിസ്റ്റിൽ ഒന്നാം പേരുകാരിയും വിധവയും സംസാരശേഷിയും കേൾവി ശേഷിയും ഇല്ലാത്ത വ്യക്തിയും ആയതിനാൽ പ്രത്യേക പരിഗണന നൽകി അനുമതി നൽകുന്നു.

2) ക്രമനമ്പർ രണ്ടിൽ പറയുന്ന വ്യക്തിക്ക് വീട്ടു നിർമ്മിക്കുന്നതിന് ധനസഹായം നൽകണമെന്ന ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.33 <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2023 ലെ കത്തും മലമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.05.2023 ലെ 13(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 952/23 – CC/436/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു നൽകുന്നതു സംബന്ധിച്ച്.

മലമ്പുഴ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലുള്ള ശ്രീമതി തങ്കമ്മ W/O(L) ശേഖരൻ മഠത്തിൽ വീട് എന്ന വ്യക്തിയുടെ വീട് 21.10.2022 ൽ ശക്തമായ മഴയിലും കാറ്റിലും തകർന്നുപോയി. തുടർന്ന് താമസിച്ചുകൊണ്ടിരുന്ന ഷെഡ് 11.02.2023 ന് വൈകിട്ട് അഗ്നിക്കിരയായി. വീട്ടുപകരണങ്ങൾ സഹിതം നശിച്ചു. ഇവർ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 291 ആയി ഉൾപ്പെട്ടിട്ടുണ്ട്. 71 വയസ്സുള്ള അപേക്ഷകയും മകനുമാണ് കുടുംബത്തിൽ താമസിക്കുന്നത്. നിലവിലെ ഇവരുടെ അവസ്ഥ പരിഗണിച്ച് ലൈഫ് ലിസ്റ്റിൽ മുൻഗണന നൽകി വീട്ടു നിർമ്മിക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** രണ്ടു ദുരന്തം നേരിട്ട കുടുംബമെന്ന നിലയിൽ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.34 <u>വടവുകോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്തുകളും (2 എണ്ണം) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പരിശോധന റിപ്പോർട്ടും (SRG 1067/23 – CC/498/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 77/24* | ***അടങ്കൽ*** | *71,00,000 രൂപ (എസ്.സി.പി)* |
| ***പേര്*** | **എസ്.സി വീടുകളുടെ അടുക്കള നവീകരണം** | |

വർഷങ്ങൾക്കുമുമ്പ് വീട്ടു ലഭിച്ചവർക്ക് നല്ല രീതിയിലുള്ള അടുക്കള നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചുകൊണ്ട് നൂതന പ്രോജക്ട് എന്ന നിലയിൽ അടുക്കള നവീകരണത്തിന് പ്രോജക്ട് എടുത്തിരിക്കുന്നു. ഒരു കുടുംബത്തിന് 1.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. അടുക്കള ടൈൽ ഇടൽ, കിച്ചൺ സ്ലാബുകൾ, ഗ്രാനൈറ്റ് ഇടൽ, കിച്ചൺ സിങ്ക്, കപ്പ് ബോർഡുകൾ, പെയിന്റിംഗ്, എൽ.ഇ.ഡി ട്യൂബുകൾ, വാതിൽ/ജനൽ പിടിപ്പിക്കൽ എന്നിവയാണ് പ്രവർത്തനമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് നൂതന പ്രോജക്ട് എന്ന നിലയിലാണ് എടുത്തിരിക്കുന്നത്. നൂതന ആശയം ഇല്ലാത്തതിനാലും വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള

പ്രോജക്ടായതിനാലും 01.07.2023 ലെ DLEC (നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല വിദഗ്ധ സമിതി) ഈ പ്രോജക്ടിന് അനുമതി നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം :-**

1) ആവശ്യം നിരസിച്ചു.

2) മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ 1.00 ലക്ഷം രൂപയും വീടു വാസയോഗ്യമാക്കാൻ 1.50 ലക്ഷം രൂപയും നൽകാൻ അനുമതിയുണ്ട്. ഈ പദ്ധതിയിൽപ്പെടുത്തി വീടിന്റെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാവുന്നതാണ്. വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി വേണം ധനസഹായം നൽകേണ്ടത്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.35 <u>ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2023 ലെ കത്തും ശ്രീമതി പാത്തുമ്മ ചാത്തോളി വീട് എന്ന വ്യക്തിയുടെ 22.05.2023 ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 28.04.2023 ലെ കത്തും (SRG 946/23 – CC/419/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

ശ്രീമതി പാത്തുമ്മ ചാത്തോളി വീട് എന്ന വ്യക്തി ലൈഫ് ഭവന ലിസ്റ്റിൽ ക്രമ നമ്പർ 12 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീമതി പാത്തുമ്മ ഉൾപ്പെടുന്ന റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തിക്ക് (അപേക്ഷകയുടെ സഹോദരൻ) സ്വന്തമായി വീടുണ്ട്. അതിനാൽ ഇവർക്ക് വീടു ലഭിക്കുന്നതിന് തടസ്സമുണ്ട്. 18.05.2023 ൽ നടന്ന കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിൽ ഈ വിഷയം പരിഹരിക്കണമെന്ന് അപേക്ഷക ആവശ്യപ്പെട്ടിരുന്നു. ലൈഫ് പദ്ധതി പ്രകാരം വീടു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സി.ഇ.ഒ. ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.36 <u>ചാഴൂർ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.08.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1135/23 – CC/540/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതിപ്രകാരം വീടു നിർമ്മിക്കാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ശ്രീമതി വള്ളിയമ്മ മലയാറ്റിൽ എന്ന വ്യക്തി മകനോടൊപ്പം കഴിഞ്ഞ 21 വർഷമായി ചാഴൂർ ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ മരിപ്പാടം പ്രദേശത്തു താമസിക്കുന്നു. ഇതിനു മുമ്പ് ചേർപ്പ് ഗ്രാമപഞ്ചായത്തിൽ എച്ച്.ബി കനാൽ പുറമ്പോക്കിലാണ് താമസിച്ചിരുന്നത്. പുറമ്പോക്ക് ഒഴിപ്പിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് ചേർപ്പ് ഗ്രാമപഞ്ചായത്തിൽ ഭൂമിവാങ്ങിയിരുന്നു. എന്നാൽ ഭൂമി വെള്ളകെട്ടുള്ള നിലമായതിനാൽ ഇവിടെ വീടു നിർമ്മാണം സാധ്യമല്ല. ശ്രീമതി വള്ളിയമ്മയുടെ മകനും ഭാര്യയും ആകസ്മികമായി മരണപ്പെട്ടു. പേരക്കുട്ടി ഇപ്പോൾ അനാഥമന്ദിരത്തിലാണ്. ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവനപദ്ധതിയിൽ ഇവർ ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉണ്ട്. ചേർപ്പ് ഗ്രാമപഞ്ചായത്തിലുള്ള

ഭൂമി സർക്കാർ ഏറ്റെടുത്തുകൊണ്ട് ശ്രീമതി വള്ളിയമ്മയ്ക്ക് ചാഴൂർ ഗ്രാമപഞ്ചായത്തിൽ ഭൂമി വാങ്ങി വീടുവയ്ക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.37 <u>പെരിങ്ങമല ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2023, 10.08.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 24.02.2023 ലെ 814/2022-ാം നമ്പർ ഉത്തരവും അനുബന്ധരേഖകളും (SRG 1137/23 – CC/444/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

പെരിങ്ങമല ഗ്രാമപഞ്ചായത്തിലെ ശ്രീമതി സുജന, ഭദ്ര ഭവൻ, ഇലഞ്ചിയം എന്ന വ്യക്തി ലൈഫ് ലിസ്റ്റിലുണ്ട്. (ലൈഫ് ID – Life /1/253/916659) ഇവരുടെ വീടു വാസയോഗ്യമായതിനാൽ ഇവർ ഇപ്പോൾ അനർഹരുടെ പട്ടികയിലാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 15.12.2022 ലെ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ വീടു പരിശോധിച്ചു. ഇവരുടെ വീട് കാലപ്പഴക്കം മൂലം വാസയോഗ്യമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അപ്പീൽ നൽകിയിട്ടുണ്ട്. സമയബന്ധിതമായി അപ്പീൽ തീർപ്പ് കൽപ്പിച്ച് ഉത്തരവു വാങ്ങി പരാതി നൽകിയ വ്യക്തിക്ക് വീട് നൽകി റിപ്പോർട്ട് നൽകണമെന്ന് 24.02.2023ൽ ബഹു. ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി സുജനയെ അർഹതാ പട്ടികയിൽ ഉൾപ്പെടുത്തി വീടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.38 <u>കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 1167/23 – CC/493/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാലു ഗുണഭോക്താക്കൾ യഥാസമയം ലൈഫ് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിരുന്നില്ല. ഈ വിഷയം 27.05.2023 ൽ നടന്ന 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ വന്നിരുന്നു. അദാലത്തിൽ പരിഗണിച്ച വിഷയം എന്ന നിലയിൽ ഇവരെ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

1) ശ്രീ മോഹൻ.കെ, പുളുവിഞ്ചി വീട്, കരിവേടകം
2) ശ്രീമതി ഓമന.സി, കക്കച്ചാൽ, ബന്തടുക്ക
3) ശ്രീ ശങ്കരൻ, കക്കച്ചാൽ ഹൗസ്, ബന്തടുക്ക
4) ശ്രീമതി രോഹിണി. എച്ച്, കക്കച്ചാൽ ഹൗസ്, ബന്തടുക്ക

**തീരുമാനം :-** ഇവരുടെ അർഹത സംബന്ധിച്ച് പരിശോധിച്ച റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.39 <u>കേളകം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.07.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 941/23 – CC/427/2023).**

**വിഷയം:-** അതിദരിദ്ര വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് ലൈഫ് പദ്ധതിപ്രകാരം വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.

കേളകം ഗ്രാമപഞ്ചായത്തിൽ അതിദരിദ്രരുടെ പട്ടികയിൽ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരിൽ വീടു മാത്രം വേണ്ടവർ, വീടും സ്ഥലവും വേണ്ടവർ എന്നിങ്ങനെയുള്ളവരുടെ പട്ടിക ലൈഫ് മിഷൻ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ലൈഫ് മിഷന് പട്ടിക നൽകി. എന്നാൽ ഇങ്ങനെ ലിസ്റ്റു നൽകിയപ്പോൾ ഭൂമിയുള്ള ഭവനരഹിത വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതും അതിദരിദ്രരുടെ ലിസ്റ്റിലുള്ളതുമായ ശ്രീ രവീന്ദ്രൻ, പള്ളിപ്പാട്, പൊയ്യമല എന്ന വ്യക്തിയുടെ പേര് ഒഴിവായി. ഈ വ്യക്തിയെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** മുകളിൽ പറഞ്ഞ വ്യക്തിയുടെ മൈക്രോ പ്ലാനിൽ വീട് ആവശ്യമുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ വ്യക്തിയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സി.ഇ.ഒ, ലൈഫ് മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.40 <u>പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**ബഹു ചീഫ് വിപ്പിന്റെ 08.06.2023 ലെ 199/GCW/2023–ാം നമ്പർ കത്തും പാമ്പാടി ബ്ലോക്ക പഞ്ചായത്ത് 13–ാം വാർഡു മെമ്പറുടെ 20.04.2023 ലെ കത്തും (SRG 907/23).**

**വിഷയം:-** മണർകാട് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത വീടുകൾക്ക് പെയിന്റിംഗ് ചെയ്യുന്നത് സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളടക്കം വിവിധ ധനസഹായത്തോടെ ലഭിച്ച വീടുകൾ പെയിന്റ് ചെയ്യുന്നതിന് കഴിഞ്ഞവർഷം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോ.നം. 73/2023 – ആകെ അടങ്കൽ 3,15,000 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3.00 ലക്ഷം രൂപ, മണർക്കാട് ഗ്രാമപഞ്ചായത്ത് വിഹിതം 15,000 രൂപ). മണർക്കാട് ഗ്രാമപഞ്ചായത്തിലെ 21 കുടുംബങ്ങൾക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 15,000 രൂപ നൽകാനാണ്

ഉദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷത്തെ ഈ പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. ഈ പ്രോജക്റ്റിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.41 <u>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്</u>**

**ബഹു.ഉടുമ്പൻചോല എം.എൽ.എയുടെ 16.08.2023 ലെ കത്തും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2023 ലെ A1-8258/23-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ലെ യോഗ തീരുമാനവും ഖണ്ഡിക 4.50 (SRG 1147/23).**

**വിഷയം:-** സ്പോർട്സ് ഹോസ്റ്റലിന് വാടക നൽകുന്നതു സംബന്ധിച്ച്.

നെടുങ്കണ്ടത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ജൂഡോ, ആർച്ചറി, അത് ലറ്റിക്സ് എന്നിവയ്ക്കായി ഒരു സ്പോർട്സ് ഹോസ്റ്റൽ 15 വർഷമായി പ്രവർത്തിച്ചുവരുന്നു. കെട്ടിടങ്ങളും മറ്റ പശ്ചാത്തല സൗകര്യങ്ങളും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ഹോസ്റ്റൽ അനുവദിച്ചത്. നെടുങ്കണ്ടം കേന്ദ്രമായി അനുവദിച്ച സ്പോർട്സ് ഹോസ്റ്റൽ ഇതിനു മുമ്പ് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് താത്കാലികമായി അനുവദിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. കൊവിഡിനെ തുടർന്ന് താത്കാലികമായി അടച്ച സ്പോർട്സ് ഹോസ്റ്റൽ കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പിന്നീട് ആരോഗ്യവകുപ്പിനു കൈമാറി.

ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വന്തമായി കെട്ടിടം വാടകയ്ക്ക് എടുത്ത് ഹോസ്റ്റൽ നടത്തിപ്പിനു നൽകി. പ്രതിമാസം 65,000 രൂപയാണ് വാടക. 5 ശതമാനം ഓരോ വർഷവും വർദ്ധനവു നൽകണം. 2021-22 ൽ വാടകയ്ക്കും അനുബന്ധചെലവിനും 10.00 ലക്ഷം രൂപ വിനിയോഗിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. തുടർന്നും ഹോസ്റ്റലിന്റെ വാടക നൽകാൻ 10.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെടുകയും 3.07.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി 2022-23 ലെ വാടക നൽകാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ 2022-23 ലെ വാടകയല്ല 2023-24 ലെ വാടക നൽകാനാണ് അനുമതി വേണ്ടതെന്ന് അറിയിച്ചുകൊണ്ട് കത്തു നൽകിയിരിക്കുന്നു. വാടക നൽകാനായി 10.00 ലക്ഷം രൂപയുടെ പ്രോജക്റ്റിന് (Project Number 112/24) ഈ വർഷം ജില്ലാ ആസൂത്രണ സമിതി അനുമതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 2023-24 -ലെ വാടക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**

**1)** ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടപോലെ 2022-23 വർഷം എന്നതിനു പകരം 2023-24 വർഷത്തെ വാടക നൽകുന്നതിന് അനുമതി നൽകുന്നു.

**2)** എന്നാൽ ഇനിയുള്ള വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വാടക നൽകാവുന്നതല്ല എന്നും സ്പോർട്സ് കൗൺസിലിൽ നിന്ന് വാടക നൽകുന്നതിന് ഗ്രാമപഞ്ചായത്തു സെക്രട്ടറി നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ്** |

## 4.42 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാന്റെ 21.07.2023 ലെ കത്ത് (SRG 1055/23)**

**വിഷയം:-** യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങുന്നതു സംബന്ധിച്ച്.

സംസ്ഥാനസർക്കാർ സ്ഥാപനമെന്ന നിലയിൽ ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്ന് എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങുന്നതിന് 31.08.2018 ലെ 2330/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി ഉണ്ട്. തിരുവനന്തപുരം കോർപ്പറേഷനും കൊല്ലം കോർപ്പറേഷനും ഈ ഉത്തരവനുസരിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്ന് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നില്ല എന്നറിയിച്ചിരിക്കുന്നു. എന്നാൽ മറ്റ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ സ്ഥാപനത്തിൽ നിന്നും തെരുവുവിളക്കുകൾ വാങ്ങുന്നുണ്ട്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകൾക്ക് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകളും മറ്റും വാങ്ങാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** തിരുവനന്തപുരം, കൊല്ലമടക്കമുള്ള തദ്ദേശഭരണസ്ഥാപനങ്ങളോട് ഈ സ്ഥാപനത്തിൽ നിന്നു തന്നെ ഈ ഉപകരണങ്ങൾ വാങ്ങണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുന്നത് ഉചിതമല്ല എന്ന് യോഗം വിലയിരുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

## 4.43 Assert Farming Solution Pvt. Ltd.

**Assert Farming Solution Pvt. Ltd. മാനേജിംഗ് ഡയറക്ടറുടെ 09.08.2022 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗ തീരുമാനവും ഖണ്ഡിക 2.3 - 4.1) (SRG 833/23)**

**വിഷയം:-** സ്റ്റാർട്ടപ്പ് കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉല്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 05.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 50 ലക്ഷം രൂപവരെയുള്ള എല്ലാതരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ചൂണ്ടി കാണിച്ച് ASERT - ൽ നിന്നും ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ ഈ ഉത്തരവു ബാധകമാക്കണമെന്ന് ASERT ആവശ്യപ്പെട്ടിരുന്നു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ASERT മരുന്ന് ഉല്പാദിപ്പിക്കുന്നില്ലെന്നും വിതരണക്കാർ മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒപ്പം ASERT എന്ന സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് ഇല്ലെന്നും മറ്റ കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ വില്പന ഏജൻസി മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ 14.02.2023 ലെ യോഗത്തിൽ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ASERT Farming Solution Pvt. Ltd ന്റെ ആവശ്യം 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചു.

എന്നാൽ ഡ്രഗ് ലൈസൻസ് ASERT ന് ഉണ്ടെന്നും ഇതടക്കമുള്ള രേഖകൾ മൃഗസംരക്ഷണവകുപ്പിനു നൽകിയിട്ടുണ്ടെന്നും കമ്പനി അറിയിച്ചിരിക്കുന്നു. ഡ്രഗ് ലൈസൻസിന്റെയടക്കമുള്ള രേഖകളുടെ കോപ്പി കോഓർഡിനേഷൻ കമ്മിറ്റിയുടെ

അറിവിലേയ്ക്കും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ടെണ്ടർ കൂടാതെ ASERT Farming Solution Pvt. Ltd ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-**

1) 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തവിന്റെ തുടർച്ചയായി 22.05.2023 ലെ GO(P)No. 5/2023/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് വ്യക്തതവരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ ASERT ന്റെ ആവശ്യം മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി നിരസിച്ച സ്ഥിതിക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ ASERT ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ട്.

2) മൃഗസംരക്ഷണവകുപ്പ് വസ്തുതകൾ മറച്ച് വച്ച് തെറ്റായ വിവരങ്ങൾ മനഃപൂർവ്വം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയെന്ന് ASERT അറിയിച്ച സ്ഥിതിക്ക് രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ<br>2) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**യോഗം വൈകുന്നേരം 6.00 മണിക്ക് അവസാനിച്ചു**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് റൂറൽ
5. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ് (പ്രതിനിധി)
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
11. മിഷൻ ഡയറക്ടർ, MGNREGS
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
15. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, ഐ.എച്ച്. ആർ.ഡി
18. മാനേജിംഗ് ഡയക്ടർ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
19. ഡയറക്ടർ, മണ്ണ് പരിവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് (പ്രതിനിധി)
20. ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കേരള ഖരമാലിന്യ പരിപാലന പദ്ധതി ( KSWMP)